Reg. M. No' 2293

ഒരെപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 കന്നി 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ഒക്ടോബർ 7 | ലക്കം ൪

## നമ്മുടെ ജാത്യാഭിമാനത്തിനാവശ്യം

(വി. സി. ജോർജ്ജ് ബി. എ. എൽ. ടി.)

അടുത്തദിവസം ഒരു വിദേശവർത്തമാനപ്പത്രത്തിൻെറ ഒരു ലക്കത്തിൽ തന്നെ പരേതരായ രണ്ടു മഹാന്മാരുടെ ഭൗതീകാവശിഷ്ടങ്ങൾ ആദ്യത്തെ സംസ്കാരസ്ഥാനങ്ങളിൽനിന്നു മാററി കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഇടങ്ങളിൽ പുനഃസ്ഥാപിക്കുന്നതിനുള്ള ഉദ്യമങ്ങളെപ്പററി വായിക്കുകയുണ്ടായി പ്രസ്തുതമഹാന്മാർ ആദ്ധ്യാത്മികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ യഥാക്രമം പ്രാഗത്ഭ്യപൂർവ്വം പ്രവർത്തിച്ചു. ഇവരിൽ നീൽസ് സ്റ്റെൻസൻ (Niels Stensen) പതിനേഴാം ശതാബ്ദത്തിൽ ജീവിച്ച ഒരു കത്തോലിക്കമെത്രാനായിരുന്നു. അദ്ദേഹം അകത്തോലിക്കക്രിസ്ത്യാനിയായി ജനിച്ചു് ഒരു സുപ്രസിദ്ധഭിഷഗ്വരനും ശരീരശാസ്ത്രപണ്ഡിതനുമായി ജീവിച്ചുവരവേ കത്തോലിക്കസഭയുടെ അധികാരാവകാശങ്ങളെ ഗ്രഹിച്ചു് അതിൽ പ്രവേശിക്കുവാനിടയായതാണു്. അദ്ദേഹം പിൽക്കാലം ജീവിതശുദ്ധി, വിശ്വാസനൈർമ്മല്യം ഇത്യാദിഗുണവിശേഷങ്ങൾമൂലം പ്രഖ്യാതനായി. ഹാനോവർ ആസ്ഥാനമാക്കി ഉത്തരജർമ്മനി, സ്കാണ്ഡിനേവിയാ എന്നീ ദേശങ്ങളിലെ വികാരി അപ്പസ്തോലിക്കയായി ഭരണം നടത്തി. അദ്ദേഹത്തിൻെറ മൃതശരീരം ഫ്ളോറൻസിലെ സാൻലൊറെൻസോ ബസിലിക്കയിലാണു് സംസ്കരിക്കപ്പെട്ടതു്. ബസിലിക്കായിൽത്തന്നെ മനോഹരമായ ഒരു ചൈത്യം പണിയിച്ചു് മെത്രാൻെറ പൂജ്യാവശിഷ്ടങ്ങൾ അതിൽ നിക്ഷേപിക്കണമെന്നാണു് തീരുമാനിച്ചിരിക്കുന്നതു്. ഇതുസംബന്ധിച്ച ആഘോഷങ്ങൾ ഇററലിയിലെ ഫ്ളോറൻസ് നഗരത്തിലാണു് നടക്കുന്നതെങ്കിലും അവയിൽ സംബന്ധിക്കുവാൻ ഹോളണ്ടു്, സ്വീഡൻ, നോർവെ ഇത്യാദി വിദൂരരാജ്യങ്ങളിൽനിന്നു ഒട്ടുവളരെ തീർത്ഥകർ സന്നിഹിതരായിരിക്കുമെന്നാണു് പത്രവാർത്ത.

ഒരു ഐറിഷ് രാഷ്ട്രീയപ്രവർത്തകൻെറ പ്രേതാസ്ഥികൾ ഇപ്പോൾ ലണ്ടനിൽ വിശ്രമിക്കുന്നുണ്ടു്. അവയെ അയർലണ്ടിൽ കൊണ്ടുചെന്നു് അവിടെ സമുചിതമായ ഒരു മണ്ഡപത്തിൽ സ്ഥാപിക്കുന്നതിനുള്ള ഉദ്യമങ്ങളെപ്പററിയും പ്രസ്താവംകണ്ടു. അയർലണ്ടു് മുഴുവനും ഒരുകാലത്തു ബ്രിട്ടീഷ്കാരുടെ വിദേശമേധാവിത്വത്തിനു് വിധേയമായിരുന്നു. വിദേശീതിരസ്കരണത്തിനും ഐറിഷ് സ്വാതന്ത്ര്യത്തിനും വേണ്ടി ഒട്ടുവളരെ യുദ്ധങ്ങളും ധാരാളം രക്തംചൊരിച്ചിലും ഉണ്ടായിട്ടുണ്ടു്. ഇന്നാകട്ടെ, ആറു കൗണ്ടികൾ ഉൾക്കൊള്ളുന്ന ഉത്തര അയർലണ്ടു് ബ്രിട്ടീഷ് മേൽക്കോയ്മയെ അനുസരിച്ചും സ്വാതന്ത്ര്യഭരണം ആസ്വദിക്കാതെയും കഴിയുന്നുണ്ടെങ്കിലും അയർലണ്ടിൻെറ രണ്ടു വിഭാഗങ്ങളിലും സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ടു ജീവിതാർപ്പണം നിർവ്വഹിച്ച വീരാത്മാക്കളെ ആരാധിക്കുന്നവർ അനേകായിരമുണ്ടു്. അവരിൽ പതിനായിരത്തോളം സമ്മേളിച്ച ഒരു മഹായോഗത്തിൽ ഐറിഷ് ദേശാഭിമാനികൾ റോജർ കെയിസ്മെൻറിൻെറ (Roger Casement) മൃതാവശിഷ്ടങ്ങൾ അവയുടെ ഇപ്പോഴത്തെ സ്ഥാനത്തുനിന്നു് മാററി അസ്വതന്ത്ര അയർലണ്ടിൽ ഉൾപ്പെടുന്നതും കെയിസ്മെൻറിൻെറ ബാല്യകാലജീവിതത്തെ അനുസ്മരിപ്പിക്കുന്നതുമായ ആൻട്രിമിലേക്കു് (Antrim) മാററുന്നതിൽ ഉൽസുകരായിരിക്കണമെന്നു മിസ്റ്റർ ദിവലീറാ ഉൽബോധനം നൽകുകയുണ്ടായി. കെയിസ്മെൻറു് സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ടതിനാൽ ബ്രിട്ടീഷധികാരികളാൽ വധശിക്ഷയ്ക്കു് വിധിക്കപ്പെട്ടു. ലണ്ടനിലെ പെൻറൻവിൽ കാരാഗൃഹത്തിൽവെച്ചു വധിക്കപ്പെടുകയും മൃതശരീരം അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. കെയിസ്മെൻറു് സ്മാരകകമ്മിററിയുടെ ആഭിമുഖ്യത്തിൽ മൃതാവശിഷ്ടസ്ഥലംമാററത്തിനുള്ള ഉദ്യമങ്ങൾ ഊർജ്ജിതത്തിൽ നടക്കുന്നുവെന്നു ദിവലീറായും ഒട്ടുവളരെ ഐറിഷ് നേതാക്കന്മാരും പാർളിമെൻറു് സാമാജികന്മാരും സംബന്ധിച്ച പ്രസ്തുത മഹായോഗത്തിൻെറ വിജയത്തിൽനിന്നു മനസ്സിലാക്കാം.



ശരീരോത്ഥാനം (മത്തായി 24: 30—31)

സ്റ്റെൻസൻ മെത്രാൻെറയും റോജർകെയിസ്മെൻറിൻെറയും ചരമാനന്തരം ശതവർഷങ്ങളും വ്യാഴവട്ടങ്ങളും കഴിഞ്ഞിട്ടും അവരുടെ ഭൗതീകാവശിഷ്ടങ്ങൾ സംപൂജ്യമായി സംരക്ഷിക്കുന്നതിനും തന്മൂലം ആ മഹാരഥന്മാർ ജീവിതദശയിൽ എന്തെല്ലാം ആദർശങ്ങൾക്കും ആശയവിശേഷങ്ങൾക്കുംവേണ്ടി വിഘ്നങ്ങളെയും പ്രയാസങ്ങളെയും തൃണവൽക്കരിച്ചു ലക്ഷ്യപ്രാപ്തിക്കായി പുരോഗമിച്ചുവോ അതേ ആദർശങ്ങളും ആശയവിശേഷങ്ങളും ഇദാനീന്തനന്മാരിൽ പ്രബലീകൃതങ്ങളായി കാണുന്നതിനും ഹോളണ്ടു്, സ്കാണ്ഡിനേവിയാ, ജർമ്മനി, ഇററലി, അയർലണ്ടു് എന്നീ രാജ്യവാസികൾ വമ്പിച്ചതോതിൽ പരിശ്രമിക്കുന്നുവെന്ന പശ്ചാത്തലം ആസ്പദമാക്കി ചിന്തിക്കുമ്പോൾ "ജൂബിലിക്കു മകുടംചാർത്തൽ" ലക്ഷ്യമാക്കി ഏതാനും മാസങ്ങൾക്കുമുമ്പു് സമുദായാഭിമാനത്താൽ പ്രേരിതനായി വന്ദ്യ ദിവ്യശ്രീ മോൺ. ജോൺ കച്ചിറമററം ചെയ്ത ആഹ്വാനം മലങ്കരക്രൈസ്തവസമുദായാംഗങ്ങളെ വേണ്ടവിധം ഉൽബുദ്ധരാക്കിയിട്ടില്ലെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ അനശ്വരപ്രഭാപൂരിതമായ ജൂബിലിമഹം 1952-ൽ ആയിരുന്നുവല്ലോ. ഭാരത ക്രൈസ്തവസമൂഹത്തെ ആസകലം ആനന്ദാതിരേകത്താൽ പുളകിതമാക്കിയ ആ മഹാസംഭവത്തിനുശേഷം ആണ്ടുകഴിഞ്ഞിട്ടും മകുടനിർമ്മാണത്തിൽ നാം ഏർപ്പെട്ടിട്ടില്ലായെന്നുവരുന്നതു് ഒട്ടും ആശാസ്യമല്ലതന്നെ. നാം ആഘോഷിച്ച ജൂബിലി നമ്മുടെ പിതാവു് മാർ തോമ്മാശ്ലീഹായുടെ കേരളപ്രവേശത്തെയും ഭാരതത്തിൻെറ ദ്വിതീയ അപ്പസ്തോലനായ വി. ഫ്രാൻസീസ് സേവ്യറിൻെറ ചരമത്തെയും അനുസ്മരിച്ചായിരുന്നു. കേരളത്തിൽ ഇദംപ്രഥമമായി സുവിശേഷഘോഷണം നടത്തി മാർ തോമ്മാശ്ലീഹാ ക്രൈസ്തവവിശ്വാസത്തിനു് ബലിഷ്ഠമായ അടിസ്ഥാനമിട്ടു. പ്രസ്തുതവിശ്വാസത്തിനു് നവചൈതന്യം നൽകുകയായിരുന്നു ഫ്രാൻസീസ് സേവ്യറുടെ കർത്തവ്യം. ഇരുവരും ഇന്നാട്ടിൽ അനേകായിരങ്ങളെ ജ്ഞാനസ്നാനപ്പെടുത്തിയെന്നുള്ളതു് കേരളക്കരയ്ക്കു അത്യധികം അഭിമാനകരമായ ഒരു ചിന്തയാണു്. മിശിഹായ്ക്കു വേണ്ടി മാർതോമ്മാ രക്തംചൊരിഞ്ഞു് വേദസാക്ഷിപട്ടം കരസ്ഥമാക്കിയെങ്കിൽ വിശുദ്ധ ഫ്രാൻസീസ് രക്തഹീനമായ വേദസാക്ഷിമുടിയാണു് ചൂടിയതു്. ക്ഷുൽപിപാസാപീഡിതനായി അദ്ദേഹം സാൻഷിയൻ ദ്വീപിൽ കിടന്നു ചരമമടയുവാനിടയായതു ചൈനാവങ്കരയിലെ ജനതതിക്കു ക്രിസ്തുവിൻെറ സുവിശേഷം അറി

യിക്കണമെന്നുള്ള തൃഷ്ണയുടെ ഫലമായിട്ടുമാത്രമായിരുന്നു. മിശിഹായുടെ ശുദ്ധശരീരമായ സഭയ്ക്കു് കേരളത്തെ സംബന്ധിച്ചിടത്തോളം പററിയ ക്ഷതം പരിഹരിക്കുന്നതിനായി ഒരുവിധത്തിൽ രക്തഹീനരക്തസാക്ഷിത്വം വരിച്ച വീരനായിരുന്നു കരിയാററിൽ ജോസഫ് മെത്രാപ്പോലീത്താ. പൗരസ്ത്യവാസനയും പാശ്ചാത്യപരിശീലനവും അദ്ദേഹത്തിൽ ഒത്തിണങ്ങി മനം കുളിക്കുന്നവിധം പ്രശോഭിച്ചു. കേരളക്രൈസ്തവസഭയുടെ ഐക്യത്തിനും ദാർഢ്യത്തിനും വേണ്ടി അദ്ദേഹത്തോടൊപ്പം ക്ലേശിക്കുകയും സഹിക്കുകയും ചെയ്തിട്ടുള്ള വേറൊരു കേരളക്രൈസ്തവൻ ഉണ്ടായിട്ടില്ലെന്നു പറയാം. റോമയിൽ സർവ്വകലാശാലാഭ്യസനം നടത്തി തത്വശാസ്ത്രം, ദൈവശാസ്ത്രം മുതലായ വിഷയങ്ങളിൽ ഉന്നതബിരുദങ്ങൾ സമ്പാദിച്ചു്, സ്വദേശത്തു മടങ്ങി വൈദികപാഠശാലയിൽ അദ്ധ്യക്ഷപദം അലങ്കരിക്കവേയാണു് കേരളീയസുറിയാനിക്കാരുടെ ഇടയിൽ അന്നുണ്ടായിരുന്ന പുത്തൻകൂർ—പഴയകൂർ പിളപ്പു തീർക്കുവാനുള്ള ഉദ്യമത്തിൽ പുത്തൻകൂററിലെ ആറാം മാർത്തോമ്മാ മെത്രാന്റെ ആഗ്രഹപ്രകാരം ഡോക്ടർ കരിയാററിൽ വീണ്ടും ശീമയാത്ര കഴിച്ചതു്. അദ്ദേഹം ശീമയാത്രയല്ല, ഒരു ആഗോളസഞ്ചാരമാണു് നടത്തിയതെന്നു പറയാം. യൂറോപ്പു്, ആഫ്രിക്ക, അമേരിക്ക എന്നീ ഖണ്ഡങ്ങളിൽ സഞ്ചരിച്ചശേഷമാണു് അദ്ദേഹം സിറിയൻ പുനരൈക്യം ഉദ്ദേശിച്ച നടത്തിയ വിദേശപര്യടനംകഴിഞ്ഞു ഭാരതത്തിൽ മടങ്ങിയെത്തിയതു്.

ചിന്നപട്ടണത്തിൽ ചെന്നു് കപ്പലിൽ യാത്രചെയ്യാനുള്ള അനുവാദം അധികാരികളിൽനിന്നു് സമ്പാദിച്ചതുതന്നെ വളരെ പണിപ്പെട്ടായിരുന്നു. "നിങ്ങൾ കൊണ്ടുപോകയില്ലെന്നു നിശ്ചയിച്ചാൽ വാച്ചുനാളായിട്ടും കാൽനടക്കു എങ്കിലും പറങ്കിനാട്ടിൽ വരുവാൻ ഭാവിച്ചിരിക്കുന്നു" എന്നു് ഡോക്ടർ കരിയാററിൽ കപ്പലധികാരികളോടു പറഞ്ഞതിൽനിന്നു് അദ്ദേഹത്തിനു് ഉദ്ദേശസിദ്ധിക്കായുണ്ടായിരുന്ന സഹനസന്നദ്ധത എത്രമാത്രമായിരുന്നുവെന്നു് നമുക്കു മനസ്സിലാക്കാം. ആറാം മാർ തോമ്മാമെത്രാന്റെയും തദധീനരായിരുന്ന പുത്തൻകൂററുകാരുടെയും പുനരൈക്യം സാധിക്കുവാൻ ആലങ്ങാട്ടു് പാർത്തിരുന്ന സല്ലേസ് എന്ന ലത്തീൻമെത്രാൻ അനുകൂലിച്ചില്ലെങ്കിൽ "ഒരു ശങ്ക വേണ്ടാ ഇനി ഒരിക്കൽ അങ്ങെ പ്രതി എന്റെ ആയുസ്സു് തമ്പുരാനു പൂജിച്ച റോമായിലോളം വീണ്ടും ചെന്നിട്ടും കാര്യം സാധിപ്പാനുള്ളതിനു് ആകുന്നത പ്രയത്നം ചെയ്യുന്നുണ്ടെന്നു" കരിയാററിൽ മല്പാൻ മാർ തോമ്മാ മെത്രാനു് ഉറപ്പുകൊടുത്തുവെന്നു് പാറെമ്മാക്കൽ ഗോവർണ്ണദോർ പ്രസ്താവിക്കുന്നതും സ്മരണീയമാണു്. കപ്പൽയാത്രയിലുണ്ടായ ബുദ്ധിമുട്ടുകളെ സഹസഞ്ചാരിയായ ഗോവർണ്ണദോർ പല അവസരങ്ങളിലും വിസ്തരിച്ചിട്ടുണ്ടു്. പതിനഞ്ചുദിവസത്തെ കപ്പൽയാത്രയ്ക്കുശേഷം "മല്പാന്റെ കാലിന്മേലും കൈമേലും ഉള്ള ചൊറിയുടെയും ചിരങ്ങിന്റെയും പെരുപ്പം പറഞ്ഞാൽ ഒപ്പിച്ചുകൂടാ. രാത്രി ഒക്കയും ചൊറിയുടെ കഠിനംകൊണ്ടു ഒരു തെല്ലുപോലും കണ്ണുകൂട്ടാതെ കപ്പലിന്റെമീതെ ലാത്തിനടന്നു നമസ്കരിക്കുമാറായിരുന്നു. വിശേഷിച്ചും കാലിന്റെ മുട്ടിന്മേലുള്ള ചിരങ്ങിന്റെ പെരുപ്പവും പഴുപ്പുംകൊണ്ടു രണ്ടു ലെസ ഒരുമിച്ചു മടക്കി മുട്ടിന്മേൽ വച്ചുകെട്ടിയാൽ നേരം വെളുക്കുന്നതിന്നിടയിൽ ആയതൊക്കയും നനഞ്ഞൊലിച്ചുപൊകുമാറും ആയിരുന്നതുമൊഴികെ കയ്യിന്മെലുണ്ടായ ചിരങ്ങിന്റെ പെരുപ്പംകൊണ്ടു രണ്ടു കയ്യും വീങ്ങി തടിച്ചു" എന്നിങ്ങനെ ഒരു ഭാഗം കാണുന്നു. ഗുഡ്ഹോപ്പു് മുനമ്പിൽ ചെന്നപ്പോൾ മല്പാന്റെ ദേഹത്തു് നീരു വർദ്ധിക്കുകയും വിനാവിളംബം മരിച്ചേക്കുമെന്നു വൈദ്യൻ അഭിപ്രായപ്പെടുകയും ചെയ്തു. അപ്പോഴാകട്ടെ, താനു മരിക്കുന്നതിലല്ല മല്പാനു് വ്യസനമുണ്ടായതു്, തന്റെകൂടെയുണ്ടായിരുന്ന കത്തനാർ തുടങ്ങിയവർ യൂറോപ്പിലെത്തുമ്പോൾ ഭാഷയുംമാറും പരിചയമില്ലാതെ വിഷമിക്കേണ്ടിവരുമെന്നു ചിന്തിച്ചതിലാണു്. തെക്കെ അമേരിക്കയിലെ ബ്രസ്സീൽരാജ്യത്തു ആദ്യമായി സുറിയാനിയിൽ കുർബാന ചൊല്ലിയതു നമ്മുടെ മല്പാനും കൂട്ടുകാരൻ പാറെമ്മാക്കൽ കത്തനാരും ആയിരുന്നുവെന്നു് ഇവിടെ സൂചിപ്പിക്കേണ്ടതുണ്ടു്. ഇവർ പോർട്ടുഗലിലും റോമിലും മററു യൂറോപ്യൻ നഗരങ്ങളിലും സുറിയാനിയിൽത്തന്നെ കുർബാനചൊല്ലിയിരുന്നു. ബ്രസ്സീലിലെ ലത്തീൻറീത്തുമെത്രാൻ ലത്തീൻ റീത്തിൽ ഇവർ കുർബാനചൊല്ലത്തക്കവണ്ണം ആവശ്യമായ ഒത്താശകൾ ചെയ്യാമെന്നു വാഗ്ദാനംചെയ്തുവെങ്കിലും സുറിയാനിപ്രണയികളായ മല്പാനും കത്തനാരും ആ ആലോചനയെ സ്വാഗതംചെയ്തില്ല.

ഈ സുറിയാനിപ്രണയികൾക്കു മാർപ്പാപ്പായുമായി ലഭിച്ച സന്ദർശനത്തിന്റെ വിവരം "വർത്തമാനപ്പുസ്തക"ത്തിൽ ഇപ്രകാരം സംഗ്രഹിച്ചിരിക്കുന്നു: "ഞങ്ങൾ അകത്തു കടപ്പാനായിട്ട മുറിയുടെ വാതുക്കൽ ചെന്നപ്പോൾ മൻസിഞ്ഞോർ അകത്തുനിന്നു പുറപ്പെട്ടു ഞങ്ങളെ കൈക്കൊണ്ടകത്തു കടത്തിയപ്പോൾ ഈ മുറിയൊക്കയും വിരവാളിപ്പട്ടുകൊണ്ടു ചമയിച്ചിരിക്കുന്നതും ഈ മുറിയുടെ വാതിൽപുറത്തുള്ള കസേരമേൽ മാർപ്പാപ്പാ ഇരിക്കുന്നതും തന്റെ മുന്നയുള്ള മേശമേൽ വെള്ളികൊണ്ടുള്ള രണ്ടു മെഴുകുതിരിക്കാലുകളിന്മേൽ രണ്ടു മെഴുകുതിരി കത്തിച്ചുവച്ചിരിക്കുന്നതും കാൺകയുംചെയ്തു............ മാർപ്പാപ്പാടെ കാൽ മുത്തിയതിന്റെശേഷം മേൽപറഞ്ഞ മാർ തൊമ്മാമെത്രാന്റെ വിശ്വാസസത്യവും അപേക്ഷകളും ഉള്ള പുസ്തകം എടുത്ത മാർപ്പാപ്പാടെ കയ്യിൽ കൊടുത്തപ്പോൾ പറഞ്ഞതു. ഞങ്ങൾ 22 മാസത്തെതു കാലും വളരെവളരെ ദുരിതപ്പെട്ട മലങ്കരയുള്ള പള്ളിക്കാരെക്കെടയും അപേക്ഷയാലെ ഇത്രത്തോളം വന്നത ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന മാർ തോമ്മാമെത്രാന്റെ വിശ്വാസസത്യവും മലങ്കര എഴുപത്തുരണ്ടു പള്ളിക്കാരുടെ അപേക്ഷകളും അങ്ങെ ശുദ്ധതയുടെ മുമ്പാകെ വെക്കെണ്ടിട്ടത്രെ ആകുന്നു. എന്നതുകൊണ്ടു ഉടെ തമ്പുരാന്റെ മനൊഗുണത്താൽ ആയതിന്നു ഇപ്പൊൾ സംഗതിവന്നു. എന്നു വരുമ്പോൾ ആയതൊക്കയും അങ്ങെ ശുദ്ധത നല്ലവണ്ണം സൂക്ഷത്തോടെ വായിച്ചു കണ്ടതിന്റെശേഷം വെണ്ടുന്ന കല്പനകളോടുകൂടെ പ്രൊപ്പഗാന്ദ, എന്ന ശുദ്ധമാന യൊഗത്തിന്റെ പററിൽ ഏൾപിക്കെണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. എന്ന ഇങ്ങനെ പറഞ്ഞുകൊണ്ടു മാർപ്പാപ്പാടെ കയ്യിൽ പുസ്തകം മല്പാൻ കൊടുത്ത ഉടൻ രണ്ടു ഓലയിലായിട്ട എഴുതപെട്ട മലങ്കര പള്ളിക്കാരുടെ കുറി ഞാനും മാർപ്പാപ്പാടെ പററിൽ കൊടുക്കയും മലങ്കര പള്ളിക്കാരു അങ്ങെ ശുദ്ധതക്കു എഴുതിയ കുറി അത്രെ ഇതാകുന്നുവെന്നും ആയതിന്റെ ലത്തീൻവാക്കിലുള്ള പെപ്പു മുമ്പിൽ കൊടുത്ത പുസ്തകത്തിൽക്കൂടെ ഉണ്ടെന്നും അപ്പൊൾ മല്പാൻ തിരിച്ചു പാകയും ചെയ്തു. അപ്പൊഴൊ ഇതെല്ലാം നല്ലമനസൊടുകൂടെ മാർപ്പാപ്പാ കൈക്കൊണ്ടതിന്റെശേഷം ഞങ്ങൾ രണ്ടുപെരുടെയും അവസ്ഥമെൽ മൻസിഞ്ഞൊർ ബൊർജ്യയൊടു ചൊദിച്ചാറെ മല്പാൻ റൊമായിൽ പ്രൊപ്പഗാന്ദാ എന്ന സിമ്നാരിയിൽ പഠിച്ച ആളാകുന്നു എന്നും ഞാൻ മലങ്കരയുള്ള ഒരു പള്ളിയുടെ വികാരി ആകുന്നു എന്നും മലങ്കര പുത്തൻകൂററും പുറത്തുള്ള ഒരു മെത്രാൻ പട്ടാങ്ങയായ വിശ്വാസം കൈക്കൊണ്ടു പട്ടാങ്ങ പറഞ്ഞ ഹെതുവാൽ ആയവസ്ഥ ഇവിടെ ബൊധിപ്പിപ്പാനായിട്ട മലങ്കര പള്ളിക്കാരു അവരെ അയച്ചതിനെക്കൊണ്ടത്രെ ഇവിടെക്കു വന്നതെന്നും ഇങ്ങനെ ചുരുങ്ങിയ മൊഴികളിൽ മനസല്ലാമനസൊടുകൂടെ ഞങ്ങൾ ചെന്ന കാര്യം മൻസിഞ്ഞൊർ പറഞ്ഞ മാർപ്പാപ്പായെ കേൾപ്പിച്ചതിന്റെശേഷം മാർപ്പാപ്പാ പാരം പ്രസാദംകാട്ടി മലങ്കര നാടുവാഴുന്ന രാജാവ ഏതാകുന്നു എന്നും വിശ്വാസക്കാരൊടു ഏതാനും ഞെരുക്കം കാട്ടുന്നുണ്ടൊയെന്നും, നാട്ടിന്റെ കാററ നല്ലതാകുന്നൊ എന്നും നല്ല മീനുണ്ടൊ എന്നും ഇങ്ങനെ മററു ചിലകൂട്ടം വർത്തമാനമൊക്കയും ചോദിച്ചാറെ ഞങ്ങടെ നാട്ടിൽ വാഴുന്നത തിരുവാൻകോട്ട രാജാവാകുന്നു എന്നും നസ്രാണികളൊടു പ്രത്യേകമായിട്ട ഒരു ഞെരുക്കവും ചെയ്യുന്നില്ലാ എന്നു തന്നെയല്ല മാർഗ്ഗമറിയിപ്പാനുള്ളതിന്നു ഒരു മുടക്കവും കാട്ടുന്നില്ല എന്നും ഇങ്ങനെ ഓരൊരൊ ചൊദ്യങ്ങൾക്കു നെരായ ഉത്തരമൊക്കയും പറഞ്ഞതിന്റെശെഷം ഓലയിൽ എഴുതപ്പെട്ട യോഗത്തിന്റെ അപെക്ഷ മടക്കവിട്ടത്തു ആയതിന്റെ എഴുത്തും ആയതിലുള്ള കൈഒപ്പുകളും കണ്ടു ആയതു എഴുതുന്നതു എങ്ങനെ ആകുന്നു എന്നും ഏതു പ്രകാരത്തിൽ വായിക്കുന്നു എന്നും ചൊദിച്ചാറെ ആയതിന്റെ പ്രകാരമൊക്കയും മല്പാൻ തിരിച്ചു പറഞ്ഞു കെൾപ്പിക്കുകയും ചെയ്തു. ഇങ്ങനെ ഒക്കയും പറഞ്ഞതിന്റെശെഷം വീണ്ടും കാലുംമുത്തി മെൽപറഞ്ഞപൊലെയുള്ള ആചാരവും വീണ്ടും കാട്ടി പുറത്തു കടപ്പാൻ തുടങ്ങുന്നപ്പൊൾ ഞങ്ങടെ ഗുണമൊക്കയും അങ്ങെ ശുദ്ധതയുടെ പററിൽ അത്രെ ആകുന്നു എന്നു ഞാൻ മാർപ്പാപ്പായോടു പറകയും അങ്ങനെതന്നെ മാർപ്പാപ്പാ നെഞ്ഞത്തടിച്ചു ഉത്തരിക്കയും ചെയ്തു." (pp. 261—263)

കേരളത്തിൽ പോർട്ടുഗീസു് പദ്രൊവാദോയും, റോമായിലെ പ്രൊപ്പഗാന്ത സംഘമോ ഏതാണു് പ്രബലപ്പെടേണ്ടതെന്നുള്ളതിനെപ്പററി അന്നു വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ടായിരുന്നു. ഇരുഗണത്തിൽപ്പെട്ട അധികാരികളും ഡോക്ടർ കരിയാററിയുടെ പരിശ്രമങ്ങളിൽ ശ്രദ്ധാലുക്കളായിരുന്നു. പദ്രൊവാദോയുടെ കൂടുതൽ ആദരവിനാണു് കരിയാററിൽ വിഷയീഭവിച്ചതു്. കരിയാററിയെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി നാമകരണംചെയ്ത രേഖകൾ ലിസ്ബനിൽനിന്നു് റോമായിൽ എത്തി. ഇങ്ങനെ മാർ തോമ്മായുടെയും പുത്തൻകൂററുസമുദായത്തിന്റെയും പുനരൈക്യാലോചനക്കാര്യം മന്ദീഭൂതമായി കഴിയുമ്പോൾ, ലത്തീനെന്നോ സുറിയാനിയെന്നോ ഉള്ള റീത്തുവ്യത്യാസത്തെ അതിലംഘിക്കുന്ന കത്തോലിക്കാ മതസർവ്വസ്സക്തിയാണു് ഡോക്ടർ കരിയാററിയിൽ വിരാജിച്ചിരുന്നതെന്നു അദ്ദേഹം തെളിയിച്ചു. വിശുദ്ധരുടെ നാമകരണത്തിനു ചുമതലപ്പെട്ട റോമായിലെ വൈദികസംഘത്തിന്റെ അദ്ധ്യക്ഷനായ മാറെപൊഷ്ലി കർദ്ദിനാളിനെ സമീപിച്ചു് ദക്ഷിണതിരുവിതാംകൂറിലെ ലത്തീൻ ക്രിസ്ത്യാനിസമുദായത്തിൽപ്പെട്ട വേദസാക്ഷി ദൈവസഹായം പിള്ളയുടെ സംക്ഷിപ്തചരിത്രം ലത്തീനിൽ എഴുതി കർദ്ദിനാളിനു കൊടുത്തു. അദ്ദേഹത്തെ വിശുദ്ധനെന്നു പ്രഖ്യാപിക്കുന്നതിലേക്കാവശ്യമായ പ്രാരംഭനടപടികൾ നടത്തുവാൻവേണ്ട അപേക്ഷകൾ കർദ്ദിനാൾസമക്ഷം സമർപ്പിച്ചു. ഇതിനിടയിൽ മാർതോമ്മായുടെയും മററും പുനരൈക്യം സംബന്ധിച്ചുള്ള ഭാരവാഹിത്വം ഗോവ മെത്രാപ്പോലീത്തായിൽ നിക്ഷേപിക്കുന്ന ഒരു എഴുത്തു പ്രൊപ്പഗാന്താ തിരുസംഘാദ്ധ്യക്ഷൻ അന്തൊനെല്ലാ കർദ്ദിനാൾ ഇന്ത്യയിലേക്കയക്കുകയുണ്ടായി. ഇതിന്റെശേഷവും ഏതാനും മാസങ്ങൾ മല്പാനും കത്തനാരും റോമയിൽ താമസിക്കേണ്ടിവന്നു. ഈ കാലം ഡോക്ടർ കരിയാററിക്കു് വിശ്രമാവസരമായിരുന്നില്ല. അദ്ദേഹം കേരളസുറിയാനിക്കാരുടെ ഉപയോഗാർത്ഥം ഒരു പ്രാർത്ഥനപ്പുസ്തകം മലയാളത്തിൽ ഉണ്ടാക്കി വത്തിക്കാൻ പ്രസ്സിൽ അച്ചടിക്കുന്നതിനു് ഏർപ്പാടുചെയ്തു. ഈ സദുദ്യമം ചില ഉന്നതസ്ഥാനികളുടെ പ്രാതികൂല്യംമൂലം സഫലമായില്ലെന്നുമാത്രമാണു് ഇവിടെ ചുരുക്കിപ്പറയാനുള്ളതു്. മല്പാനും പാദിയും റോമായിൽനിന്നു പുറപ്പെട്ടു് ലൊറെത്തൊയിൽ എത്തി അവിടെ കുർബാനചൊല്ലി നേർച്ചതികച്ചശേഷമാണു് ജിനോവാവഴി പോർട്ടുഗലിലേക്കു മടങ്ങിയതു്. അഞ്ചുതെങ്ങുകാരായ രണ്ടുഉപ്പായിമാർക്കുഓരോപൊൻകുരിശും മാർപ്പാപ്പായുടെസാധനവും മല്പാൻവശം വത്തിക്കാൻ അധികാരികൾ കൊടുത്തയച്ചു എന്ന വസ്തുതയും ഇവിടെ സ്മർത്തവ്യമാണു്. ലൊറെത്തിൽ ദൈവജനനിയുടെ ഭവനം നിക്ഷേപിച്ചിരിക്കുന്ന ദേവാലയത്തിൽ മല്പാനും കത്തനാരും ഓരോ കുർബാന "നമ്മുടെ ലോകരുടെയും പള്ളികളുടെയും ഗുണത്തിനുവേണ്ടി" ചൊല്ലുകയുണ്ടായി.

ലിസ്ബനിൽ ഇവരിരുവർക്കും അത്യധികം ഹൃദ്യമായ സ്വീകരണമാണു ലഭിച്ചതു്. പോർട്ടുഗീസ് രാജാവും രാജ്ഞിയും പല പ്രാവശ്യം മല്പാനു സന്ദർശനം നൽകി. ലിസ്ബനിൽ രാജകീയാതിഥികളായി ഇവർ ജീവിച്ചു. ഇവർ ലിസ്ബനിൽ താമസിച്ചകാലത്താണു് തെക്കെ ഇന്ത്യയിലെ ഉപയോഗത്തിനു് ഏതാനും ഭാഷകളിൽ അച്ചുകൾ വാർപ്പിച്ചു അച്ചടിക്കുന്നതിനു് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കി ഗോവയിലയക്കണമെന്നു പോർട്ടുഗീസ് രാജാവു് തീരുമാനിച്ചതും പ്രസ്തുത ഭാഷകളിൽ മലയാളംകൂടി ഉൾപ്പെടുത്തിയതും. സുറിയാനി, കൽദായ, ഹീബ്രു, ഗ്രീക്കു്, ലത്തീൻ, കൊങ്കണി ഈ ഭാഷകളിലെ അക്ഷരങ്ങൾ മിലാനിലാണു വാർത്തതു്. മലയാളലിപികൾ വാർത്തെടുക്കുന്ന ഒരു വിദഗ്ദ്ധൻ പ്രൊപ്പഗാന്തസംഘത്തിൻകീഴിൽ റോമായിൽ ജോലി ചെയ്തിരുന്നു. ഈ ആളിന്റെ സേവനം ഒരു വൈദികസ്ഥാനിയുടെ വിരോധംമൂലം ലഭിച്ചില്ല. ആകയാൽ മലയാളം ലിപികളും മിലാനിൽത്തന്നെ കൂടുതൽ ധനവ്യയം ചെയ്തുണ്ടാക്കേണ്ടിവന്നു. രാജസേവകന്മാരുടെയിടയിൽ വർദ്ധിച്ചദാരിദ്ര്യം രാജാവു് ആലോചിച്ചപടി അച്ചടിസംബന്ധിച്ചുയാതൊന്നും ഇന്ത്യയിലേക്കയക്കുവാൻ സംഗതിയാക്കിയില്ല. കരിയാററിൽമല്പാൻലിസ്ബനിൽ താമസിച്ചുവരികയിലാണു് അദ്ദേഹത്തെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി വാഴിക്കുമെന്നവാർത്ത പരസ്യമായതു്. അനന്തരം നിയുക്തമെത്രാപ്പോലീത്തായെ ഉദ്ദേശിച്ചു നടത്തപ്പെട്ട ആഹ്ളാദപ്രകടനങ്ങളും സൽക്കാരങ്ങളും വളരെയായിരുന്നു. ലിസ്ബനിൽവച്ചു വാഴ്ചയും കഴിഞ്ഞു് പോർട്ടുഗീസ് രാജ്ഞിയിൽനിന്നു മാർപ്പാപ്പാ നൽകിയ പാല്യം തിരുവസ്ത്രം സ്വീകരിച്ചശേഷമാണു് കരിയാററിൽ മെത്രാപ്പോലീത്താ 1785-ാംകാലം മേടമാസം 20-ാംതീയതി ഗോവയിലേക്കു് കപ്പൽകയറിയതു്.

1786 മേയ് 1-ാംതീയതി ഗോവയിലിറങ്ങി. മാർതോമ്മാ തുടങ്ങിയ പുത്തൻകൂററുകാരുടെ പുനരൈക്യത്തിനുള്ള പദ്ധതി പൂർത്തിയാക്കുന്നതിനും കൊടുങ്ങല്ലൂർ രൂപതാഭരണം കൈയേൽക്കുന്നതിനും മുമ്പായി മെത്രാപ്പോലീത്താക്കു് ഗോവയിൽ താമസിച്ചു പല കാര്യങ്ങളും നിർവ്വഹിക്കുവാനുണ്ടായിരുന്നു. അങ്ങനെ അവിടെ താമസിച്ചുവരികയിൽ മെത്രാപ്പോലീത്താ രോഗബാധിതനാകുകയും അകാലമരണം പ്രാപിക്കുകയും ചെയ്തു. ആ ദാരുണസംഭവം 1786 സെപ്റ്റംബറിൽ നടന്നു. മൃതശരീരം പഴയ ഗോവായിലെ ഭദ്രാസനദേവാലയത്തിൽ സംസ്കരിക്കപ്പെട്ടു. പൂജ്യാവശിഷ്ടങ്ങൾ ഇന്നും അവിടെ കുടികൊള്ളുന്നു.

കരിയാററിൽ മെത്രാപ്പോലീത്തായുടെ ജീവിതത്തിലെ ഏതാനും പ്രധാനസംഭവങ്ങളെ സംബന്ധിച്ചു് ഇതിനുപരി നടന്ന വിഹഗവീക്ഷണത്തിൽ നിന്നു കേരളത്തിനും കേരളീയർക്കും ആ മഹാപുരുഷനോടുള്ള ഋണബന്ധത്തെപ്പററി ഏകദേശജ്ഞാനത്തിനു വകലഭിക്കുന്നു. മാർത്തോമ്മാശ്ലീഹാ സിറിയാക്കാരനായിരുന്നു. അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ സിറിയാക്കാർ എദേസ്സായിലേക്കു കൊണ്ടുപോയി. അവിടെ അതു നിക്ഷേപിക്കുന്നതിനു അതിമനോഹരമായ ഒരു ദേവാലയം എദേസ്സാക്കാർ പണിയിച്ചു. തിരുശേഷിപ്പുകൾ അവിടെനിന്നു യിയോസിലേക്കും പിന്നീടു് ഓർത്തോനായിലേക്കും മാററപ്പെട്ടു. ഓർത്തോനായിൽനിന്നു ഒരുഭാഗം കേരളക്രൈസ്തവരുടെ സമാശ്വാസത്തിനായി ഒരു മഹോന്നതകർദ്ദിനാളിന്റെ നേതൃത്വത്തിൽ ഈ ആണ്ടിൽ ഇങ്ങോട്ടു കൊണ്ടുവരുന്നു. ശ്ലീഹായുടെ കവറിടത്തിങ്കൽനിന്നു പൂഴി കൊണ്ടുവന്നു സൂക്ഷിക്കുന്ന നമ്മുടെ പൂർവ്വികന്മാരുടെ കാലംമുതൽക്കുള്ള പാരമ്പര്യം ആലോചിച്ചാൽ ഈ ആണ്ടിലുണ്ടാകുന്ന നമ്മുടെ നേട്ടം അഭികാമ്യംതന്നെ. വി. ഫ്രാൻസിസിന്റെ തിരുശേഷിപ്പുകൾ സാൻഷിയനിൽനിന്നു് അദ്ദേഹത്തിന്റെ സുവിശേഷപ്രസംഗരംഗങ്ങളിൽ ഒന്നായ മലാക്കായിലേക്കു മാററി അവിടെനിന്നു ഗോവായിൽ കൊണ്ടുപോയി ഒരു മനോഹരദേവാലയത്തിൽ മനോഹരതരമായ പേടകത്തിൽ സംരക്ഷിച്ചതു് വിശ്വാസികളുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കും സംതൃപ്തിക്കും നിദാനമായി പരിലസിക്കുന്നു. പലശകലങ്ങൾ റോമിലും സ്പെയിനിലും മററുമായി

# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## IV. കത്തോലിക്കാ പുനരൈക്യാലോചനകൾ

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടണമെന്നുള്ള ആഗ്രഹം മാർ ഈവാനിയോസുതിരുമേനിയുടെ മനസ്സിൽ അങ്കുരിച്ചതു് എന്നാണെന്നുള്ള ചോദ്യത്തിനു സുനിശ്ചിതമായ ഉത്തരം നൽകുവാൻ സാധിക്കുന്നതല്ല. അകത്തോലിക്കാ സഭകളിൽനിന്നും കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുള്ളവരെല്ലാംതന്നെ സത്യാന്വേഷണവീഥിയിൽ വിവിധപടികൾ തരണംചെയ്തിട്ടാണു് അവസാനം സഭാപരിവർത്തനത്തിനു സന്നദ്ധരായിട്ടുള്ളതെന്നു് അവരോരോരുത്തരുടെയും മാനസാന്തരചരിത്രം തെളിയിക്കുന്നുണ്ടു്. മാർ ഈവാനിയോസുതിരുമേനിയുടെ പരിവർത്തനവും ഇതിൽനിന്നും വ്യത്യസ്തമായിരുന്നില്ലെന്നു് അദ്ദേഹത്തിന്റെ പുനരൈക്യസംരംഭചരിത്രം പ്രസ്പഷ്ടമാക്കുന്നുണ്ടു്.

യാക്കോബായസഭയിലെ കക്ഷിവഴക്കുകളിലും വ്യവഹാരമത്സരങ്ങളിലും അധികാരവടംവലികളിലും ഉൾപ്പെടുന്നതിനും അവയിലെല്ലാം ഒരു പ്രധാനഭാഗം വഹിക്കുന്നതിനും ഇടയായതുനിമിത്തം "മലങ്കരസഭയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മാലിന്യതകളെ കാണുവാനും മണക്കുവാനും" (ഗിരിദീപം) ഉള്ള നിർഭാഗ്യം കത്തോലിക്കാപുനരൈക്യത്തിനു പതിനഞ്ചുവർഷങ്ങൾക്കുമുമ്പുതന്നെ അദ്ദേഹത്തിനു സിദ്ധിക്കയുണ്ടായി. കോട്ടയം എം. ഡി. സെമ്മിനാരി പ്രിൻസിപ്പാൾ ആയിരുന്നപ്പോഴും, സെറാംപൂർകോളെജ് പ്രൊഫസർ ആയിരുന്ന അവസരത്തിലും കത്തോലിക്കാമതസംബന്ധമായ ധാരാളം പുസ്തകങ്ങൾ വായിക്കുന്നതിനും, വൈദികരും അത്മേനികളുമായ ഒട്ടനേകം കത്തോലിക്കാപണ്ഡിതന്മാരുമായി സംഭാഷണം നടത്തുന്നതിനും, നിരവധി കത്തോലിക്കാസ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുമുള്ള ഭാഗ്യം വന്ദ്യതിരുമേനിക്കു ലഭിച്ചിട്ടുണ്ടു്. കത്തോലിക്കാസഭയുടെ ഭരണഘടന, വിശ്വാസസംഹിത, ലോകത്തിന്റെ നാനാഭാഗങ്ങളിലും സഭ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പരോപകാരപ്രവർത്തനങ്ങൾ എന്നിവയെപ്പററിയെല്ലാം അതിയായ ബഹുമാനം വന്ദ്യതിരുമേനിയിൽ ഉളവാക്കുന്നതിനു് ഇവയെല്ലാം പശ്ചാത്തലമായിത്തീർന്നു.

യാക്കോബായസഭയുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിയെ ലാക്കാക്കി സന്യാസാശ്രമവും മററും സ്ഥാപിക്കുന്നതിനു വന്ദ്യതിരുമേനി സന്നദ്ധനായതു് അവിടുന്നു സെറാംപൂർ കോളെജ് പ്രൊഫസർ ആയിരുന്ന അവസരത്തിലായിരുന്നു. കത്തോലിക്കാ സന്യാസസമൂഹാംഗങ്ങൾ ലോകമെങ്ങും ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുല്യസേവനങ്ങൾ കണ്ടും കേട്ടും ഗ്രഹിച്ചതിന്റെ ഫലമായിട്ടായിരുന്നു ഏവംവിധമുള്ള സന്യാസസമൂഹസ്ഥാപനത്തിനു വന്ദ്യതിരുമേനി സമുദ്യുക്തനായതു്. തിരുമേനി സ്ഥാപിച്ച "മിശിഹാനുകരണസന്യാസസമൂഹ"ങ്ങളുടെ നിയമാനുഷ്ഠാനങ്ങളും ആചാരരീതികളും ധ്യാനപരിപാടികളും കത്തോലിക്കാ സഭയിലെ സന്യാസസമൂഹങ്ങളുടെ നിയമാവലികളിൽനിന്നും സ്വീകരിച്ചവയായിരുന്നു. ഇക്കാര്യത്തിൽ കത്തോലിക്കാസന്യാസസമൂഹാംഗങ്ങളും ഈശോസമൂഹാംഗങ്ങളുമായ വൈദികരുടെ സഹായസഹകരണങ്ങൾ അക്കാലത്തു വന്ദ്യതിരുമേനിക്കു ലഭിക്കയുമുണ്ടായി. തന്നിമിത്തമായിരിക്കാം ചിന്താശീലന്മാരായ പല അകത്തോലിക്കരും ബഥനി ആശ്രമത്തിന്റെയും മഠത്തിന്റെയും സ്ഥാപനകാലത്തുതന്നെ "ഇവയെല്ലാം അവസാനം റോമാസഭയിൽ ചെന്നു ലയിക്കുകയുള്ളു"വെന്നു പ്രവചിക്കയുണ്ടായതു്. അവരുടെ പ്രവചനം അക്ഷരാപ്രതി നിറവേറിയെന്നു് അനന്തരസംഭവഗതികൾ തെളിയിക്കുകയും ചെയ്യുന്നു.

ഏവംവിധം കത്തോലിക്കാസഭയെപ്പററി അതിയായ ബഹുമാനത്തോടുകൂടെ നിലകൊണ്ടിരുന്ന അവസരത്തിലായിരുന്നു വന്ദ്യതിരുമേനി മെത്രാൻസ്ഥാനത്തേക്കു നിയുക്തനായതു്. യാക്കോബായസഭയിൽ മെത്രാൻസ്ഥാനം ഏല്ക്കുന്നതിനുമുമ്പു് കല്ക്കദോനിയാ സൂനഹദോസിനേയും ലെയോമാർപ്പാപ്പായേയും ശപിച്ചുകൊണ്ടുള്ള വാചകം ചൊല്ലുകയും അതിൽ ഒപ്പിടുകയും ചെയ്യണമെന്നുള്ള നിയമമനുസരിച്ചു പ്രവർത്തിക്കുവാൻ തിരുമേനി വൈമനസ്യം പ്രകടിപ്പിച്ചു. കല്ക്കദോനിയാ സൂനഹദോസിനേയും ലെയോമാർപ്പാപ്പയേയും ശപിക്കുവാൻ താൻ സന്നദ്ധനല്ലെന്നും, അപ്രകാരം ശപിച്ചശേഷം മാത്രമേ മെത്രാനായിതന്നെ അഭിഷേചിക്കയുള്ളുവെങ്കിൽ മെത്രാൻസ്ഥാനം സ്വീകരിക്കുവാൻ താൻ തയ്യാറില്ലെന്നും അഭിഷേചനകർമ്മത്തിനായി പരുമല സെമ്മിനാരിയിൽ എത്തിയിരുന്ന മെത്രാന്മാരെ വന്ദ്യതിരുമേനി (അന്നു ഗീവറുഗീസ് റമ്പാൻ) അറിയിക്കയുണ്ടായി. ഇതിങ്കൽ ഇതികർത്തവ്യതാമൂഢരായിത്തീർന്ന കാതോലിക്കാബാവായും മെത്രാന്മാരും അവസാനം "ശാപവചനം" ചൊല്ലിക്കാതെയും അതിൽ ഒപ്പിടുവിക്കാതെയും "മാർ ഈവാനിയോസ്" എന്ന അഭിധാനത്തിൽ ഗീവറുഗീസ്റമ്പാനെ മെത്രാനായി അഭിഷേചിക്കയാണുണ്ടായതു്. വന്ദ്യതിരുമേനിക്കു കത്തോലിക്കാസഭയോടുണ്ടായിരുന്ന അനുഭാവത്തിന്റെയും ബഹുമാനത്തിന്റെയും പ്രത്യക്ഷലക്ഷ്യങ്ങളായിരുന്നു ഇവയെല്ലാം.

അന്ത്യോക്യയിലെ റഹ്മാനി പാത്രിയർക്കീസുമായി പുനരൈക്യസംബന്ധമായ ചില എഴുത്തുകുത്തുകൾ നടത്തുന്നതിനു് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ മാർ ഈവാനിയോസുതിരുമേനിയെ ഉപദേശിച്ചതും പ്രേരിപ്പിച്ചതും ഈ അവസരത്തിലായിരുന്നു. പരേതനായ കാതോലിക്കാബാവായും ഇപ്പോഴത്തെ കാതോലിക്കാബാവായും (അന്നു് മാർ ഗ്രീഗോറിയോസുമെത്രാൻ) ഏതാദൃശഎഴുത്തുകുത്തുകൾ നടത്തുന്നതിൽ വന്ദ്യതിരുമേനിക്കു വേണ്ട ആലോചനകളും പ്രേരണകളും നൽകിയിരുന്നുവെന്നും, അക്കാലത്തു് അവരെല്ലാം കത്തോലിക്കാപുനരൈക്യത്തിനു് സന്നദ്ധത പ്രദർശിപ്പിച്ചിരുന്നുവെന്നും പ്രസ്തുത കത്തുകളിൽനിന്നും തെളിയിക്കാവുന്നതാണു്. മാർ ഈവാനിയോസുതിരുമേനി എഴുതിവച്ചിരുന്ന ആത്മകഥാകഥനത്തിൽ നിന്നും പ്രസ്തുത കത്തുകളേയും പുനരൈക്യാലോചനകളേയുംകുറിച്ചു് വിശദമായി ഗ്രഹിക്കാവുന്നതാകയാൽ ഏതാനും ഭാഗങ്ങൾ ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു.

"പഴയ സെമ്മിനാരിയുടെയും പരുമല സെമ്മിനാരിയുടെയും മററും കൈവശം മെത്രാപ്പോലീത്തായ്ക്കു് * ഉറച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം യാക്കോബായ പാത്രിയർക്കീസിനെ കണ്ടു് സമാധാനപദ്ധതി ആലോചിപ്പാനായി മർദ്ദീനിലേക്കു് പോയി. കൂടെ തിരുവനന്തപുരംപള്ളി വികാരിയായിരുന്ന അബ്രഹാം കത്തനാരെയും ചെറിയമഠത്തിൽ സ്കറിയാ കത്തനാരെയും കൊണ്ടുപോയിരുന്നു. ആ യാത്രയിലുണ്ടായ ചില സംഭവങ്ങൾ മെത്രാപ്പോലീത്താ ബോംബെയിൽ മടങ്ങിയെത്തിയശേഷം അദ്ദേഹത്തെ സ്വീകരിക്കുവാൻ ബോംബേക്കു് പോയിരുന്ന നമ്മോടു് പറഞ്ഞുകേൾപ്പിച്ചു.

മർദ്ദീനിലേക്കു് ഉള്ള യാത്രാമദ്ധ്യേ ബാഗ്ദാദിൽവെച്ചു്, മാർപ്പാപ്പായുടെകീഴിൽ സുറിയാനി പാത്രിയർക്കീസായിരുന്ന റഹ്മാനി പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിലുള്ള സുറിയാനി മെത്രാപ്പോലീത്തായെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ സന്ദർശിച്ചു എന്നും, യാക്കോബായ പാത്രിയർക്കീസുമായുള്ള സന്ധിയാലോചന വിഫലമാകുന്നപക്ഷം കത്തോലിക്കാസഭയിലേക്കു യോജിക്കുന്നതിനു് പ്രാരംഭമായി ബാഗ്ദാദ് മെത്രാപ്പോലീത്തായുമായി മുഖപരിചയം സമ്പാദിക്കുന്നതിനായിരുന്നു ഈ സന്ദർശനമെന്നും, ആ സന്ദർശനവേളയിൽ കത്തോലിക്കാ പുനരൈക്യത്തെപ്പററി യാതൊന്നും സംസാരിച്ചില്ലെന്നും, മടങ്ങിവരുമ്പോൾ ആ കാര്യം ആലോചിക്കണമെന്നായിരുന്നു ഉദ്ദേശമെന്നും നമ്മളോടു് പറഞ്ഞു. മടക്കയാത്രയിലും ബാഗ്ദാദിലെ മെത്രാപ്പോലീത്തായെ വീണ്ടും സന്ദർശിച്ചു. ആ അവസരത്തിൽ യാക്കോബായപാത്രിയർക്കീസിന്റെ പ്രതിനിധിയായ മാർ യൂലിയോസ് മെത്രാപ്പോലീത്താ കൂടെയുണ്ടായിരുന്നതുകൊണ്ടു കത്തോലിക്കാസഭയുമായി യോജിക്കുന്ന വിഷയത്തെപ്പററി യാതൊന്നും സംസാരിക്കുന്നതിനു് അവസരം ലഭിച്ചില്ലെന്നുംപറഞ്ഞു. ബോംബെയിൽനിന്നും എറണാകുളത്തേക്കുള്ള തീവണ്ടിയാത്രയിലാണു് ഈ വിവരം നമ്മോടു് പറഞ്ഞതു്.

കുറനാൾ കഴിഞ്ഞപ്പോൾ റഹ്മാനി പാത്രിയർക്കീസിന്റെ ഒരു കത്തു് പരുമലവച്ചു് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു് കിട്ടി. ആ കത്തിലെ ഉള്ളടക്കം സംബന്ധിച്ചു് നമ്മോടാലോചിക്കുന്നതിനായി നമ്മെ പരുമല സെമിനാരിയിലേക്കു് ക്ഷണിച്ചുവരുത്തി കത്തു് നമ്മെ ഏല്പിച്ചു. അതു് വായിച്ചുനോക്കി മറുപടി എഴുതണമെന്നു് നമ്മോടാവശ്യപ്പെട്ടു അതിന്റെ ഉള്ളടക്കം ഏകദേശം താഴെക്കാണുന്ന പ്രകാരമാണു്.

"മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു് കർത്താവിൽ സമാധാനം! നിങ്ങൾ ഈ ദേശത്തു സഞ്ചരിക്കുകയും നമ്മുടെ അധികാരത്തിൻകീഴിലുള്ള ബാഗ്ദാദ് മെത്രാപ്പോലീത്തായെ സന്ദർശിക്കുകയും ചെയ്തതായി അറിയുന്നതിൽ നാം സന്തോഷിക്കുന്നു. എന്നാൽ നിങ്ങൾ നമ്മുടെ വാസസ്ഥലത്തേക്കു വന്നു നമ്മെ കാണുവാൻ സൗകര്യപ്പെട്ടില്ല


* വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ.


For favours received




Excuse delay.
Mrs Kunjaunam Abraham
Elenjikal house,
Kothamangalam


## സെൻറ ആൻസ് വിധവാമന്ദിരം



കന്യകാമഠത്തിൽ ചേരാതെതന്നെ, ജീവിതശിഷ്ടം ഭക്തിപരമായി, പ്രാർത്ഥനയിലും ഏകാന്തതയിലും കഴിച്ചുകൂട്ടണമെന്നു് ആഗ്രഹിക്കുന്ന വിധവമാരെയും പ്രായംചെന്ന അവിവാഹിതകളെയും ഉദ്ദേശിച്ചു എടക്കുന്നിൽ (പാദുവാപുരം) നസ്രത്തു സഹോദരികളുടെ ആഭിമുഖ്യത്തിൽ പുതുതായി സ്ഥാപിതമായിരിക്കുന്ന വിധവാമന്ദിരം. ന്യായമായ സുഖസൗകര്യങ്ങളോടുകൂടി ജീവിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ഇവിടെ ചെയ്തിട്ടുണ്ടു്. ഇതിന്റെ ഉൽഘാടനം ഇക്കഴിഞ്ഞ ഞായറാഴ്ച (ഒക്ടോബർ 4) നിർവ്വഹിച്ചിരിക്കുന്നു.

ല്ലോ എന്നു് നാം ഖേദിക്കുന്നു. നിങ്ങൾ നമ്മെ സന്ദർശിച്ചിരുന്നു എങ്കിൽ നിങ്ങളോടു് നമുക്കു് പറയുവാൻ ഉള്ളതു് ഈ കത്തുമുഖേന അറിയിക്കുന്നു. മലങ്കരയുള്ള നിങ്ങളുടെ സഭ അന്ത്യോഖ്യാ സഭയുടെ വിശ്വാസാചാരങ്ങളും തക്സാകളും പരിരക്ഷിച്ചു് വരികയാണല്ലോ. ലോകമാസകലം ഒരിടയനും ഒരു ആട്ടിൻതൊഴുത്തും ആയിരിക്കണമെന്നു് നമ്മുടെ കർത്താവു് അരുളിച്ചെയ്തിരിക്കുന്ന തിരുവചനത്തെ ആസ്പദമാക്കി നിങ്ങളും മലങ്കരയുള്ള സഭ മുഴുവനും നമ്മോടു് യോജിക്കണം. നാം കാതോലിക്കാ ഐക്യത്തിൽ റോമാ മാർപ്പാപ്പയോടുള്ള വിശുദ്ധ സംസർഗ്ഗത്തിൽ ജീവിക്കുന്നു. നിങ്ങൾ യോജിക്കുന്നപക്ഷം അന്ത്യോഖ്യാസഭയുടെ പുരാതന കാനോനാകളും, തക്സാകളും, ആരാധനാക്രമങ്ങളും, നടപടികളും മേലിലും നിങ്ങൾ പാലിച്ചുപോകുവാൻ തക്കവണ്ണം വേണ്ട സൗകര്യങ്ങളെല്ലാം നിങ്ങൾക്കു് ലഭിക്കും. നിങ്ങളുടെയിടയിൽനിന്നുതന്നെ നിങ്ങളുടെ നാട്ടുകാരായ ആളുകളെ കാതോലിക്കാ ആയും മെത്രാപ്പോലീത്താ ആയും എപ്പിസ്കോപ്പന്മാരായും തലമുറതലമുറയായി ലഭിക്കുമെന്നു് ഉറപ്പുതരുന്നു. ഇതെപ്പററി നിങ്ങൾ ചിന്തിച്ചു് നമുക്കു സന്തോഷപ്രദമായ മറുപടി അയക്കുമെന്നു് പ്രതീക്ഷിക്കുന്നു."

മേലെഴുതിയ കത്തു് നമ്മെക്കൊണ്ടു് വായിപ്പിച്ചു് അദ്ദേഹം കേൾക്കുകയും അതിനു മറുപടി എഴുതുവാൻ നമ്മോടു് ആവശ്യപ്പെടുകയും ചെയ്തു. ഏതുപ്രകാരം മറുപടി എഴുതണം എന്നു നാം ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞതു് ഏതാണ്ടിപ്രകാരമാണു്.

"യോജിക്കുന്നതിനു് എനിക്കു സമ്മതമാണു്. സഹോദരന്മാരായ മേല്പട്ടക്കാരോടും, പട്ടക്കാരിലും അൽമായക്കാരിലും പ്രധാനന്മാരായവരോടും ആലോചിച്ചശേഷമേ അവസാനതീരുമാനം എഴുതുവാൻ സാധിക്കുകയുള്ളു."

യോജിക്കുന്നതിനു് സമ്മതമാണെന്നു് മെത്രാപ്പോലീത്താ പറഞ്ഞയുടനെ, "അങ്ങനെ എഴുതാമോ" എന്നു് നാം ചോദിക്കയുണ്ടായി. "അങ്ങനെ എഴുതാം" എന്നു് പറഞ്ഞശേഷമാണു് രണ്ടാമത്തെ ആശയം അദ്ദേഹം പ്രസ്താവിച്ചതു്. നാം തയ്യാറാക്കിക്കൊടുത്ത മറുപടി കോട്ടയത്തു കൊണ്ടുപോയി എന്തോ ഭേദഗതി വരുത്തി മെത്രാപ്പോലീത്തായുടെ ജ്യേഷ്ഠസഹോദരന്റെ മകൻ വി. എ. വറുഗീസ് ബി. എ., എൽ. റ്റി. യെക്കൊണ്ടു് തപാലിൽ രജിസ്റ്റർചെയ്തു് അയപ്പിച്ചു എന്നു് പിന്നീടു് വി. എ. വറുഗീസിൽനിന്നും അറിയുവാൻ ഇടയായി.

നാം മെത്രാൻസ്ഥാനം ഏററു കുറെനാൾ കഴിഞ്ഞപ്പോൾ വിരോധവ്യവഹാരങ്ങളുടെ ഹൈക്കോടതിവിധി പ്രബലമായിരിക്കുന്ന കാലത്തു് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ പഴയസെമ്മിനാരിയിലേക്കു് കാതോലിക്കാ ബാവായേയും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായേയും * നമ്മെയും ക്ഷണിച്ചുവരുത്തുകയും ഭാവിനടപടികളെപ്പററി ഞങ്ങൾ മൂന്നുപേരും കൂടി ആലോചിച്ചു് തീരുമാനിക്കണമെന്നും ഞങ്ങൾ ചെയ്യുന്ന തീരുമാനം എന്തായിരുന്നാലും അദ്ദേഹം അതു് കൈക്കൊള്ളുന്നതാണെന്നും പറഞ്ഞു. റഹ്മാനി പാത്രിയർക്കീസിന്റെ കത്തു് ഞങ്ങൾ മൂന്നുപേരെയും വെവ്വേറെ കാണിച്ചു് സംസാരിക്കുകയുംചെയ്തു. ഞങ്ങൾ സുന്നഹദോസ് കൂടി, അദ്ധ്യക്ഷൻ കാതോലിക്കാബാവായും നാം സെക്രട്ടറിയും ആയി പ്രവർത്തിച്ചു. സുന്നഹദോസിലെ ആലോചനാവിഷയം റോമൻ കത്തോലിക്കാസഭയുമായുള്ള പുനരൈക്യമായിരുന്നു. അന്ത്യോഖ്യാ സഭയുടെ കാനോനാകളും നടപടികളും പരിപാലിക്കയും, മലങ്കരയ്ക്കു് സ്വദേശികളായ മേല്പട്ടക്കാരെ തലമുറതലമുറയായി ലഭിക്കുകയും ചെയ്യത്തക്കവിധത്തിൽ റോമൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു് വേണ്ട എഴുത്തുകുത്തുകൾ നടത്തുന്നതിനു് ആ സുന്നഹദോസ് നമ്മെ ചുമതലപ്പെടുത്തി. ഇതനുസരിച്ചു് റഹ്മാനി പാത്രിയർക്കീസിനു നാം എഴുതി. അദ്ദേഹത്തിൽനിന്നു് കത്തിനു മറുപടിയും അദ്ദേഹം ഉപയോഗിക്കുന്ന കുർബാനതക്സായുടെ അച്ചടിച്ച ഒരു പ്രതിയും ലഭിച്ചു. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ തിരുവല്ലാ പാലിയക്കര ബഥനിപ്പള്ളിയിലേക്കു് നാം. ക്ഷണിച്ചുവരുത്തുകയും ഒരു രാത്രി ആ പള്ളിക്കു പടിഞ്ഞാറുവശമുള്ള ബഥനി അച്ചടിശാലയിൽവച്ചു് റഹ്മാനി പാത്രിയർക്കീസിന്റെ കുർബാനതക്സാ ഞങ്ങൾ ഇരുവരുംകൂടി പരിശോധിക്കയുംചെയ്തു. ആ തക്സാ മലങ്കരയാക്കോബായസഭയിൽ ഉപയോഗത്തിൽ ഇരിക്കുന്ന തക്സാപോലെയാണെന്നും അതു് സ്വീകരിക്കണമെന്നും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നമ്മോടു് പറഞ്ഞു. ക്രിസ്തുവിനു് 12-ാം ശതകത്തിൽ ജീവിച്ചിരുന്ന മാർ ദിവന്നാസ്യോസ് ബർസ്ലീബി എന്ന മെത്രാപ്പോലീത്താ ഉണ്ടാക്കിയതും യാക്കോബായ കുർബാനതക്സായിൽ സ്ഥലം പിടിച്ചിരുന്നതും ആയ "ഹേക്കാനൊശാറീറോയീസ്" എന്നു് ആരംഭിക്കുന്ന കണ്ടിപ്പിന്റെ ശുശ്രൂഷയ്ക്കുള്ള പ്രാർത്ഥനയ്ക്കു പകരം മാർ ദിവന്നാസ്യോസ് ബർസ്ലീബിയുടെ ജനനകാലത്തിനു മുൻപു അന്ത്യോഖ്യാസഭയിൽ ഉപയോഗത്തിലിരുന്ന ഒരു പ്രാർത്ഥന ഈ തക്സായിൽ ഉണ്ടായിരുന്നു എന്നുള്ള ഭേദം മാത്രമേ ഞങ്ങൾ കണ്ടുള്ളു. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ഈ അപ്പം ഞാൻ കണ്ടിക്കുന്നു" എന്നുള്ള വാചകമാണു് ആ തക്സായിൽ ഉണ്ടായിരുന്നതു്. ഇതു് സ്വീകാര്യമാണെന്നു് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. റഹ്മാനി പാത്രിയർക്കീസിന്റെ കത്തു് അദ്ദേഹം വായിക്കുകയും കാതോലിക്കാബാവായുമായി ആലോചിച്ചു് മറുപടി അയക്കുവാൻ നമ്മെ ചുമതലപ്പെടുത്തുകയുംചെയ്തു.

അനന്തരം മി കെ. വി. ചാക്കോയെയും ഫാദർ മാത്യൂസ് വാറേട്ടിനേയും കൂട്ടിക്കൊണ്ടു് നാം വാകത്താനത്തുപോയി കാതോലിക്കാ ബാവായെക്കണ്ടു. റഹ്മാനി പാത്രിയർക്കീസിന്റെ കത്തു് അദ്ദേഹത്തെ കാണിച്ചു. അതിനു് ഏതുവിധം മറുപടി അയക്കണമെന്നു് ഞങ്ങൾ ഇരുവരും രഹസ്യമായി ആലോചിച്ചു. മറുപടിക്കത്തിന്റെ നക്കൽ സുറിയാനിയിൽ അദ്ദേഹത്തിന്റെ കൈപ്പടയിൽ ഞങ്ങൾ ഇരുവരും കൂടി ആലോചിച്ചു് എഴുതിയുണ്ടാക്കി. * അനന്തരം നാം തിരുവല്ലാ തിരുമൂലപുരം ആശ്രമത്തിലേക്കു് മടങ്ങിപ്പോകുകയും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അനന്തിരത്തിയുടെ ഭർത്താവായ മൂലമണ്ണിൽ തോമസ് കത്തനാരെക്കൊണ്ടു് അതു് നല്ല കൈപ്പടയിൽ എഴുതിച്ചു് റഹ്മാനി പാത്രിയർക്കീസിനു് അയച്ചുകൊടുക്കുകയും ചെയ്തു. അതിന്റെ ഫലമായി റഹ്മാനി പാത്രിയർക്കീസിൽനിന്നും എന്തെങ്കിലും മറുപടി ലഭിച്ചില്ല. ആ സംഗതി അവിടെ ആലോചനയിൽ എടുത്തു് കാലതാമസം വരുത്തിയതായിരിക്കാം. കുറെക്കഴിഞ്ഞു് ഇലഞ്ഞിക്കൽ മി. ഈ. ജെ. ജോൺവക്കീലിനെ കാണണമെന്നു് നാം ആവശ്യപ്പെടുകയും അദ്ദേഹവും ഭാര്യയുംകൂടി തിരുവല്ലാ പാലിയേക്കര ബഥനിപള്ളിയിൽ നമ്മെ കാണുവാനായി വരുകയും ചെയ്തു. ആ അവസരത്തിൽ റഹ്മാനി പാത്രിയർക്കീസിന്റെ സുറിയാനിക്കത്തിന്റെ ഇംഗ്ലീഷ് പരിഭാഷ നാം അദ്ദേഹത്തെ കാണിച്ചു. അതു വായിച്ചശേഷം മി. ജോൺ നമ്മോടു പറഞ്ഞതു് മാർപ്പാപ്പായുമായി നേരിട്ടുള്ള യോജിപ്പിനു് ഉത്സാഹിക്കണം എന്നായിരുന്നു.

അനന്തരം കൊച്ചി സംസ്ഥാനത്തു പോലീസ് സൂപ്രണ്ടും പട്ടാളം കമാൻഡറും ആയിരുന്ന മി. എം. എ. ചാക്കോയുടെ മകന്റെ (?) വിവാഹം നടത്തിക്കൊടുക്കുന്നതിലേക്കു് നമ്മെ ക്ഷണിക്കുകയും നാം തൃശൂർക്കു പോകുകയുംചെയ്തു. വിവാഹം കുന്നംകുളത്തിനു സമീപമുള്ള ഒരു പള്ളിയിൽവച്ചായിരുന്നു. തൃശൂർനിന്നു് ആ പള്ളിയിലേക്കു് പോകുംവഴി കാറിൽവച്ചു് കാതോലിക്കാസഭയുമായുള്ള പുനരൈക്യം സംബന്ധിച്ചു് നാം മി ചാക്കോയോടു് സംസാരിച്ചു. അദ്ദേഹം പറഞ്ഞതു് ഏതാണ്ടിപ്രകാരമായിരുന്നു.

"തിരുമേനി ഈ കാര്യം ആലോചിക്കുന്നതിനു് മുൻപുതന്നെ ഞാൻ ഈ കാര്യം സംബന്ധിച്ചു് ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. നമ്മുടെ കാതോലിക്കാ ബാവായേയും എല്ലാ മെത്രാന്മാരേയും മാർപ്പാപ്പാ സ്വീകരിക്കുകയും നമ്മുടെ റീത്തു് അംഗീകരിക്കുകയും ചെയ്തുകിട്ടുന്നതിലേക്കായി ഇപ്പോൾ കൽക്കട്ടായിൽ താമസിക്കുന്ന ഫാദർ തിൽ എസ്. ജെ. മുഖാന്തിരം ഞാൻ എഴുത്തുകുത്തു് നടത്തിക്കൊണ്ടിരിക്കുകയാണു്. തിരുമേനി നേരിട്ടു് ശ്രമിക്കുന്നതായാൽ സംഗതി വേഗത്തിൽ സാധിക്കുമെന്നാണു് എന്റെ അഭിപ്രായം."

(ആത്മകഥാകഥനം)

മേലുദ്ധരിച്ചതിൽനിന്നും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ, പരേതനായ കാതോലിക്കാബാവാ, ഇപ്പോഴത്തെ കാതോലിക്കാ ബാവാ, ഓർത്തഡോക്സ് സഭയിലെ പ്രമുഖ നേതാക്കന്മാരായിരുന്ന മെ. ഈ. ജെ. ജോൺ, എം. എ. ചാക്കോ എന്നിവരെല്ലാം കത്തോലിക്കാ പുനരൈക്യത്തിനു വേണ്ടിയുള്ള എഴുത്തുകുത്തുകളിൽ വേണ്ട ആലോചനകളും പ്രേരണകളും മാർ ഈവാനിയോസ് തിരുമേനിക്കു നൽകിയിരുന്നുവെന്നുള്ളതു സുസ്പഷ്ടമാണല്ലോ. എന്നാൽ ഇവയെല്ലാം മാർ ഈവാനിയോസു തിരുമേനി സ്വയം പ്രവർത്തിച്ചതാണെന്നും, ഓർത്തഡോക്സ് സഭയിൽപ്പെട്ട ഒരുവൻപോലും പുനരൈക്യാലോചനകളിൽ പങ്കെടുത്തിട്ടില്ലായെന്നും ഈ അടുത്തകാലത്തു പ്രസ്തുതസമുദായാംഗങ്ങളായ ചിലർ യഥാർത്ഥസ്ഥിതി ഗ്രഹിക്കാതെ എഴുതിക്കാണുന്നതിൽ അത്ഭുതപ്പെടുന്നു. ഓർത്തഡോക്സ് സുസഭവകയായ "മലങ്കരസഭ" എന്ന മാസികയുടെ ഇക്കഴിഞ്ഞ ജൂലായ് ലക്കത്തിൽ ഫാദർ കെ. പി. പൗലൂസ് ബി ഡി. അവർകൾ എഴുതിയിരിക്കുന്ന ലേഖനം ഇതിനു് പ്രത്യക്ഷോദാഹരണമാണു്. അതെപ്പററി തുടർന്നുള്ള ഭാഗങ്ങളിൽ പ്രതിപാദിച്ചുകൊള്ളാം. റോമാസിംഹാസനവുമായി നടത്തിയ എഴുത്തുകുത്തുകളെപ്പററിയാണു് "ആത്മകഥാകഥന"ത്തിൽ തുടർന്നു് എഴുതിയിരിക്കുന്നതു്.


* ഇപ്പോഴത്തെ കാതോലിക്കാബാവാ.

* പരേതനായ കാതോലിക്കാബാവായുടെ കൈപ്പടയിൽ തന്നെ എഴുതിയ ആ സുറിയാനിക്കത്തു് എന്റെ കൈവശം വന്നുചേർന്നിട്ടുണ്ടു്. അതിന്റെ ബ്ലോക്കും പരിഭാഷയും മാർ ഈവാനിയോസു തിരുമേനിയുടെ ജീവചരിത്രഗ്രന്ഥത്തിൽ ചേർക്കുന്നതായിരിക്കും. (ലേഖകൻ)

## തിരുത്തു്

കഴിഞ്ഞലക്കം സത്യദീപം 2-ാം പേജു് 5-ാം കോളത്തിൽ "1929 ജൂൺമാസം 4-ാംനു-യിലെ മലയാളമനോരമയിൽ എഴുതിയിരുന്ന മുഖപ്രസംഗത്തിലെ ഒരു ഭാഗം" എന്നതു് "1929 ഡിസംബർ 21-ാംനു-യിലെ.." എന്നു തിരുത്തിവായിപ്പാനപേക്ഷ.

## വിനോദവീഥി



"ഹെയ്". ഞാൻ തുടർച്ചയായി 240 മണിക്കൂർ ഇതിന്റെ പുറത്തുതന്നെ കഴിച്ചുകൂട്ടി ലോകറെക്കാർഡും പുരസ്കാരവും നേടാൻ പോകുന്നു."

* * *



"കുടി നിന്നെ വളരെ നല്ലവളാക്കിയിരിക്കുന്നുട്ടോ മറിയം."

"ങേ! അതിനു് ഞാൻ കുടിക്കില്ലല്ലോ."

"നിന്റെയല്ല! എന്റെ കുടിയേ!"

* * *

ഭർത്താവു്: "എന്താ ചെയ്യുക, ഇപ്പോൾ കള്ളന്മാരേയുള്ളു ഈ ലോകത്തിൽ."

ഭാര്യ: "അതെന്തേ?"

ഭർത്താവു്: "ഇന്നുകാലത്താണു് ആ പാലുകാരൻ എടുക്കാത്ത ഒരു നാണയം കൊണ്ടുവന്നുതന്നതു്."

ഭാര്യ: "അതൊന്നു കാണട്ടെ."

ഭർത്താവു്: "അതപ്പഴേതന്നെ ഞാൻ ഇറച്ചിക്കാരനു കൊണ്ടുപോയി കൊടുത്തു. അയാൾ ഭാഗ്യത്തിനു് അതെടുത്തു."

* * *

സ്വകുടുംബത്തിന്റെ പൗരാണികതയെപ്പററി ആത്മപ്രശംസ ചെയ്തിരുന്ന ഒരാളോടു് ശ്രോതാക്കളിൽ ഒരാൾ ചോദിച്ചു: "അപ്പോൾ നിങ്ങളുടെ പൂർവ്വികന്മാർ നോഹിന്റെ പെട്ടകത്തിൽ ഉണ്ടായിരുന്നിരിക്കുമല്ലോ."

"ഇല്ലില്ല. അന്നും ഞങ്ങൾക്കു ഞങ്ങളുടെ സ്വന്തം ബോട്ടുണ്ടായിരുന്നു."


## നിങ്ങളറിഞ്ഞില്ലേ!

ആലുവായിൽ ചാത്തൻപടി ഞാറേഭാഗത്തു് റോസറി ഓയിൽമില്ലിനു സമീപമുള്ള ഞങ്ങളുടെ പാത്രക്കട സന്ദർശിപ്പിൻ. ചെമ്പു്, പിച്ചള, ഓട്ടു്, അലുമിനിയം എന്നിവ മിതമായ വിലയ്ക്കു് എല്ലായ്പോഴും ലഭിക്കുന്നതാണു്. പാത്രങ്ങൾ കേടുതീർത്തു് വെളുത്തീയത്തിൽ പൂശിക്കൊടുക്കപ്പെടും.

Prop: സി. സി. മാത്തപ്പൻ
ആലുവ


## For favours received



Excuse delay.
Fr. S. Malamel


## പ്രതിമാസ ഗ്രന്ഥക്ലബ്ബ്,

എറണാകുളം

പ്രതീക്ഷിച്ചിരുന്ന പുസ്തകം

## "എന്റെ ത്രിവിധജീവിതം"

കമ്മ്യൂണിസ്റ്റു് അണിയറകളിൽ പൊരുതിയ ഒരു ചാരന്റെ കഥ.


ബ. അൽഫോൺസമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

മേരി വക്കീ നടവക്കാട്ടു്,
തിടനാട്ടു്

## കൃതജ്ഞത



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

മിസ്സിസ് & മിസ്റ്റർ ലോനപ്പൻ
ചേറപ്പുഴക്കാരൻ
കിഴക്കെ അങ്ങാടി, തൃശ്ശൂർ

# കൽക്കദോനിയാ സൂനഹദോസിൻെറ 15-ാം ശതാബ്ദപൂർത്തി

## പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ "നിത്യരാജൻ" എന്നാരംഭിക്കുന്ന വിശ്വലേഖനം

(പരിഭാഷകൻ: ഫാദർ തോമസ്സ് വടക്കുശ്ശേരി എൽ. ഡി.)

വന്ദ്യസഹോദരരേ, ആരോഗ്യവും ശ്ലൈഹികാശീർവ്വാദവും.

നിത്യരാജനായ ക്രിസ്തു അപ്പോസ്തോലന്മാരോടു തന്നെ സംബന്ധിച്ചു മനുഷ്യരുടെയും അവരുടെതന്നെയും അഭിപ്രായം എന്താണെന്നു ആരാഞ്ഞശേഷം, യോനായുടെ പുത്രനായ പത്രോസിനു സഭയിൽ പ്രാഥമ്യം നൽകുന്നതിനു മുമ്പായി, "നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാകുന്നു" (1) എന്നീ വാക്കുകളിൽ സ്വർഗ്ഗീയപിതാവിനാൽ പ്രബുദ്ധനായി വി. പത്രോസ് പ്രകടിപ്പിച്ചതും, നരകത്തിൻെറ ആക്രമണങ്ങളെയും കൊടുങ്കാററുകളെയും പരാജയപ്പെടുത്തുന്നതിനു ഉദ്ദേശിക്കപ്പെട്ടിരുന്നതുമായ ആ വിശ്വാസത്തെ അസാമാന്യമായവിധം പ്രശംസിക്കുകയുണ്ടായി. അപ്പോസ്തോലന്മാരുടെ കിരീടങ്ങളെയും, രക്തസാക്ഷികളുടെ വിജയധ്വജങ്ങളെയും, കന്യകമാരുടെ ലില്ലിപുഷ്പങ്ങളെയും ഉല്ലാദിപ്പിക്കുകയും വിശ്വസിക്കുന്നവർക്കെല്ലാം ആയുസ്സിനായുള്ള ശക്തിയായിത്തീരുകയും (2) ചെയ്യുന്ന ഈ വിശ്വാസം പ്രധാനമായി നിക്യാ, കോൺസ്റ്റൻറിനോപ്പിൾ, എഫേസൂസ് എന്നീ മൂന്നു പൊതുസൂനഹദോസുകൾ മുഖേന ഫലവത്തായി സ്ഥാപിക്കപ്പെടുകയും മഹനീയമായി വിശദീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കൽക്കദോനിയാ സൂനഹദോസ് നടന്നിട്ടു പതിനഞ്ചു ശതാബ്ദം പൂർത്തിയാകുന്നതു ഇക്കൊല്ലമാണ് (1951)


ഇത്ര ആനന്ദസംദായകമായ ഒരു സംഭവം റോമ്മായിലും കത്തോലിക്കാലോകം മുഴുവനിലും ആഘോഷിക്കപ്പെടുന്നതു സമുചിതമത്രെ. ഇതുസംബന്ധിച്ചുള്ള ചടങ്ങുകൾ സകല സൽപ്രദേശങ്ങളുടെയും ദാതാവായ ദൈവത്തിനു ഹൃദയംനിറഞ്ഞ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു പ്രഖ്യാപനം ചെയ്യുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്.

സുഭഗസ്മരണാർഹനും നമ്മുടെ മുൻഗാമിയുമായ 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു 1925-ൽ നിക്യായിലെ വിശുദ്ധ സൂനഹദോസിൻെറ സ്മരണയെ ഈ നിത്യനഗരത്തിൽ ആഘോഷപൂർവ്വം കൊണ്ടാടുന്നതിനു ആഗ്രഹിച്ചു. വീണ്ടും ആ തിരുമേനി 1931-ൽ "സത്യപ്രകാശം" എന്നാരംഭിക്കുന്ന വിശ്വലേഖനത്താൽ എഫേസൂസിലെ വിശുദ്ധ സൂനഹദോസിനെയും അനുസ്മരിക്കുകയുണ്ടായി. അതുപോലെതന്നെ അന്യൂനമായ ബഹുമാനത്തോടും ശ്രദ്ധയോടുംകൂടെ കൽക്കദോനിയാ സൂനഹദോസിനെയും ഈ ലേഖനത്തിൽ സ്മരിക്കുന്നതിനു നാം അഭിലഷിക്കുന്നു. എന്തുകൊണ്ടെന്നാൽ എഫേസൂസിലെയും കൽക്കദോനിയായിലെയും സൂനഹദോസുകൾ മനുഷ്യാവതാരംചെയ്ത ദൈവവചനത്തിൻെറ വ്യക്തിത്വത്തിലുള്ള ഐക്യത്തെ പരാമർശിക്കുന്നതിനാൽ ഇവരണ്ടും അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. സ്വന്തം ആരാധനക്രമത്തിൽ ഈ രണ്ടു സൂനഹദോസുകളെയും സ്മരിക്കുന്ന പൗരസ്ത്യസഭ മാത്രമല്ല, മഹാനായ വി. ഗ്രിഗോരിയോസ് സാക്ഷ്യം വഹിക്കുന്നതുപോലെ പുരാതനകാലംതുടങ്ങി പാശ്ചാത്യസഭയും ഇവയെ ഏററവും ബഹുമാന്യസ്ഥിതിയിൽ പരിഗണിച്ചുവരുന്നു. വി. ഗ്രിഗോരിയോസ് ഈ രണ്ടു സൂനഹദോസുകളെയും അടുത്തുമുമ്പുള്ള ശതാബ്ദത്തിൽ നടന്ന നിക്യാ, കോൺസ്റ്റൻറിനോപ്പിൾ എന്നീ രണ്ടു സൂനഹദോസുകളോടൊപ്പം പ്രകീർത്തിച്ചുകൊണ്ടു സ്മരണീയമായ ഈ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നു:— "ഇവയിന്മേൽ ഒരു മൂലക്കല്ലിന്മേൽ എന്നവിധം വിശ്വാസമന്ദിരം ഉയർന്നുനില്ക്കുന്നു. ഇവയിന്മേൽ തൻെറ താങ്ങു കണ്ടെത്താത്തവൻ—അവൻെറ ജീവിതമോ പ്രവൃത്തനമോ എപ്രകാരം ആയിരുന്നാലും, ഒരു കല്ലുപോലെ സുദൃഢനായി അവൻ കാണപ്പെട്ടാലും—വാസ്തവത്തിൽ അവൻ മന്ദിരത്തിനു വെളിയിൽ ആയിരിക്കുന്നു." (3)

ഈ സംഭവത്തെയും ഇതിൻെറ സാഹചര്യങ്ങളെയും ശ്രദ്ധാപൂർവ്വം വിചിന്തനംചെയ്യുന്നെങ്കിൽ രണ്ടു സത്യങ്ങൾ പ്രത്യേകവിധം തെളിഞ്ഞുവിളങ്ങുന്നതായി കാണാം. അവയെ കഴിയുന്നിടത്തോളം ഊന്നിപ്പറയുവാൻ നാം ആഗ്രഹിക്കുന്നു, അതായതു് ക്രിസ്തുവിനെ സംബന്ധിച്ചുണ്ടായ അതിഗൗരവാവഹമായ വാദപ്രതിവാദത്തിൽനിന്നു വ്യക്തമായി നിർഗ്ഗമിക്കുന്ന റോമ്മാമാർപ്പാപ്പായുടെ പരമാധികാരം; വിശ്വാസസത്യസംബന്ധമായ തീരുമാനത്തിൽ കൽക്കദോനിയാ സൂനഹദോസിൻെറ പരമപ്രാധാന്യം. കാലദൗഷ്ട്യത്താൽ പ്രത്യേകിച്ചു പൗരസ്ത്യരാജ്യങ്ങളിൽ തിരുസഭാവക്ഷസ്സിൽനിന്നും ഐക്യത്തിൽനിന്നും വേർപെട്ടിട്ടുള്ളവർ അവരുടെ പൂർവ്വപിതാക്കന്മാരുടെ ഉപദേശത്തെയും മാതൃകയെയും അനുഗമിച്ചു റോമ്മാമാർപ്പാപ്പായുടെ പരമാധികാരത്തിനു യഥാർഹമായ ഭക്തിബഹുമാനം പ്രദർശിപ്പിക്കുന്നതിൽ വൈമുഖ്യം കാണിക്കാതിരിക്കട്ടെ. നെസ്തോറിയസിൻെറയും എവുത്തിക്കാസിൻെറയും അബദ്ധോപദേശങ്ങളിൽ കുടുങ്ങിയിരിക്കുന്നവർ അവഗാഢമായ അന്തർദൃഷ്ടിയോടുകൂടി ക്രിസ്തുവിനെ സംബന്ധിച്ച ദിവ്യരഹസ്യങ്ങളുടെ ഉള്ളിലേക്കു പ്രവേശിക്കയും, കൽക്കദോനിയായുടെ പ്രബോധനത്തെ പരിപൂർണ്ണമായി സ്വീകരിക്കയും ചെയ്യട്ടെ. മനുഷ്യരക്ഷയെ സംബന്ധിച്ച ദിവ്യരഹസ്യത്തെ നിരീക്ഷണം ചെയ്യുമ്പോൾ നവീനത്വത്തിനായുള്ള അതിരുകവിഞ്ഞ അഭിവാഞ്ഛനിമിത്തം ന്യായവും അലംഘനീയമായി സ്ഥാപിതവുമായിട്ടുള്ള പരിധികളെ ഉല്ലംഘിക്കുന്നതിനു ധൈര്യപ്പെടുന്നവർ സത്യത്തോടു കൂടുതൽ അവഗാഢമായി സംയോജിച്ചു് ഈ ഉപദേശത്തെപ്പററി വിചിന്തനം ചെയ്യട്ടെ. കത്തോലിക്കാ നാമധാരികളായ എല്ലാവരും ഈ ഉപദേശത്തിൽ സുവിശേഷത്തിലെ അനർഘരത്നമാകുന്ന വിശ്വാസത്തെ വാഗ്‌വിചാരങ്ങളിൽ പരിപുഷ്ടിപ്പെടുത്തുന്ന ശക്തിമത്തായ ഉത്തേജനം കണ്ടെത്തട്ടെ. അവർ വിശ്വാസത്തെ അന്യൂനമായി ഏററുപറഞ്ഞും പരിരക്ഷിച്ചും സർവ്വോപരി സ്വജീവിതത്താൽ ഈ ഉപദേശത്തിനു സാക്ഷ്യം വഹിക്കട്ടെ. ഇപ്രകാരമുള്ള ഒരു ജീവിതത്തിൽ ദൈവകാരുണ്യഫലമായി അസ്ഥിരവും അയോഗ്യവും കുററകരവുമായ സകലതും അപ്രത്യക്ഷമാകയും, പുണ്യപ്രഭ പ്രശോഭിക്കയുംചെയ്യും. ഇങ്ങനെ അവർ, നമ്മുടെ മനുഷ്യത്വത്തിൽ പങ്കുകാരനാകുവാൻ തിരുവുള്ളം തോന്നിയവൻെറ ദൈവത്വത്തിൽ ഭാഗഭാക്കുകളായിത്തീരുന്നതാണു്. (തുടരും)

(1) മത്താ. 16, 16.
(2) Cf. റോമ്മാ. 1, 16.
(3) "Registrum Epistolarum", 1, 25 (al. 24): PL 77, 478; ed Ewald, 1, 36.


For favours received




Excuse for delay.
Mrs. H. P. Thaliath,
Puthenpally



"മാധവ" ബാലപീയൂഷം

ഗ്രഹണി, കരപ്പൻ, ബാലപീഡ, കരൾവീക്കം മുതലായ എല്ലാവിധ ബാലരോഗങ്ങൾക്കും സിദ്ധൗഷധം. ശരീരപുഷ്ടിയും ഓജസ്സും നൽകുന്ന ഉത്തമ ടോണിക്ക്!

വില: 16 ഔ. കുപ്പി 3- 0-0
8 ഔ. കുപ്പി 1-10-0

Registered Trade Mark

മാധവഫാർമസി Ltd.,
എറണാകുളം

STOCKIST & AGENCIES

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, കായംകുളം, വൈക്കം, ചേർത്തല, കൊച്ചി, തൃപ്പൂണിത്തുറ, തൃശ്ശൂർ, പൊന്നാനി, തിരൂർ, ഫറോക്ക്, കോഴിക്കോട്, കൊടുവള്ളി, കല്പററ, ബത്തേരി, ബാലുശ്ശേരി, പേരാമ്പ്ര, പയ്യോളി, വടകര, കുററ്യാടി, മാഹി, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ, ഉദിനൂർ, തൃക്കരിപ്പൂർ, കാഞ്ഞങ്ങാട, കാസർഗോഡ്, മംഗലാപുരം, മദ്രാസ്, ബോംബെ, മലയ & സിലോൺ etc.


ഗ്രാമോദ്ധാരണപംക്തി

## മൃഗങ്ങളുടെ സാംക്രമികരോഗങ്ങൾ

# കരിങ്കാൽ

തൊണ്ടവീക്കംകഴിഞ്ഞാൽ അടുത്തതായി പ്രസ്താവയോഗ്യമായ സാംക്രമികരോഗമാണ് "കരിങ്കാൽ" അഥവാ "ബ്ളാക്ക്കാർട്ടർ". "ബ്ളാക്ക്ലെഗ്ഗ്" എന്നും ഇതിനെ പറയാറുണ്ട്. ആകെയുള്ള നാശത്തിൽ 10 ശതമാനം ഈ രോഗംമൂലമാണുണ്ടാകുന്നതെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഉന്നതമായ പർവ്വതപ്രദേശത്തു് ഈ രോഗം വളരെ സാധാരണമാണ്. എന്നാൽ താണുകിടക്കുന്ന മൈതാനപ്രദേശത്തും ഈർപ്പമുള്ള പ്രദേശത്തും ഇതു് അത്ര കുറവല്ല. ഇൻഡ്യയിൽ ഉഷ്ണകാലത്തു് ഈർപ്പമുള്ള താണുകിടക്കുന്ന പ്രദേശങ്ങളിൽ ഈ രോഗം പൊട്ടിപ്പുറപ്പെടുന്നു.

കരിങ്കാൽ കൂടുതലായി ആടുമാടുകളെയാണ് ബാധിക്കുന്നതു്. ആറുമാസംമുതൽ രണ്ടു വർഷംവരെ പ്രായമുള്ള കിടാക്കളാണ് ഈ രോഗത്തിനു കൂടുതലായി അധീനമാകുന്നതു്. മലിനമാക്കപ്പെട്ട ആഹാരപദാർത്ഥങ്ങൾവഴിയായി ഈ രോഗത്തിൻെറ അണുക്കൾ ശരീരത്തിൽ പ്രവേശിക്കുന്നു. ഈ രോഗം മനുഷ്യർക്കു് സാധാരണയുണ്ടാകാറില്ല. ഈ രോഗാണു പ്രാണവായുവിൻെറ അസാന്നിദ്ധ്യത്തിലാണ് വളരുന്നതു്. മണ്ണിനടിയിൽ ഇവ വളരെക്കാലം ജീവിക്കുന്നു.

"കരിങ്കാലി"ൻെറ ലക്ഷണങ്ങൾ കൃഷിക്കാർക്ക് സുപരിചിതങ്ങളാണ്. ആദ്യം ദൃശ്യമാകുന്ന ലക്ഷണം മുടന്താണത്രെ. മൃഗം വളരെ ക്ഷീണിച്ചു് കാണപ്പെടും. മററു മൃഗങ്ങളിൽനിന്നും ഒററതിരിഞ്ഞു നടക്കും. തീററിതിന്നുന്നതിനു് മടിയായിരിക്കും. പനിയുണ്ടായിരിക്കും. ശരീരത്തിൻെറ പല ഭാഗങ്ങളിലും നീരു് കാണപ്പെടും. സാധാരണ പിൻകാലിൽ ആയിരിക്കും. ഇതു വളരെ വേഗത്തിൽ വലുതാകും. ആരംഭത്തിൽ ഈ നീരു് ചൂടുള്ളതും വേദനയുള്ളതുമായിരിക്കും. എന്നാൽ ക്രമേണ തണുത്തതും വേദനകുറഞ്ഞതുമായിത്തീരും. ഈ ഭാഗങ്ങൾ വളരെ മാർദ്ദവമുള്ളതായിരിക്കും. തടവിനോക്കിയാൽ ഒരു ചെറിയശബ്ദം കേൾക്കാൻ കഴിയും. അല്പം മർദ്ദത്തോടെ തടവിയാൽ കടുക് ഉരുളുന്നതുപോലെ ഒരനുഭവം ഉണ്ടാകും. നീരു് കീറിയാൽ കറുത്തിരുണ്ട ഒരു ദ്രവകം പുറത്തുവരുന്നതു കാണാം. അതിനു് അസഹ്യമായ ദുർഗ്ഗന്ധവും ഉണ്ടായിരിക്കും. നീരിൻെറ ചുററുപാടിലുമുള്ള രോമങ്ങൾ നിഷ്പ്രയാസം പിഴുതെടുക്കുവാൻ സാധിക്കും. രോഗത്തിൻെറ പുരോഗമനത്തോടുകൂടി മൃഗത്തിനു് നിൽക്കാൻ സാധിക്കാതെയാവുന്നു. ഇങ്ങനെ രണ്ടു ദിവസംവരെ കിടക്കും. ചില സന്ദർഭത്തിൽ പത്തു ദിവസംവരെയും കിടക്കും.

നിർഭാഗ്യവശാൽ ഈ രോഗത്തിനും ഫലപ്രദമായ മരുന്നുകൾ ഒന്നുംതന്നെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. എന്നാൽ സീറവും വാക്സിനും വളരെ പ്രയോജനകരമായിത്തീർന്നിട്ടുണ്ടു്. രോഗത്തിൻെറ ആവിർഭാവത്തിൽ "ആൻറിസീറം" കൊടുത്താൽ അതിൻെറ ഫലം ഏകദേശം പത്തു ദിവസത്തേക്കു് നീണ്ടുനിൽക്കും. പിന്നീടു് വാക്സിൻ കൊടുക്കാം. ഏകദേശം ഒരു വർഷത്തേക്കു് അവയ്ക്കു് രോഗമുണ്ടാകുകയില്ല.

ചില പ്രദേശത്തു് ഇതു് പതിവായി ഉണ്ടാകാറുണ്ടു്. അങ്ങനെയുള്ള സ്ഥലങ്ങൾ നല്ലതുപോലെ ഉഴുതു മറിക്കണം. കുമ്മായം വിതറുന്നതും പ്രയോജനകരമാണ്. രോഗംവന്നു ചത്ത മൃഗങ്ങളെ മറവു ചെയ്യുക, തൊഴുത്തുകൾ അണുസംഹാരിണിലായനി ഉപയോഗിച്ചു് വൃത്തിയാക്കുക ഇവയൊക്കെയാണ് പിന്നീടു് ചെയ്യേണ്ട പ്രതിവിധികൾ.

—F. C. Kunnappally
Chirakadavoo.


✠ പരേതയായ



✠ പൈമ്പിള്ളിൽ
ആഗസ്തി റോസ
മരണം: 29—9—1953

ദയാപരനായ ഈശോയെ, ഇവക്കു നിത്യാശ്വാസം കൊടുത്തരുളേണമെ.

R. I. P.



2ND DEATH ANNIVERSARY



Mrs. MARY RAPHAEL (Moylan), Ollur
Died on 7th October 1951

# സത്യദീപം

പത്രാധിപന്മാർ

ഒവരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 | ERNAKULAM, OCTOBER 7, 1953 || No. 8


# ഭൂമിയില്ലാത്ത ജനങ്ങൾക്കു് ജനങ്ങളില്ലാത്ത ഭൂമി

ആസ്ട്രേലിയായിലെ മെത്രാന്മാർ എല്ലാവരുംകൂടി കൊല്ലംതോറും സാമൂഹികപ്രശ്നങ്ങളെ അധികരിച്ച് ഒരു പ്രസ്താവന ഇറക്കാറുണ്ടു്. 1953-ലെ പ്രസ്താവന ഈ സെപ്റ്റംബർ മാസത്തിലാണു പുറത്തുവന്നതു്. "ഭൂമിയില്ലാത്ത ജനങ്ങൾക്കു് ജനങ്ങളില്ലാത്ത ഭൂമി" എന്നു് ക്യാനഡായിലെ അപ്പസ്തോലിക് ഡലഗേററു് അവിടത്തെ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയുണ്ടായി. ആ തത്വമനുസരിച്ച്, കുടിയേററക്കാർക്കു വിജനമായിക്കിടക്കുന്ന ഭൂമി നൽകുവാൻ ധാർമ്മികമായ ചുമതല ആസ്ത്രേലിയക്കാർക്കുണ്ടെന്നു മെത്രാന്മാർ അവരെ അനുസ്മരിപ്പിച്ചിരിക്കുന്നു. സീമാതീതമായ ജനബാഹുല്യമുള്ള രാജ്യങ്ങളിലെ നിവാസികൾ ജനനനിരോധനം തുടങ്ങിയ കൃത്രിമമാർഗ്ഗങ്ങൾ അവലംബിക്കുകയും കഷ്ടതനിമിത്തം കമ്മ്യൂണിസത്തിലേക്കു വഴുതി വീഴുകയും ചെയ്യുമ്പോൾ, കൂടുതൽ ഭൂമി കൈവശമുള്ള ആസ്ത്രേലിയക്കാർ തങ്ങൾക്കുള്ള ഉത്തരവാദിത്വത്തെപ്പററി കണ്ണടച്ചുകളയാവുന്നതല്ലെന്നു മെത്രാന്മാർ പ്രസ്താവിക്കുന്നു. കുടിയേറിപ്പാർപ്പ് തൊഴിലില്ലായ്മയെ വർദ്ധിപ്പിക്കുമെന്നുള്ള ഭീതി അടിസ്ഥാനരഹിതമാണെന്നും ധാർമ്മികസിദ്ധാന്തങ്ങളെയല്ല, സാമ്പത്തികപദ്ധതികളെയാണു മാറേറണ്ടതെന്നും അവർ വ്യക്തമാക്കുന്നു. മെത്രാന്മാരുടെ അഭിപ്രായത്തിൽ ആസ്ത്രേലിയായ്ക്കു പററിയിരിക്കുന്ന തകരാറു് അപ്രധാനമായ വ്യവസായങ്ങളിലും അത്യാവശ്യകമല്ലാത്ത സാധനങ്ങളുടെ ഉല്പാദനത്തിലും അമിതമായ ശ്രദ്ധ വച്ചുന്നതാണു്.

ആസ്ട്രേലിയായിലെ വൈദികമേലദ്ധ്യക്ഷന്മാർ പുറപ്പെടുവിച്ചിരിക്കുന്ന 1953-ലെ സാമൂഹികപ്രസ്താവനയുടെ പേരു് "ജനങ്ങളില്ലാത്ത ഭൂമി" എന്നാണു്. അതിൽ ആദ്യമേതന്നെ, 1947-നും 1952-നുമിടയ്ക്കു 700000 പേർക്കു കുടിയേറിപ്പാർക്കുവാൻ ആസ്ട്രേലിയ സൗകര്യം ചെയ്തുകൊടുത്തുവെന്ന വസ്തുത അഭിമാനപൂർവ്വം അനുസ്മരിക്കുന്നു. ആ സംഖ്യ ഈ നൂററാണ്ടിന്റെ ആരംഭത്തിലെ പ്രസിദ്ധകുടിയേറിപ്പാർപ്പിന്റെ നാളുകളിൽ അമേരിക്കൻ ഐക്യനാടുകൾ അനുവദിച്ചതിനെ അപേക്ഷിച്ച് താരതമ്യേന കൂടുതലാണത്രെ.

മെത്രാന്മാർതുടരുന്നു: "ഇപ്രകാരം കുടിയേറിപ്പാർപ്പുകാരെ പ്രവേശിപ്പിച്ചതിനു പ്രതിഫലമായി ആസ്ത്രേലിയയ്ക്കുണ്ടായ സമ്പൽസമൃദ്ധിക്കു കയ്യും കണക്കുമില്ല. സാമ്പത്തികശാസ്ത്രവിദഗ്ദ്ധന്മാർ ആസ്ത്രേലിയായുടെ ഉല്പാദനവർദ്ധനവിൽ കുടിയേററക്കാർ വഹിച്ചിട്ടുള്ള പങ്കിനെ പണമായി കണക്കാക്കിട്ടുണ്ടു്. എന്നാൽ യൂറോപ്പിന്റെ പുരാതനസംസ്കാരവും അതിന്റെ ചിന്താഗതികളും കുടുംബജീവിതത്തെപ്പററിയുള്ള അതിന്റെ ക്രിസ്തീയമനോഭാവവും സംക്രമിച്ചതിന്റെ ഫലമായി ആസ്ത്രേലിയായ്ക്കുണ്ടായിട്ടുള്ള നേട്ടത്തിന്റെ വില നിർണ്ണയിക്കുവാൻ ആർക്കാണു സാധിക്കുക?"

### നയംമാററം

1952-ന്റെ മദ്ധ്യത്തിൽ ആസ്ത്രേലിയായുടെ കുടിയേറിപ്പാർപ്പ് നയത്തിൽ പെട്ടെന്നൊരു വ്യതിയാനം സംഭവിച്ചു. അവിടത്തെ തൊഴിലില്ലായ്മയും വിലക്കയററവുമാണു് അതിനു കാരണം. അത്തരം പ്രതികൂലസാഹചര്യങ്ങളിലും കുടിയേറിപ്പാർപ്പ് തുടരണമോ എന്നതാണു മെത്രാന്മാർ ഉന്നയിക്കുന്ന പ്രശ്നം. മാർപ്പാപ്പാമാരുടെ പ്രസ്താവനകൾ പരിശോധിച്ചശേഷം അവരിപ്രകാരം ഉപസംഹരിക്കുന്നു:-

കുടിയേറിപ്പാർക്കുന്നതിനു മനുഷ്യർക്കു പ്രകൃതിദത്തമായ അവകാശം ഉള്ളതാണു്. ധാർമ്മികദൃഷ്ട്യാ, ഗവമ്മെൻറുകൾക്കു് അതു നിഷേധിക്കാവുന്നതല്ല. ഒരു ജനതയുടെ വകയാണെന്ന ന്യായം പറഞ്ഞു് തരിശായിക്കിടക്കുന്ന ഭൂമി ആവശ്യക്കാർക്കു കൊടുക്കാതിരിക്കുന്നതു ശരിയല്ല. "വികസിക്കുവാൻ ആരംഭിക്കുകമാത്രം ചെയ്തിരിക്കുന്ന ആസ്ത്രേലിയപോലുള്ള ഒരു രാജ്യത്തിൽ, ഈ ഭൂഖണ്ഡത്തിന്റെ വിഭവങ്ങളുടെ കുത്തക നമുക്കു മാത്രമായിരിക്കണമെന്നുള്ളകോദ്ദേശ്യത്തോടുകൂടി, (ജനപ്പെരുപ്പമുള്ള രാജ്യങ്ങളിലെ) ലക്ഷോപലക്ഷമാളുകളെ അകററിനിർത്തുവാൻ മനസ്സാക്ഷിപ്രകാരം നമുക്കു് എങ്ങനെയാണു് സാധിക്കുക? സംഗതികൾ വ്യക്തമായിരിക്കേ, താദൃശമനോഭാവം പുലർത്തുന്നതുനിമിത്തം ജനങ്ങൾക്കു പാർക്കുവാൻ ഇടമില്ലാത്ത രാജ്യങ്ങളിൽ അനിവാര്യമായി ഉദയംചെയ്യുന്ന തിന്മകൾക്കു പരോക്ഷമായിട്ടെങ്കിലും നമ്മെത്തന്നെ ഉത്തരവാദികളാക്കുകയായിരിക്കും നാം ചെയ്യുന്നതു്.

"ദാരിദ്ര്യവും അരക്ഷിതാവസ്ഥയും മാതാപിതാക്കന്മാരെ തങ്ങളുടെ കുടുംബാംഗങ്ങളുടെ എണ്ണം കൃത്രിമമായി നിയന്ത്രിക്കുവാൻ പ്രേരിപ്പിക്കുമ്പോൾ, അതിനുള്ള നിവാരണോപാധികൾ ഇത്രയേറെ കൈവശം വച്ചുകൊണ്ടിരിക്കുന്നവരായ നമുക്കു് എങ്ങനെയാണു് ഉത്തരവാദിത്വത്തിൽനിന്നു നമ്മെത്തന്നെ ഒഴിവാക്കാൻ കഴിയുന്നതു്? ദാരിദ്ര്യവും അരക്ഷിതാവസ്ഥയും, മററുവിധത്തിൽ നോക്കുമ്പോൾ നല്ലവരായ പുരുഷന്മാരേയും സ്ത്രീകളേയും നിരാശനിമിത്തം കമ്മ്യൂണിസത്തിനുവേണ്ടി തങ്ങളുടെ വോട്ടുകൾ നൽകാനും അങ്ങനെ ക്രിസ്തുമതതാല്പര്യങ്ങളെ അപകടത്തിലാക്കുവാനും പ്രേരിപ്പിക്കുമ്പോൾ, അലസരായിരിപ്പാനും നമ്മെക്കൊണ്ടു് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല എന്നു ഭാവിപ്പാനും നമുക്കു് എങ്ങനെയാണു സാധിക്കുക?"

കുടിയേറിപ്പാർപ്പുകാരെ അകററിനിർത്തുന്നതിനു കൊണ്ടുവരുന്ന ന്യായങ്ങളായ തൊഴിലില്ലായ്മയേയും വിലക്കയററത്തേയും "ജനപദത്തിന്റെ നയവൈകല്യങ്ങൾ... സുഖഭോഗങ്ങൾക്കും അത്യാവശ്യമില്ലാത്ത വസ്തുക്കൾക്കുമായി നമ്മുടെ ദേശീയവരുമാനത്തിന്റെ വളരെ വലുതായ ഒരംശം ചെലവഴിക്കാൻ പ്രത്യക്ഷത്തിൽ നമുക്കുള്ള ദൃഢനിശ്ചയം" എന്നെല്ലാം മെത്രാന്മാർ അപലപിക്കുന്നു. ആസ്ത്രേലിയാക്കാർ തങ്ങളുടെ മൂലധനത്തിന്റെ സിംഹഭാഗവും തലസ്ഥാനനഗരങ്ങളിലെ അപ്രധാനവും അനാവശ്യകവുമായ വ്യവസായങ്ങൾക്കായി വിനിയോഗിക്കുകയും എന്നാൽ അതേസമയംതന്നെ സാമ്പത്തികജീവിതത്തിന്റെ രക്തധമനികളാകുന്ന കൃഷിയും ഗതാഗതസൗകര്യങ്ങളും അടിസ്ഥാനവ്യവസായങ്ങളും മൂലധനമില്ലാതെ വിഷമിക്കാൻ അനുവദിക്കുകയും ചെയ്യുന്നതു ബുദ്ധിശൂന്യമാണെന്നു മെത്രാന്മാർ ചൂണ്ടിക്കാണിക്കുന്നു. ഗവമ്മെൻറിനും സ്വകാര്യവ്യക്തികൾക്കും ഏററം വ്യയഹേതുകമായ ടെലവിഷൻ തുടങ്ങിയ സുഖസാമഗ്രികൾക്കായി ഇക്കാലയളവിൽ പണം മുടക്കുന്നതു വലിയൊരു വിപത്തുതന്നെയായിരിക്കുമെന്നാണു മെത്രാന്മാരുടെ ഖണ്ഡിതമായ അഭിപ്രായം.

### നമുക്കുള്ള പാഠങ്ങൾ

ആസ്ത്രേലിയായിലെ മെത്രാന്മാരുടെ പ്രസ്താവനയിൽനിന്നു നമുക്കും ചില പാഠങ്ങൾ പഠിക്കേണ്ടതുണ്ടു്. ഭൂമി ആവശ്യത്തിലധികം കൈവശം വെച്ചുകൊണ്ടിരിക്കുന്നവർ മററുള്ളവരുടെ കാര്യം അനുകമ്പാപൂർവ്വം പരിഗണിക്കേണ്ടതാണു്. കത്തോലിക്കാപ്രവർത്തനസഖ്യം, വിൻസെൻറു് ഡി പോൾസംഘം മുതലായ സംഘടനകൾ മുഖേന ഏതാദൃശപ്രശ്നങ്ങൾക്കു നിവാരണം വരുത്തുവാൻ ശ്രമിക്കുന്നതു് അത്യുത്തമമായിരിക്കും. ചില പട്ടണങ്ങളിൽ വൈദികമേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിലും സാധുക്കളെ ഉദ്ദേശിച്ചുള്ള ഭവനനിർമ്മാണപദ്ധതികൾ പുരോഗമിച്ചുവരുന്നുണ്ടു്. ഇന്നത്തേതിനെക്കാൾ വിപുലമായതോതിൽ ഭൂവിതരണം സാധിക്കേണ്ടതും അത്യന്താപേക്ഷിതമായിരിക്കുന്നു. അതിനു നമ്മുടെ സംഘടനകളും പൊതുസ്ഥാപനങ്ങളും ശ്രമിക്കുന്നതു് ആശാസ്യമായിരിക്കുമെന്നതിനെപ്പററി അഭിപ്രായവ്യത്യാസത്തിനു വഴിയില്ല.

അപ്രധാനവും അവശ്യാവശ്യകമല്ലാത്തതുമായ വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ നിത്യോപയോഗപ്രദങ്ങളായ വസ്തുക്കളുടെ ഉല്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നുള്ള മെത്രാന്മാരുടെ അഭിപ്രായവും തികച്ചും ആദരണീയമാണു്. സാധാരണക്കാരന്റെ ജീവിതത്തോതുയർത്തുക എന്നതായിരിക്കണമല്ലോ ഗവമ്മെൻറിന്റേയും മററു പൊതുസ്ഥാപനങ്ങളുടേയും ലക്ഷ്യം. അതിനുപകരിക്കുന്ന വ്യവസായങ്ങൾക്കും പദ്ധതികൾക്കുമാണു മുൻഗണന നൽകേണ്ടതു്. ആകയാൽ കൃഷിവികസനം, ഗ്രാമങ്ങളിലെ ഗതാഗതസൗകര്യങ്ങളുടെ വിപുലീകരണം, നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം, ആവശ്യത്തിനുവേണ്ടിടത്തോളമുള്ള വസ്ത്രോല്പാദനം തുടങ്ങിയ കാര്യങ്ങൾക്കായി പൊതുമുതൽ വിനിമയംചെയ്യുകയും ധനികവർഗ്ഗത്തിന്റെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പൊതുമുതൽ ദുർവ്യയം ചെയ്യാതിരിക്കുകയുംവേണം.

## തിരുനാൾമംഗളം



കൊല്ലംമെത്രാൻ റൈററ് റവ. ഡോക്ടർ ജറോം ഫർണാണ്ടസ് തിരുമേനിയുടെ നാമഹേതുകദിനം സെപ്റ്റംബർ 30-ാംനു ആയിരുന്നു.

## പ്രസാധകക്കുറിപ്പുകൾ

### ഇടതുപക്ഷപാർട്ടികൾ ഒന്നിച്ചു് കോൺഗ്രസ്സിനെതിരായി മത്സരിക്കും

തിരു-കൊച്ചി നിയമസഭ പിരിച്ചുവിടുകയും പുതിയ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ തുടങ്ങുകയും ചെയ്തിരിക്കുകയാണല്ലോ. ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സു് പാർട്ടിയെ തോല്പിച്ചു് ഭരണം പിടിച്ചെടുക്കണമെന്നു് ഇടതുപക്ഷപാർട്ടികൾ വ്രതം ചെയ്തിരിക്കുന്നതായികാണുന്നു. കമ്മ്യൂണിസ്റ്റു്, ആർ. എസ്സ്. പി., കെ. എസ്. പി. എന്നീ പാർട്ടികൾ ഐക്യമുന്നണി എന്ന നാമത്തിൽ ഒരുമിച്ചുനിന്നാണല്ലോ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെതിരായി മത്സരിച്ചതു്. അതിനുശേഷം ആ ഐക്യത്തിനു സാരമായ ഭംഗം നേരിടുകയുണ്ടായി. അതിന്റെ ഫലം തിരു-കൊച്ചിയിലെ മുനിസിപ്പൽ തിരഞ്ഞെടുപ്പിലും പഞ്ചായത്തു തിരഞ്ഞെടുപ്പിലും പ്രത്യക്ഷപ്പെടുകയുംചെയ്തു. അതിൽനിന്നു് ഒരു നല്ലപാഠം പഠിച്ചുകൊണ്ടു് ആ പാർട്ടികൾ വീണ്ടും ഒന്നിച്ചുനിന്നു കോൺഗ്രസ്സിനെ തുരത്താൻ കോപ്പുകൂട്ടുകയാണു്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പി. എസ്സ്. പി. ഐക്യമുന്നണിയോടു ചേരാതെ സ്വതന്ത്രമായി നിന്നാണു് മത്സരിച്ചതു്. ഇനിയത്തെ തിരഞ്ഞെടുപ്പിൽ പി. എസ്സ്. പി. യേയും തങ്ങളുടെ കൂട്ടുകെട്ടിൽ ചേർക്കണമെന്നാണു് ഐക്യമുന്നണിയുടെ ഉദ്ദേശ്യം. അതിനായി അവരും അനുഭാവികളും പി. എസ്സ്. പി. യുടെ തിരു-കൊച്ചിയിലെ നേതാവായ ശ്രീ പട്ടം താണുപിള്ളയെ സകല തന്ത്രങ്ങളും ഉപയോഗിച്ചു് പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണു്.

* * *

### ഇടതുപക്ഷനേതൃത്വം ഏറെറടുക്കാൻ ശ്രീ പട്ടം തയ്യാറാണത്രെ

ആ പ്രേരണയ്ക്കു് അദ്ദേഹം വഴിപ്പെടണമെന്നു കുമാരി മസ്ക്രീൻപോലും അഭ്യർത്ഥിച്ചിരിക്കുന്നു. "രാജ്യസേവനത്തിനു് ഇടതുപക്ഷകക്ഷികൾക്കു് ലഭിച്ചിട്ടുള്ള ഒരു സുവർണ്ണാവസരമാണിതു്. ഈ രാജ്യത്തു് ഇന്നുള്ള ഇടതുപക്ഷങ്ങളുടെ രാഷ്ട്രീയാഭിപ്രായങ്ങൾ ഒതുക്കി അങ്ങനെ ഇടതുപക്ഷങ്ങളെ ഒരു ചേരിയിൽ നിർത്തി വരുന്ന തിരഞ്ഞെടുപ്പിൽ ഒററക്കക്ഷിയായി മത്സരിച്ചു് വിജയം നേടാൻ ശ്രീ പട്ടംതാണുപിള്ള മുൻകൈയെടുത്തു് ഇപ്പോൾ പ്രവർത്തിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു" എന്നിങ്ങനെ കുമാരി മസ്ക്രീൻ പ്രസ്താവിച്ചതായി കേരളകൗമുദിയുടെ സ്വന്തം ലേഖകൻ റിപ്പോർട്ടുചെയ്തിരിക്കുന്നു. ആ പത്രം അതേലക്കത്തിൽ ഒരു മുഖപ്രസംഗമെഴുതി പട്ടത്തിന്റെ നേതൃത്വം അഭ്യർത്ഥിച്ചിട്ടുണ്ടു്. മുഖപ്രസംഗം അവസാനിക്കുന്നതിങ്ങനെയാണു്: "ശ്രീ പട്ടത്തിനു് കുററങ്ങളും കുറവുകളും ഉണ്ടെന്നു് ഞങ്ങൾ സമ്മതിക്കുന്നു. കുററമററവർ ആരുമില്ലല്ലോ. എങ്കിലും പട്ടത്തെപ്പോലെ ബഹുജനസമ്മതി ആർജ്ജിച്ചിട്ടുള്ള ഒരു നേതാവിന്റെ നേതൃത്വം ഈ ഇടതുപക്ഷ ഐക്യത്തിനു് വിലതീരാത്ത ഒരു നേട്ടമായിരിക്കും. കഴിഞ്ഞ 6 കൊല്ലത്തെ കോൺഗ്രസ്സ് ഭരണം വരുത്തിവച്ച കെടുതികളുടെ ഭയങ്കരഫലങ്ങൾ അനുഭവിച്ചു് ശ്വാസംമുട്ടിക്കഴിയുന്ന ഈ രാജ്യവാസികൾ ആശ്വാസത്തിനും മോചനത്തിനുംവേണ്ടി പട്ടത്തിന്റെ നേരെയാണു് ദൃഷ്ടികൾ ഇന്നു തിരിക്കുന്നതെന്ന വസ്തുത ഞങ്ങൾ അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. അദ്ദേഹം സ്വന്തം നില വിശദമാക്കുമോ?" പിറേറദിവസം ഈ ചോദ്യത്തിനു് മറുപടി ശ്രീ പട്ടം നൽകിയതായി പത്രറിപ്പോർട്ടുകളിൽ കാണുന്നു. "ഞാനൊരു പാർട്ടിയെ പ്രതിനിധീകരിക്കുന്ന ആളാണു്. എന്റെ പാർട്ടിയുടെ തത്വങ്ങൾക്കും പരിപാടികൾക്കും യോജിച്ചവിധത്തിൽ തിരു-കൊച്ചിയിൽ കോൺഗ്രസ്സിനെ തോല്പിക്കുന്നതിനുവേണ്ടി മററു കക്ഷികളുമായി യോജിച്ചു പ്രവർത്തിക്കാൻ എന്നാൽ കഴിവുള്ളതെല്ലാം ചെയ്യാൻ ഞാൻ സന്നദ്ധനാണു്" എന്നാണത്രെ ഒരു തൊഴിലാളി മഹായോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചതു്. എസ്സ്. എൻ. ഡി. പി. യുടെ ഇപ്പോഴത്തെ പ്രസിഡൻറായ മി. കെ. സുകുമാരൻ ചെയ്ത ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതും ഈയവസരത്തിൽ ശ്രദ്ധേയമാണു്. "ഈ രാജ്യത്തെ ഇടതുപക്ഷങ്ങൾ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ യോജിച്ചു്, പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെതിരായി മത്സരിക്കുകയാണെങ്കിൽ, ഈഴവരും ഈഴവരെപ്പോലെ സാമ്പത്തികമായ പരാധീനതകളിൽപ്പെട്ടു് നട്ടംതിരിയുന്നവരായ ഇതരസമുദായാംഗങ്ങളും ആ സംയുക്തപാർട്ടിക്കു് നിസ്സന്ദേഹമായി വോട്ടു നൽകി സഹായിക്കണമെന്നാണു്" തന്റെ "അഭിലാഷം."

അടുത്ത തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു് വലിയ ഭൂരിപക്ഷം നിശ്ചയമായും ലഭിക്കുമെന്നു് വിശ്വസിച്ചു് തൃപ്തിയടയുന്നവരുടെ കണ്ണുതുറക്കാൻ ഈ വസ്തുതകളും പ്രസ്താവങ്ങളും ഉപകരിക്കുമോ?

* * *

### ഇതരപാർട്ടികളെ കമ്മ്യൂ: പാർട്ടി വിഴുങ്ങും

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഐക്യമുന്നണിയിൽ വിജയംവരിച്ചവരിൽ മഹാഭൂരിപക്ഷം കമ്മ്യൂ: പാർട്ടിയംഗങ്ങളായിരുന്നല്ലോ. അക്കാരണത്താൽ കമ്മ്യൂ: പാർട്ടി അംഗം നിയമസഭയിൽ അവരുടെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടു. തെക്കുകിഴക്കേ യൂറോപ്പിലേയും മററും അനുഭവം വച്ചുനോക്കിയാൽ കാണാം, കമ്മ്യൂ: പാർട്ടി ഉൾപ്പെട്ട സംയോഗത്തിൽ ആ പാർട്ടി ഇതരപാർട്ടികളെയെല്ലാം ക്രമേണ വിഴുങ്ങിക്കളയുകയാണു് ചെയ്തിട്ടുള്ളതെന്നു്. അതിനുള്ള അടവുകൾ അവർക്കു സ്വാധീനവുമാണു്. ഹങ്കറിയിൽ ഈ അടവു് അവർ പ്രയോഗിച്ചതെങ്ങനെയെന്നു്

അവിടത്തെ ഡെപ്യൂട്ടി പ്രധാനമന്ത്രിയും പിന്നീട്ട പ്രധാനമന്ത്രിയുമായിരുന്ന മി. മത്യാസ് റെക്കോസി എന്ന കമ്മ്യൂണിസ്റ്റ് നേതാവ് കമ്മ്യൂണിസ്റ്റ് ചേരിയിലുള്ള തൊഴിലാളികളോട്ട ചെയ്ത ഒരു പരസ്യപ്രസംഗത്തിൽ വിശദീകരിക്കുകയുണ്ടായി. സ്മാൾഹോൾഡേഴ്സ് പാർട്ടിക്ക് 56 ശതമാനം വോട്ടുകളും കമ്മ്യൂണിസ്റ്റു പാർട്ടിക്ക് 17 ശതമാനം വോട്ടുകളും പെസൻറ് പാർട്ടിക്ക് 8-ൽ താഴെ ശതമാനം വോട്ടുകളും കിട്ടിയെന്നു് അദ്ദേഹം പറഞ്ഞു. "എന്നുവരികിലും കമ്മ്യൂ: പാർട്ടി ഈ തിരഞ്ഞെടുപ്പുഫലങ്ങളെ അതിന്റെ നിലകൾ കൂട്ടുതൽ ശക്തിപ്പെടുത്തുവാൻ വിനിയോഗിച്ചു" എന്നദ്ദേഹം തുടർന്നു. അതെങ്ങനെയാണെന്നു വിശദീകരിക്കുകയും ചെയ്തു. "ഡെപ്യൂട്ടി പ്രധാനമന്ത്രിയുടേയും ആഭ്യന്തരമന്ത്രിയുടേയും ഉദ്യോഗങ്ങൾ തങ്ങൾക്കുവേണമെന്നു് കമ്മ്യൂണിസ്റ്റു പാർട്ടി ആവശ്യപ്പെട്ടു. ഗവർമ്മെൻറിൽ ഞങ്ങളുടെ സ്വാധീനശക്തി ബലപ്പെടുത്തുവാൻവേണ്ടി ഞങ്ങൾ സുപ്രീം എക്കണോമിക് കൗൺസിൽ (പരമാധികാരമുള്ള സാമ്പത്തികസമിതി) സൃഷ്ടിച്ചു. അതുവഴിയായി സാമ്പത്തികജീവിതത്തിലെ താക്കോൽസ്ഥാനങ്ങളെ ക്രമേണ ഞങ്ങൾ സ്വാധീനത്തിലാക്കി. അങ്ങനെ, തിരഞ്ഞെടുപ്പുഫലങ്ങൾ എതിരായിരുന്നിട്ടും, നമ്മുടെ പാർട്ടി ഗവർമ്മെൻറിന്റെ ഏററവും പ്രധാനപ്പെട്ട അധികാരരംഗങ്ങളിൽ അതിന്റെ സ്വാധീനശക്തി വ്യാപിപ്പിച്ചു." ന്യൂനപക്ഷം വോട്ടുകൾമാത്രം കിട്ടിയിട്ടും ബാക്കിയുള്ള പാർട്ടികളെയെല്ലാം അടിപ്പെടുത്തി അധികാരം സ്വന്തം കരങ്ങളിൽ കേന്ദ്രീകരിക്കുവാൻ ഹങ്കറിയിലെ കമ്മ്യൂണിസ്റ്റുപാർട്ടിക്കു സാധിച്ചു. തെക്കുകിഴക്കൻ യൂറോപ്പിലെ മററു രാജ്യങ്ങളിലും ഇതുതന്നെയാണു നടന്നതു്. അങ്ങനെയെങ്കിൽ സംയുക്തപാർട്ടിയിലെ മററു പാർട്ടികളെ അപേക്ഷിച്ചു് കൂടുതൽ വോട്ടുകൾ കിട്ടാൻ സാദ്ധ്യതയുള്ള തിരു-കൊച്ചിയിലെ കമ്മ്യൂ: പാർട്ടി ആ പാർട്ടികളെയെല്ലാം കീഴ്പ്പെടുത്തിവച്ചുകൊണ്ടു് കമ്മ്യൂ: പരിപാടികൾ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുമെന്നുള്ളതിനു് വല്ല സംശയവുമുണ്ടോ?

കമ്മ്യൂണിസത്തെ വെറുക്കുവാനും ഭയപ്പെടുവാനും ന്യായമുള്ളവർക്കു് അടുത്ത തിരഞ്ഞെടുപ്പു് ജീവനും മരണവും തമ്മിലുള്ള ഒരു സമരമായിരിക്കുമെന്നു് വിചാരിക്കരുതോ?

* * *

## ഭൂദാനയജ്ഞത്തെപ്പററി

## കത്തോലിക്കാപത്രത്തിന്റെ

## പരാമർശനം

മീനച്ചിൽതാലൂക്കിൽ ഭൂദാനയജ്ഞപ്രസ്ഥാനത്തിനു് വേണ്ടത്ര പ്രോത്സാഹനവും സഹകരണവും ഉണ്ടാകുന്നതിലേക്കായി പാലാ സത്രത്തിൽവച്ചു് ഒക്ടോബർ 2-ാംനു-മുതൽ 8-ാംനു-വരെ ഒരു ഭൂദാനയജ്ഞപരിശീലനക്യാമ്പ് നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. ഭൂദാനയജ്ഞത്തെപ്പററി ബോംബെയിലെ "എക്സാമിനർ" എന്ന കത്തോലിക്കാവാരിക അതിന്റെ പ്രസാധകക്കുറിപ്പുകളിൽ ചെയ്തിട്ടുള്ള പരാമർശനം ഉദ്ധരിക്കുന്നതു് ഈയവസരത്തിൽ ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ആചാര്യവിനോബാ ഭൂവിതരണപ്രശ്നം ഏററവും പ്രധാനമായ ഒന്നായി തിരഞ്ഞെടുത്തതിൽ അദ്ദേഹത്തിന്റെ യാഥാർത്ഥ്യബോധം മികച്ചുകാണുന്നുണ്ടു്. കാരണം, അനേകമനേകം ഇൻഡ്യാക്കാരുടെ സുരക്ഷിതത്വത്തേയും ക്ഷേമത്തേയും അതു സ്പർശിക്കുന്നു. തെലങ്കാനായിൽ ബലപ്രയോഗത്താലും ഭീകരപ്രവൃത്തനങ്ങളാലും ഭൂപ്രശ്നംപരിഹരിക്കുവാൻ കമ്മ്യൂണിസ്റ്റുകാർ ചെയ്ത ശ്രമമാണ് അനന്യസാധാരണമായ ഭൂദാനയജ്ഞപ്രസ്ഥാനം ആരംഭിക്കുവാൻ വിനോബാജിക്കു പ്രേരണ നൽകിയതു്. അതുവഴിയായി രണ്ടുകൊല്ലവും ആറുമാസവും കൂടിയ കാലഘട്ടത്തിനുള്ളിൽ 22ലക്ഷം ഏക്കർഭൂമി ശേഖരിച്ചുകഴിഞ്ഞു. അതിൽ 12 ലക്ഷം ബീഹാറിൽത്തന്നെയാണ് ദാനം ചെയ്യപ്പെട്ടതു്. ആ ഒരു സംസ്ഥാനത്തു് സാധിച്ചതു് മററു സംസ്ഥാനങ്ങളിലും സാധിക്കാൻ കഴിയുന്നതാണ്. അങ്ങനെ 1957 അവസാനത്തോടുകൂടി 5 കോടി ഏക്കർ ഭൂമി ശേഖരിക്കണമെന്നുള്ള ലക്ഷ്യം അസാദ്ധ്യമാകാൻ പാടുള്ളതല്ല. മഹാത്മാഗാന്ധിയുടെ വിശ്വസ്താനുയായിയായ ആചാര്യവിനോബാ ധനവാന്മാർ ദരിദ്രരുടെ വിചാരിപ്പുകാരാണെന്നുള്ള തന്റെ ഗുരുവിന്റെ സിദ്ധാന്തം ഭൂപ്രശ്നത്തിനു് ബാധകമാക്കി. മനുഷ്യസ്വഭാവത്തിൽ വിശ്വസിച്ചുകൊണ്ടു് ചരിത്രപ്രസിദ്ധമായ പ്രസ്ഥാനം അദ്ദേഹം ആരംഭിക്കുകയുംചെയ്തു. ഈ വിശ്വാസമില്ലെങ്കിൽ കാര്യമായ യാതൊന്നും ശ്രമിക്കുവാനും നടത്തുവാനും സാദ്ധ്യമല്ലല്ലോ. ഭൂമിയുടെ പുനർവിഭജനം നടത്തുവാൻ നിയമനിർമ്മാണം ഉണ്ടാകുന്നതുവരെ അദ്ദേഹം കാത്തിരുന്നില്ല. കമ്മ്യൂണിസ്റ്റുകാരും അങ്ങനെ കാത്തിരുന്നിട്ടില്ലല്ലോ. എന്നാൽ കമ്മ്യൂണിസ്റ്റുകാർ അവരുടെ ലക്ഷ്യം പ്രാപിക്കുവാൻ ബലപ്രയോഗത്തെ ആശ്രയിച്ചപ്പോൾ, വിനോബാ സമാധാനപരവും അക്രമരഹിതവുമായ മാർഗ്ഗങ്ങളെയാണ് അവലംബിച്ചതു്. ചില സംസ്ഥാനങ്ങൾ ഭൂദാനപ്രസ്ഥാനത്തെ പുരോഗമിപ്പിക്കുവാൻ നിയമനിർമ്മാണം ചെയ്യുന്നുണ്ടെന്നു കാണുന്നതു് പ്രോത്സാഹജനകമാകുന്നു. ഉത്തരപ്രദേശത്തും മദ്ധ്യഭാരതത്തിലും ഭൂദാനനിയമങ്ങൾ പാസാക്കപ്പെട്ടിട്ടുണ്ടു്. അവയ്ക്കു് വിനോബായുടെ അംഗീകാരം സിദ്ധിച്ചിട്ടുമുണ്ടു്. ബീഹാറിൽ ഒരു ഭൂദാനബിൽ രൂപീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ശരിയായവഴിക്കുള്ള—"സർവ്വോദയ" സമുദായത്തിന്റെ വഴിക്കുള്ള—പ്രസ്ഥാനങ്ങളാണ്. സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവുമായ സമത്വം ഉൾക്കൊള്ളുന്നതും മനുഷ്യരുടെയിടയിൽ പരസ്പരസഹകരണം ഉളവാക്കുന്നതുമായ സമുദായമാണ് മഹാത്മാഗാന്ധി വിഭാവനം ചെയ്തിരിക്കുന്ന സർവ്വോദയസമുദായം. ഇത്ര ഗുണപ്രദമായ ഒരു ബഹുജനപ്രസ്ഥാനത്തിന്റെ പ്രചോദനം ആചാര്യവിനോബാ നൽകിയതു് സമുചിതമായിരിക്കുന്നു. തന്റെ ഗുരുവിന്റേയും സ്നേഹിതന്റേയും കാല്പാടുകളെ ഏററവും അടുത്തു് പിൻതുടർന്നവനെന്നനിലയിൽ അദ്ദേഹത്തിനു് അതു് അനുയോജ്യവുമായിരിക്കുന്നു.

* * *

## ഇന്ത്യയിലെ രൂപതകളേയും

## അതിരൂപതകളേയും

## തിരുസിംഹാസനം

## പുനഃസംഘടിപ്പിക്കുന്നു

ഇന്ത്യയിലെ രൂപതകളുടേയും അതിരൂപതകളുടേയും ഭരണം മിഷനറിസമൂഹത്തിൽപ്പെട്ടവൈദികവര്യന്മാരാണ് സാമാന്യമായി നിർവ്വഹിച്ചുപോന്നിരുന്നതു്. തന്മൂലം ഒരേ മിഷനറിസമൂഹത്തിൽപ്പെട്ട വൈദികവര്യന്മാരുടെ ഭരണത്തിൻകീഴിലുള്ള പ്രദേശം അതിരൂപതയും അതിലുൾപ്പെട്ട സാമന്തരൂപതകളുമായി സ്ഥിതിചെയ്തിരുന്നു. രൂപതകളുടേയും അതിരൂപതകളുടേയും ഇത്തരത്തിലുള്ള വിഭജനം ഭൂമിയുടെ കിടപ്പിനു് യോജിക്കാത്തതായിവന്നു. ഉദാഹരണമായി ബോംബെ ഒരു അതിരൂപതയും, അവിടെനിന്നു് വിദൂരങ്ങളിൽ സ്ഥിതിചെയ്യുന്ന മധുര, തൂത്തുക്കുടി, കോഴിക്കോട്ടു് എന്നിവ അതിന്റെ സാമന്തരൂപതകളുമായിരുന്നു. കൊച്ചി രൂപത ഗോവാ അതിരൂപതയിൽ പെട്ടിരുന്നു. ഈ വിഭജനസമ്പ്രദായം മാററി ഭൂമിയുടെ കിടപ്പനുസരിച്ചുള്ള ഒരു പുനർവിഭജനം നടത്തണമെന്നു് തിരുസിംഹാസനം കുറേക്കാലമായി ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ ആ പുനർവിഭജനം തിരുസിംഹാസനത്തിൽനിന്നു് നടത്തപ്പെട്ടിരിക്കുന്നു. അതിരൂപതകളുടെ എണ്ണവും ഈ പുനഃസംഘടനയിൽ വർദ്ധിപ്പിക്കപ്പെട്ടു. ബാംഗളൂർ, മധുര, ഹൈദ്രബാദ്, റാഞ്ചി, നാഗപ്പൂർ എന്നീ രൂപതകൾ അതിരൂപതകളായി ഉയർത്തപ്പെട്ടിരിക്കുകയാണ്. ഇതനുസരിച്ചുള്ള അതിരൂപതകളുടേയും സാമന്തരൂപതകളുടേയും (ബ്രാക്കററിൽ) ലിസ്റ്റ് താഴെ ചേർക്കുന്നു.

വരാപ്പുഴ (കോഴിക്കോട്ടു്, കൊച്ചി, കോട്ടാർ, കൊല്ലം, ലത്തീൻതിരുവനന്തപുരം, ആലപ്പുഴ)

മധുര (തൃശ്ശിനാപ്പള്ളി, തൂത്തുക്കുടി)

പോണ്ടിച്ചേരി (സേലം, കുംഭകോണം, തഞ്ചാവൂർ)

മദ്രാസ്-മൈലാപ്പൂർ (കോയമ്പത്തൂർ, വെല്ലൂർ)

ഹൈദ്രാബാദ് (വിജയവാഡാ, നെല്ലൂർ, ഗുണ്ടൂർ, വിശാഖപട്ടണം, വാറൻഗൽ)

കൽക്കട്ട (കൃഷ്ണനഗർ, ജൽപ്പായിഗുരി, മാൽഡാ, ഹഫ്ലോംഗ്, സിക്കിം, പാററ്നാ, ഷില്ലോംഗ്, ഡിബ്രുഗാർ)

റാഞ്ചി (കട്ടാക്ക്, സാംബൽപ്പൂർ)

ബാംഗളൂർ (മംഗലാപുരം, മൈസൂർ, ബല്ലാറി)

ബോംബെ (അഹമ്മദ്ബാദ്, പൂനാ, ബൽഗാം)

നാഗപ്പൂർ (റെയിഗാർ-അംബികാപുരം, ജബൽപ്പൂർ)

ആഗ്രാ (അജ്മീർ, അല്ലഹബാദ്, ലക്നോ, ഇൻഡോർ, ജാൻസി-ഗോരക്പൂർ)

ഡൽഹി-സിംലാ (ജലന്തർ, ജമ്മുകാഷ്മീർ)

അതിരൂപതകളുടെ എണ്ണം വർദ്ധിപ്പിക്കുകയും സമീപസ്ഥങ്ങളായ രൂപതകളെ അവ ഓരോന്നിന്റേയും സാമന്തരൂപതകളാക്കുകയും ചെയ്തുകൊണ്ടുള്ള ഈ പുനസ്സംഘടന ഇന്ത്യയിൽ കത്തോലിക്കാസഭയുടെ പ്രവൃത്തനങ്ങളെ കൂടുതൽ കാര്യക്ഷമവും സൗകര്യപ്രദവുമാക്കുവാൻ വളരെ സഹായിക്കുന്നതാണ്. പുതിയ അതിരൂപതകളുടെ ഭരണകർത്താക്കളായി ഉയർത്തപ്പെട്ടിരിക്കുന്ന ആർച്ചുബിഷപ്പന്മാർക്ക് ഞങ്ങളുടെ വിനീതമായ അനുമോദനങ്ങളും മംഗളാശംസകളും.

——

## അടുത്ത യാഴ്ചയിൽ

ഒക്ടോബർ

11 ഞാ: പന്തക്കുസ്ത20-ാംഞാ
മറിയത്തിന്റെമാതൃത്വം

12 തി: ഫ്രാൻസീസ്
അസീസി

13 ചൊ: എഡ്വാർദോസ്

14 ബു: കലിസ്റ്റോസ്

15 വ്യാ: ത്രേസ്യ

16 വെ: ലീമായിലെ റോസ

17 ശ: മർഗരീത്താമറിയം
അലക്കോക്ക്

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |

## സൗജന്യവിതരണ ഫണ്ട്

റവ. ഫാ. ഫിലിപ്പ് പതിയിൽ, സെന്തോമസ് ചർച്ച്, പുന്നത്തുറ. ക. 1—10—0

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ഒരു വിശ്വസ്തഭക്ത

വേദശാസ്ത്രപംക്തി

## ആംഗ്ലിക്കൻപട്ടം അസാധുവാണ്

### ബാർലോയുടെ

### പട്ടത്തെപ്പററിയുള്ള സംശയം

എലിസബത്തിന്റെകാലത്തു ബാർലോയാൽ അഭിഷിക്തനായ മാത്യു പാർക്കറിൽനിന്നാണ് ആംഗ്ലിക്കൻ ഹൈരാർക്കി മുഴുവൻ ജന്മമെടുത്തതെന്നു കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. മാത്യു പാർക്കറിന്റെ മെത്രാൻപട്ടത്തെ സംശയാസ്പദമാക്കുന്ന ഒന്നാമത്തെ സംഗതി അദ്ദേഹത്തെ അഭിഷേകംചെയ്ത ബാർലോ യഥാർത്ഥത്തിൽ മെത്രാൻപട്ടം സ്വീകരിച്ച ആളായിരുന്നുവെന്നു തെളിയിക്കുന്ന ഒരൊററ രേഖപോലും ഇല്ലെന്നുള്ളതാണ്. ബാർലോ ആദ്യം വെയിൽസിൽ സെൻറ് അസാഫ് രൂപതയുടേയും അനന്തരം സ്കോട്ട്ലൻറിൽ സെൻറ് ഡേവിഡ് രൂപതയുടേയും മെത്രാനായിരുന്നു എന്നതു ശരിതന്നെ. മേരിരാജ്ഞിയുടെകാലത്തു് അദ്ദേഹം രാജ്യഭ്രഷ്ടനായി ജർമ്മനിയിൽ താമസിച്ചു. പിന്നീട്ട് എലിസബത്തിന്റെ കാലത്തു മടങ്ങിവന്നു ക്ലീച്ചെസ്റ്ററിലെ മെത്രാനായി ഭരണംനടത്തി. അദ്ദേഹം ഒരു പാർലമെൻറംഗവും (Spiritual Peer) ആയിരുന്നിട്ടുണ്ടു്.

ഇതൊക്കെ വാസ്തവമാണെങ്കിലും, പ്രോട്ടസ്റ്റൻറ് നവീകരണം നിമിത്തം സഭാസംബന്ധമായ സംഗതികൾ ഇംഗ്ലണ്ടിൽ താറുമാറായി കിടന്നിരുന്ന ഒരു കാലമായിരുന്നു അതെന്നോർക്കണം. മെത്രാൻസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടുന്നവർ അഭിഷേകം സ്വീകരിക്കുന്നതിനുമുമ്പ് ഭരണം കൈയേൽക്കുക അന്നു ദുർലഭമായിരുന്നില്ല. പിന്നീട്ട് അഭിഷേകം സ്വീകരിച്ചാലും മതിയായിരുന്നു. ആകയാൽ അഭിഷേകം സ്വീകരിക്കാതെ, ബാർലൊ രൂപതാഭരണം കൈയേററെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. പാർലമെൻറിൽ സീററ് സംവരണം ചെയ്യപ്പെടാനും മെത്രാൻ സ്ഥാനത്തേക്കുള്ള നിയമനം മതി, അഭിഷേകം വേണമെന്നു നിർബന്ധമില്ല.

ബാർലോയുടെ കാര്യത്തിൽ, അഭിഷേകം സ്വീകരിക്കാതെ രൂപതാഭരണം തുടർന്നുകൊണ്ടുപോകാനും മെത്രാൻസ്ഥാനാനുയോജ്യമായ ഇതര കടമകൾ നിർവ്വഹിക്കുവാനും അദ്ദേഹം സന്നദ്ധനാകുമോ, രാജാവും സഭാകാര്യങ്ങളുടെ ചരടു് പിടിച്ചിരുന്ന ക്രാൻമർ മെത്രാപ്പോലീത്തായും അതിനു് അനുമതി നൽകുമോ, ഇവയാണ് പ്രധാനപ്രശ്നങ്ങൾ. ബാർലൊ അതിനു സന്നദ്ധനാകുമെന്നതിനു 1536 നവംബറിൽ അദ്ദേഹം ചെയ്ത ഒരു പ്രസംഗം മതിയാകുന്ന തെളിവാണ്. അതിലദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "ഇംഗ്ലണ്ടിലെ സഭയുടെ തലവൻ രാജാവു് ആയിരിക്കുന്നതിനാൽ, അദ്ദേഹം ഒരു ആമേനിയെ മെത്രാൻസ്ഥാനത്തിനായി തിരഞ്ഞെടുക്കുന്നപക്ഷം, അങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന ആൾ യാതൊരു പട്ടവും കൂടാതെതന്നെ മെത്രാനായിരിക്കും." ഇതിൽനിന്നു അഭിഷേകത്തിന്റെ ആവശ്യകതയിൽ ബാർലോയ്ക്കു വിശ്വാസമില്ലായിരുന്നുവെന്നു വ്യക്തമാണല്ലോ.

ക്രാൻമറും ഈ അഭിപ്രായക്കാരനായിരുന്നു. ഒരിക്കൽ ഹെൻറി എട്ടാമൻ അദ്ദേഹത്തോടു ചോദിച്ചു, മെത്രാന്മാർക്കും പുരോഹിതന്മാർക്കും അഭിഷേകം ആവശ്യമാണോയെന്നു്. അതിനദ്ദേഹം മറുപടി പറഞ്ഞതു് "മെത്രാനോ വൈദികനോ ആയി നിയമിക്കപ്പെടുന്നവനു് വേദപുസ്തകപ്രകാരം അഭിഷേകം ആവശ്യമില്ലെന്നും നിയമനം മാത്രം മതി"യെന്നുമാണ്. ഇത്തരം കാര്യങ്ങളിൽ രാജാവിന്റെ ഉപദേഷ്ടാവു് ക്രാൻമറായിരുന്നതിനാൽ, അഭിഷേകത്തിനു് രാജാവും വലിയ പ്രാധാന്യം കല്പിച്ചു കാണുകയില്ല. ഈദൃശസാഹചര്യങ്ങളിൽ അഭിഷേകം സ്വീകരിക്കാതെ ഭരണം നടത്തുക ബാർലോയ്ക്കു സുകരമായിരുന്നു.

എങ്ങനെയായാലും, മെത്രാന്മാരുടെ അഭിഷേകത്തീയതികൾ കുറിക്കുന്ന "രജിസ്റ്ററി"ൽ ബാർലോയുടെ പേരു ചേർത്തിട്ടില്ല എന്നതു വാസ്തവമാണ്. എന്നാൽ ആംഗ്ലിക്കർ ഒരു എതിർവാദം കൊണ്ടുവരുന്നുണ്ടു്. അങ്ങനെ പേരു ചേർക്കാതെപോയതു യാദൃച്ഛികമായി സംഭവിച്ചതായിരിക്കാം. വേറെയും ചില മെത്രാന്മാരുടെ പേരുകൾ ചേർക്കാതെപോയിട്ടുണ്ടു്. അവരുടെ അഭിഷേകത്തെപ്പററി ആരും സംശയം ഉന്നയിച്ചിട്ടില്ല. അത്തരമൊരു വീക്ഷണഗതി ബാർലോയുടെ കാര്യത്തിലും സാദ്ധ്യമല്ലേ? അതിനു കത്തോലിക്കാപക്ഷത്തുനിന്നു നൽകുന്ന മറുപടി ഇതാണ്: രജിസ്റ്ററിൽ പേരു ചേർത്തിട്ടില്ല എന്ന ഒരൊററ കാരണത്തെ മാത്രം അടിസ്ഥാനമാക്കിയല്ല, ബാർലൊ അഭിഷേകം സ്വീകരിച്ച കാര്യം സംശയാസ്പദമെന്നു പറയുന്നതു്. മെത്രാൻപട്ടാഭിഷേകം സംബന്ധിച്ച മററുള്ളരേഖകളുടേയുംഅഭാവത്തെക്കൂടി അടിസ്ഥാനപ്പെടുത്തിയാണ്. ഓരോ മെത്രാന്റേയും അഭിഷേകം സംബന്ധിച്ചു് വിവിധരജിസ്റ്ററുകളിലും ആർക്കൈവുകളിലുമായി ഏതാണ്ടു 13 രേഖകൾ സൂക്ഷിക്കേണ്ടതുണ്ടു്. ബാർലോയുടെകാര്യത്തിൽ അവ ഒന്നുപോലുമില്ല.

ആകയാൽ ചുരുങ്ങിയപക്ഷം, ബാർലോയുടെ മെത്രാൻപട്ടം സംശയാസ്പദമാണെന്നും തൽക്കാരണത്താൽ അദ്ദേഹം പ്രധാനകാർമ്മികനായി മാത്യു പാർക്കർക്കു കൊടുത്ത മെത്രാൻപട്ടവും സംശയാസ്പദമാണെന്നും സിദ്ധിക്കുന്നു. ബാർലൊ യഥാർത്ഥത്തിൽ മെത്രാൻപട്ടം സ്വീകരിച്ചിരുന്ന ആളായിരുന്നാൽത്തന്നെ അദ്ദേഹം ഉപയോഗിച്ച "ഓർഡിനലി"ന്റെ (കർമ്മാനുഷ്ഠാനവിധികളുടെ) ന്യൂനതനിമിത്തം പാർക്കറിന്റെ അഭിഷേകം തീർച്ചയായും അസാധുവായിരുന്നെന്നു് അടുത്തതിൽ തെളിയിക്കുന്നതാണ്.

——

## തിരുക്കൊച്ചിവാർത്തകൾ

### മീനച്ചിൽ തിരഞ്ഞെടുപ്പ്

മീനച്ചിൽ പാർലമെൻററി നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പ് നവംബർ 16-ാംനു- നടത്തപ്പെടുന്നതാണെന്നു ഗവമെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുള്ള അവസാനതീയതി ഒക്ടോബർ 12-ാംനു-യാണ്.

### മുണ്ടശ്ശേരി കേസ്

തൃശ്ശൂർ സെൻറ് തോമസ് കോളെജിൽനിന്നും പിരിച്ചുവിടപ്പെട്ട പ്രൊഫസ്സർ ജോസഫ് മുണ്ടശ്ശേരി കോളെജധികൃതരുടെ പേരിൽ ഹൈക്കോടതിയിൽ ബോധിപ്പിച്ചിരുന്ന റിട്ട് ഹർജി തള്ളിക്കൊണ്ടും സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അവകാശം നിഷേധിച്ചുകൊണ്ടും കോടതി വിധി പ്രസ്താവിച്ചിരിക്കുന്നു. സെൻറ് തോമസ് കോളെജ് ഒരു സ്വകാര്യസ്ഥാപനമാണെന്നും തന്മൂലം കോളെജ് സ്റ്റാഫിലെ ജീവനക്കാരുടെ സർവ്വീസ് വ്യവസ്ഥകൾ പബ്ലിക്സർവ്വീസിലെ ജീവനക്കാരുടെ വ്യവസ്ഥകൾക്കു തുല്യമായിരിക്കണമെന്നില്ലെന്നും വിധിയിൽ വ്യക്തമാക്കിട്ടുണ്ട്.

### വോട്ടേഴ്സ് ലിസ്റ്റ്

സംസ്ഥാനത്തെ എല്ലാം നിയോജകമണ്ഡലങ്ങളിലെയും പുതുക്കിയ വോട്ടേഴ്സ് ലിസ്റ്റ് സെപ്റ്റംബർ 30-ാംനു- പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇതുവരെ നിലവിലിരുന്ന ലിസ്റ്റ് ഇതോടെ റദ്ദ്ചെയ്യപ്പെട്ടിരിക്കുന്നു. പുതിയ ലിസ്റ്റിൽ എന്തെങ്കിലും തെറ്റുകളുണ്ടെന്നു കാണുന്നവർ അതാതു് ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാരെ സമീപിച്ച് അവ തിരുത്തിക്കേണ്ടതാണ്.

### തൊഴിൽത്തർക്കങ്ങൾ

സെപ്റ്റംബറിലെ ആദ്യത്തെ രണ്ടാഴ്ചകളിൽ തിരുകൊച്ചി ലേബർ ഡിപ്പാർട്ടുമെൻറ് 426 തൊഴിൽത്തർക്കങ്ങളിലിടപെടുന്നും അവയിൽ141എണ്ണം സൗഹാർദ്ദപൂർവ്വം തീരുമാനിക്കപ്പെട്ടുവെന്നും റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

### ഡിലിമിറേറഷൻ കമ്മീഷൻ

കേന്ദ്രഡിലിമിറേറഷൻ കമ്മീഷൻ നിയോജകമണ്ഡലങ്ങളുടെ പുനസ്സംഘടനസംബന്ധിച്ചു ചർച്ചകൾക്കായിഒക്ടോബർ 12,13, 14എന്നി തീയതികളിൽ തിരുകൊച്ചിയിൽ പര്യടനം നടത്തുന്നതാണെന്നറിയുന്നു.

### പത്രങ്ങളുടെമേൽ നടപടി

അശ്ലീലമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയെന്ന കാരണത്താൽ "സരോജം" "തനിനിറം" എന്ന രണ്ടു മാസികകളുടെമേൽ തിരുകൊച്ചിഗവമെൻറ് അന്യായം ബോധിപ്പിച്ചിരിക്കുന്നു. "നാരദൻ" എന്ന പ്രസിദ്ധീകരണത്തിൻെറ അധിപർ ക്ഷമായാചനം ചെയ്യുകയും പ്രസ്തുത പത്രം നിറുത്തൽചെയ്യുകയും ചെയ്തിട്ടുണ്ട്.

## ഇൻഡ്യാ വാർത്തകൾ

### എസ്റ്റേറ്റ് ഡ്യൂട്ടി

മരണനികുതി നിയമം ഒക്ടോബർ 15-ാംനു- മുതൽ നടപ്പിൽ വരുന്നതാണെന്നു് കേന്ദ്രഡപ്യൂട്ടി ധനകാര്യമന്ത്രി വെളിപ്പെടുത്തിയിരിക്കുന്നു.

### ആന്ധ്റാസ്റ്റേററ്

ഭാഷാടിസ്ഥാനത്തിലുള്ള ഇൻഡ്യയിലെ പ്രഥമ സംസ്ഥാനമായ ആന്ധ്റാസ്റ്റേററ് ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു ഒക്ടോബർ 1-ാംനു- പുതിയ സംസ്ഥാനത്തിൻെറ തലസ്ഥാനമായ കർണ്ണൂലിൽ ചേർന്ന പൊതുയോഗത്തിൽവച്ച് ഉൽഘാടനം ചെയ്തിരിക്കുന്നു. പുതിയ ആന്ധ്റാ മന്ത്രിസഭയിലെ അംഗങ്ങൾ മെ. ടി. പ്രകാശം (പ്രധാനമന്ത്രി), എൻ. സഞ്ജീവറെഡ്ഡി (ഉപപ്രധാനമന്ത്രി), കോട്ടിറെഡ്ഡി, ടി. വിശ്വനാഥം, ഡി. സഞ്ജീവയ്യ എന്നി അഞ്ചുപേരാണ്. അടുത്തുതന്നെ രണ്ടു മന്ത്രിമാർകൂടി നിയമിതരാകുന്നതാണെന്നറിയുന്നു. ആന്ധ്റാസ്റ്റേററിൻെറ വിസ്തീർണ്ണം 63,608 ചതുരശ്രമൈലും ജനസംഖ്യ 2,05,07,801-മാണ്.

### ഐക്യമഹാരാഷ്ട്ര പ്രവിശ്യ വേണമെന്ന്

ബോംബെ, മദ്ധ്യപ്രദേശ്, ഹൈദ്രബാദ് എന്നി സ്റ്റേറുകളിലെ മറാത്തിഭാഷയുള്ള പ്രദേശങ്ങൾ ഏകോപിച്ച് ഒരു ഐക്യമഹാരാഷ്ട്രപ്രവിശ്യ രൂപവൽക്കരിക്കുക എന്ന വിഷയത്തിൽ പ്രസ്തുതപ്രദേശങ്ങളിലെ വിവിധകക്ഷികളിൽപ്പെട്ട ജനനേതാക്കന്മാർ ഏകാഭിപ്രായത്തിലെത്തിച്ചേർന്നിരിക്കുന്നു.

### വ്യവസായവികേന്ദ്രീകരണം ആവശ്യമെന്ന്

തൊഴിലില്ലായ്മപ്രശ്നം പരിഹരിക്കുന്നതിനു് വ്യവസായവികേന്ദ്രീകരണം ഉപകാരപ്രദമായിരിക്കുമെന്നും അവശ്യാവശ്യകമെന്നു ബോദ്ധ്യപ്പെട്ടാലല്ലാതെ വ്യവസായങ്ങളെ കേന്ദ്രീകരിക്കുന്നതു അബദ്ധമാണെന്നുംകേന്ദ്രധനകാര്യമന്ത്രി മി. ദേശ്മുഖ് ഒരു പ്രസ്കോൺഫറൻസിൽ പ്രസ്താവിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

### മുൻഈജിപ്ഷ്യൻപ്രധാനമന്ത്രിക്കു വധശിക്ഷ

ഈജിപ്റ്റിലെ പ്രധാനമന്ത്രിയായിരുന്ന ഇബ്രാഹിം അബ്ദെൽഹാദിക്കു് രാജ്യദ്രോഹം മുതലായ കുറങ്ങൾക്കു് വധശിക്ഷ വിധിച്ചിരിക്കുന്നു. നിയമവിരുദ്ധമായി അദ്ദേഹം കൈവശപ്പെടുത്തിയ എല്ലാം സ്വത്തുക്കളും കണ്ടുകെട്ടുവാനും ഉത്തരവായിട്ടുണ്ട്.

### പോർട്ടുഗൽ തിരഞ്ഞെടുപ്പ്

പോർട്ടുഗലിലെ അടുത്തപൊതുതിരഞ്ഞെടുപ്പ് നവംബർ 8-ാംനു- നടക്കുന്നതാണെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പ് 1949 ലായിരുന്നു. അന്നു് പ്രധാനമന്ത്രി ഡോക്ടർ സലാസറെ അനുകൂലിച്ചിരുന്ന എല്ലാം സ്ഥാനാർത്ഥികളും തിരഞ്ഞെടുക്കപ്പെടുകയാണുണ്ടായതു്.

### ലേബർപാർട്ടിയുടെ വിദേശനയപ്രഖ്യാപനം

മി. ആററ്ലിയുടെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് ലേബർപാർട്ടി ഒക്ടോബർ 1-ാംനു- അവരുടെ പുതിയ വിദേശനയം പ്രഖ്യാപിച്ചിരിക്കുന്നു. സാർവ്വദേശീയരംഗത്തു് ബ്രിട്ടൺ സ്വതന്ത്രമായൊരു നിലപാടു സ്വീകരിക്കേണ്ടതാണെന്നും ജർമ്മൻ പുനരായുധീകരണത്തിൻെറ റയും, കൊറിയായെയും ഫോർമോസായെയും നിഷ്പക്ഷമേഖലകളാക്കുന്നതിനെയും തങ്ങൾ എതിർക്കുമെന്നും നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നു.

### ഫെയിസൽ രാജാവു സിംഹാസനാരോഹണംചെയ്തു

ഇറാക്കിലെ ഫെയിസൽ ദ്വിതീയൻ രാജാവിനു 18 വയസ്സു പ്രായമായതിനാൽ മുറപ്രകാരമുള്ള സിംഹാസനാരോഹണച്ചടങ്ങുകൾ നടത്തിയിരിക്കുന്നു. ഇറാക്കു് ലോകത്തിലെ ഏററം പുരാതനമായ രാജ്യങ്ങളിലൊന്നാണെന്നു പറയാം. യൂഫ്രട്ടീസ്, ടൈഗ്രീസ് നദികളുടെ ഇടയ്ക്കായി കിടക്കുന്ന ഈ മനോഹരരാജ്യത്തിൻെറ വടക്കു ടർക്കിയും, തെക്കു പേർഷ്യൻ ഉൾക്കടലും, കിഴക്കു് ഇറാനും, പടിഞ്ഞാറു സിറിയായും നിലകൊള്ളുന്നു. ജനസംഖ്യയാണെങ്കിൽ അമ്പതുലക്ഷത്തോളം വരും. ഏദെൻതോട്ടം ഈ അതിർത്തിക്കുള്ളിലായിരുന്നത്രെ. രണ്ടാംലോകമഹായുദ്ധാനന്തരം നടന്ന ഖനനജോലികളുടെ ഫലമായി കൽദായക്കാരുടെ ഊർനഗരത്തിനു 14 മൈൽ തെക്കായി സ്ഥിതിചെയ്തിരുന്ന എറിദുപട്ടണം ലോകത്തിലേക്കും ഏററം പുരാതനനഗരമാണെന്നു തെളിഞ്ഞിരിക്കുന്നു. ബാഗ്ഡാഡിൽനിന്നു 70 മൈൽ തെക്കുള്ള ഹില്ലാ ബാബേൽഗോപുരത്തിനു സമീപമാണെന്നു കണ്ടുപിടിച്ചിട്ടുണ്ട്. അനേകശതാബ്ദികളിൽക്കൂടി കടന്ന ഇറാക്ക് ഇപ്പോൾ ഒരു പുതിയ യുഗത്തിലേക്കു പ്രവേശിച്ചിരിക്കയാണ്.

## ഇടവകവാർത്തകൾ

പറവൂർ: കോട്ടയ്ക്കാവ് ഇടവകയിലെ വിൻസെൻറ് ഡി പോൾ സഖ്യം സെപ്റ്റംബർ 20-ാംനു- ഒസ്സാനാം ദിനം ആഘോഷിച്ചിരിക്കുന്നു. അറുനൂറോളം സാധുക്കൾക്കു് അന്നേദിനം ഉച്ചഭക്ഷണം നൽകുകയുണ്ടായി. വൈകുന്നേരം ചേർന്ന പൊതുയോഗത്തിൽ വെരി റവ. ഫാ. ജറോം ആദ്ധ്യക്ഷ്യം വഹിക്കുകയും ശ്രീ ഫ്റാൻസിസ് വിതയത്തിൽ പ്രസംഗിക്കുകയും ചെയ്തു.

—ചേലക്കര: മിഷൻവേല ലക്ഷ്യമാക്കി സ്ഥാപിതമായിരിക്കുന്ന വനിതാസഖ്യത്തിൻെറ പ്രഥമവാർഷികം സെപ്റ്റംബർ 13-ാംനു- റവ. ഫാ. ആൻറണി തച്ചുപറമ്പിലിൻെറ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. റവ. ഫാ. മാത്യു പുലിക്കോട്ടിൽ ഒരു പ്രസംഗംചെയ്തു.

—ചേനപ്പാടി: തരകനാട്ടുകുന്നു ഇടവകയിലെ ലീജിയൻ ഓഫ് മേരിയുടെ പ്രഥമവാർഷികം സെപ്റ്റംബർ 13-ാംനു- റവ. ഫാ. ജോസഫ് വീട്ടുവേലിക്കുന്നേലിൻെറ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. മെ. ജോർജ്ജ് തോമസ് ബി. എസ്സ്സി., ജെ. വറുഗിസ്, ഡോമിനിക്ക് ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

—കടപ്ലാമററം: ലീജിയൻ ഓഫ് മേരി വാർഷികം സെപ്റ്റംബർ 20-ാംനു- റവ. ഫാ. അഗസ്റ്റിൻ വടക്കേടത്തിൻെറ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ശ്രീ എൽ. എം. ജോസഫ് ബി. എസ്സ്സി. പ്രസംഗിച്ചു.

—എലിക്കുളം: ഇടവകയിൽ പൊന്തിഫിക്കൽ തിരുബാലസംഘം, വിൻസെൻറ് ഡി പോൾ സഖ്യം, മിച്ചനിക്ഷേപബാങ്ക്, സത്യാരാധനാസഖ്യം എന്നിവ ആരംഭിച്ച് പ്രശസ്തമായവിധം പ്രവർത്തനം നടത്തിവരുന്നതായറിയുന്നു.

—ഒല്ലൂർ: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ 5-ാമതു വാർഷികവും ഫ്റെഡറിക് ഒസ്സാനാമിൻെറ ചരമദിനവും തൃശ്ശൂർ ഡിസ്ട്രിക്ട് ജഡ്ജ് ശ്രീ പി. ഡി. തൊമ്മൻ എം. എ. ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു. ശ്രീ കെ. സി. ചാക്കൊ എം. എ. തദവസരത്തിൽ ഒരു പ്രസംഗം ചെയ്തു.


—കരാഞ്ചിറ: ഫ്റെഡറിക് ഒസ്സാനാമിൻെറ ചരമവാർഷികാസ്ഥലം വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ സെ. 27-ാംനു- ആഘോഷിക്കപ്പെട്ടു. പൊതുയോഗത്തിൽ റവ. ഫാ. സക്കറിയാസ് വാഴപ്പിള്ളി പ്രസംഗിച്ചു.

—ഉള്ളനാട്: ഇടവകയിലെ ഫ്റെഡറിക് ഒസ്സാനാം സെൻറിനറി മെമ്മോറിയൽ സേക്രഡ് ഹാർട്ട് കോൺഫറൻസിൻെറ ഉൽഘാടനം സെ. 27-ാംനു- റവ. ഫാ. ജി. സി. ടിലാർ നിർവ്വഹിച്ചിരിക്കുന്നു.

—തോട്ടക്കരപ്പള്ളി: വർഷംതോറും പതിവുള്ള ധ്യാനം ഇക്കൊല്ലം ഒക്ടോബർ 11 മുതൽ 20 വരെ തീയതികളിൽ കപ്പൂച്ചിൻ വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണെന്നറിയുന്നു.

—ചെത്തിപ്പുഴ സെഡാലിററി വാർഷികം പ്രമാണിച്ച് സെ. 27-ാംനു- കൂടിയ പൊതുയോഗത്തിൽ തിരുവല്ലാ മെത്രാൻ മാർ സെവേരിയോസ് തിരുമേനി ആദ്ധ്യക്ഷ്യംവഹിക്കുകയും ശ്രീ ജോർജ് ജോസഫ് പൊടിപാറ പ്രസംഗിക്കുകയും ചെയ്തു.

## ലോകറാണി



—പള്ളിപ്പാടൻ—

("കാളിഘട്ട"യിലെ "ഇല്ലാവേലി" എ: മ:)

അമ്മേ! ലോകറാണീ! സമ്മോഹനവാണീ!
നാഥേ! നീലവേണീ!
പാരാതെ—എൻമാതേ! പാലയമാം!
ചിദാനന്ദേ! (അമ്മേ)

1. പാവനരൂപിണി മംഗളദേ!
താപാധിഹാരിണിയെൻ ഗതിയേ!
പാഹി,യെൻ തായേ! പദം വണങ്ങു
ന്നേൻ (അമ്മേ)

2. ആവിലമേറിനലോകമിതിൽ
കേഴാതെമേവിടാൻ ആരിഹ,മേ
അമ്മേ! നീയെന്യേ—നിതാന്ത
സങ്കേതം—(അമ്മേ)

3. ജ്ഞാനവരാമൃതമൻപൊടമേ!
നൽകേണമംബികേ! ഇന്നിഹ,മേ
മായാൻ—എൻതാപം—മനംതെളി
ഞ്ഞിടാൻ (അമ്മേ)

## ചരമം

വൈക്കം: റവ. ഫാ. ഐസക്ക് പോട്ടയിൽ അവർകളുടെ മാതാവ് ശ്രീമതി കുഞ്ഞാക്കോ ഏലമ്മ സെപ്റ്റംബർ 19-ാംനു- 87-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—ഞാറയ്ക്കൽ പള്ളി ഇടവക പരേതനായ കിരിയാന്തൻ ചാക്കദേവസി അവർകളുടെ പുത്രി ശ്രീമതി കെ. ഡി. അച്ചാരുണ്ണി സെപ്റ്റംബർ 20-ാംനു- ചരമം പ്രാപിച്ചിരിക്കുന്നു.

—അന്ത്യാളംപള്ളി ഇടവക ചവറഞ്ഞാനിക്കൽ അന്ന വാർദ്ധക്യസഹജമായ സുഖക്കേടുമൂലം നിര്യാതയായിരിക്കുന്നു.

—പൂഞ്ഞാർ: മണിയംകുന്നു പള്ളി ഇടവക വെട്ടിക്കൽ ഔസേപ്പ് അന്നമ്മ സെപ്റ്റംബർ 21-ാംനു- 98-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—ചെത്തി: ശ്രീ ജോസഫ് അറയ്ക്കൽ ബി. എ. എൽ. ററി. ഹൃദയസ്തംഭനംമൂലം സെ. 21-ാംനു- കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

R. I. P.

## കർദ്ദി. ടിസ്സറാൻ തിരുമേനി

പൗരസ്ത്യ തിരുസംഘത്തിൻെറ സിക്രട്ടറി അത്യുന്നത കർദ്ദിനാൾ യൂജിൻ ടിസ്സറാൻ തിരുമനസ്സുകൊണ്ടു് നവമ്പർ 7-ാംനു- ശനിയാഴ്ച ഡൽഹിയിലെത്തുന്നതും ഡൽഹിയിൽനിന്നും വിമാനമാർഗ്ഗം നവമ്പർ 10-ാംനു- ചൊവ്വാഴ്ച എറണാകുളത്തെത്തിച്ചേരുന്നതുമാണ്. 10-ാംനു- തിരുമനസ്സിലേക്കു എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ച് അത്യാഘോഷമായ ഒരു സ്വീകരണം നൽകപ്പെടുന്നതാണ്.

നവമ്പർ 11 മുതൽ ഡിസമ്പർ 7 വരെ തിരുമേനി കേരളത്തിലെ വിവിധ രൂപതകളും സ്ഥാപനങ്ങളും സന്ദർശിക്കുന്നതാണ്. തിരുമനസ്സിലെ സന്ദർശനങ്ങളുടെ താല്ക്കാലികമായ പരിപാടി താഴെ കാണുന്നതുപോലെയായിരിക്കും.

| | |
|---|---|
| എറണാകുളം | നവമ്പർ |
| അതിരൂപത | 11—12 |
| പാലാ രൂപത | 14—15 |
| ചങ്ങനാശേരി രൂപത | 17—18 |
| കോട്ടയം രൂപത | 20—21 |
| വിജയപുരം രൂപത | 22 |
| കൊല്ലം രൂപത | 23 |
| തിരുവല്ലാ രൂപത | 25—26 |
| തിരുവനന്തപുരം | |
| അതിരൂപത | 27—28 |
| തിരുവനന്തപുരം രൂപത | 29 |
| കോട്ടാർ രൂപത | 30 |
| | ഡിസമ്പർ |
| വരാപ്പു അതിരൂപത | 1 |
| കൊച്ചി രൂപത | 3 |
| ആലപ്പുഴ രൂപത | 4 |
| തൃശ്ശൂർ രൂപത | 5—6 |

ഡിസമ്പർ 7-ാംനു- തിരുമേനി ആലുവാ മംഗലപ്പുഴ സെമ്മിനാരിയിലെത്തുന്നതും, 8-ാംനു- സെമ്മിനാരി ചാപ്പലിൽവച്ച് വൈദികവിദ്യാർത്ഥികൾക്കു പട്ടം കൊടുക്കുന്നതുമാണ്. ആലുവായിൽനിന്നു തിരുമേനി കോഴിക്കോട്ടു രൂപത സന്ദർശിക്കുന്നതാണ്.

കോഴിക്കോട്ടുനിന്നു തിരുമേനി ഡിസമ്പർ 12-ാംനു- മദ്രാസിലേക്കു പോകുന്നതാണ്. മദ്രാസിൽനിന്നു തിരുമേനി ബോംബെയിലേക്കു പോകുന്നതും ഡിസമ്പർ17-ാംനു- വ്യാഴാഴ്ച ബോംബെയിൽനിന്നും റോമിലേക്കു മടങ്ങുന്നതുമാണ്.

അത്യുന്നതകർദ്ദിനാൾ തിരുമേനിയോടൊന്നിച്ച് റോമിൽനിന്നും അദ്ദേഹത്തിൻെറ സിക്രട്ടറിമാരും ഉണ്ടായിരിക്കുന്നതാണ്.

ചെറുകഥ

# കടവിലടുത്ത നൗക

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

I

“കുഞ്ഞിച്ചായാ, ഈ ലീലാമ്മയ്ക്കൊരുപന്യാസം എഴുതിക്കൊടുക്കണമെന്ന്.” വാതില്ക്കൽ വന്നുനിന്നുകൊണ്ട്, സാറാമ്മ കുര്യാച്ചനോടു പറഞ്ഞു.

ഒരു ചെറുകഥയുടെ അവസാനത്തെ മിനുക്കുപണികൾ നടത്തിക്കൊണ്ടിരിക്കയായിരുന്നു കുര്യാച്ചൻ.

“എന്നിട്ട്, ലീലാമ്മയെവിടെ?” പേന മേശപ്പുറത്തു വച്ചുകൊണ്ട് കുര്യാച്ചൻ ചോദിച്ചു.

“ദേ, ഇവിടെ നില്ക്കുന്നു.” വാതിലിനു മറഞ്ഞുനിന്ന ലീലാമ്മയെ പിടിച്ച് മുന്നോട്ടു നീക്കിനിർത്തി സാറാമ്മ.

“അങ്ങോട്ടു കേറിച്ചെന്നു പറ പെണ്ണേ.” സാറാമ്മ അവളെ പിന്നെയും മുന്നോട്ടുന്തിവിട്ടു.

“ഈ പെണ്ണിനെന്താണ്?” പുരികം കോട്ടിപ്പിടിച്ച് ലീലാമ്മ ചോദിച്ചു അവൾ പഴയപടി സാറാമ്മയുടെ പിന്നിൽ പതുങ്ങിക്കൂടിനിന്നു.

“ലീലാമ്മയ്ക്ക് എന്തുപന്യാസമാണു വേണ്ടത്?” കുര്യാച്ചൻ പേനയുടെ മൂട് അലസമായി മേശപ്പുറത്തു മുട്ടിക്കൊണ്ടിരുന്നു.

“സൊഡാലിററിമീററിംഗിനു വായിക്കാനാ.” ലീലാമ്മയ്ക്കുവേണ്ടി പിന്നെയും സാറാമ്മയാണു പറഞ്ഞത്.

“ഉപന്യാസവിഷയം?”

“പരസ്നേഹം.” സാറാമ്മയുടെ മുടിയിൽ കെട്ടിയിരുന്ന റിബ്ബൺ പരിശോധിക്കുന്ന മട്ടിൽ നിന്നുകൊണ്ട്, സാറാമ്മയോടായിട്ടെന്നവണ്ണം ലീലാമ്മ പറഞ്ഞു.

“എന്നത്തേക്കു വേണ്ടിട്ടാ?”

“വരുന്ന ശനിയാഴ്ചയാണു മീററിംഗ്. നാളെ സാറാമ്മയുടെ കൈയിൽ എഴുതിക്കൊടുത്തേച്ചാമതി.”

“എനിക്കാരുടെയും ഉപന്യാസമൊന്നും ചൊമക്കാൻ നേരമില്ല. ആവശ്യക്കാരുതന്നെ വന്നു വാങ്ങിച്ചുകൊണ്ടു പൊയ്ക്കോളണം.” ഒരു കൃത്രിമഗൗരവത്തിൽ സാറാമ്മ പറഞ്ഞു.

“സാറാമ്മയ്ക്ക് തീരെ പരസ്നേഹമില്ലാഞ്ഞിട്ടാ, അല്ലേ ലീലാമ്മേ.”

“അത്രവലിയ പരസ്നേഹക്കാരനാണെങ്കിൽ കുഞ്ഞിച്ചായനു തന്നെയങ്ങു കൊണ്ടുചെന്നു കൊടുത്തേക്കരുതോ?” സാറാമ്മ മുഖം കനപ്പിച്ചു നില്ക്കയാണ്.

“പിന്നെന്താ? സാറാമ്മയ്ക്കു വയ്യെങ്കിൽ ഞാൻതന്നെ കൊണ്ടുകൊടുക്കാം.”

“വേണ്ട. നാളെ ജോയിച്ചനെയിങ്ങു പറഞ്ഞയച്ചേക്കാം. നാളെ വൈകുന്നേരം.”

“വേണ്ട, അവിടുന്നങ്ങനെയധികം ബുദ്ധിമുട്ടണ്ട. ഞാൻതന്നെ അങ്ങെത്തിച്ചേക്കാം. പോരേ?” സാറാമ്മയുടെ പാച്ചിൽ അപ്പോഴും ഒരു കളിയാക്കുന്ന മട്ടായിരുന്നു. സ്നേഹപൂർവ്വമായ ഒരു കളിയാക്കൽ.

“കണ്ടോ! സാറാമ്മയ്ക്കും പരസ്നേഹം വന്നുപോയതു! പരസ്നേഹത്തെപ്പററി പറഞ്ഞപ്പഴിത്രയുമായ സ്ഥിതിക്ക്, ഉപന്യാസം വായിച്ചുകേൾക്കുമ്പഴോ?”

“ഒള്ളതുകൂടെയില്ലാതാകും.”

“ഈ സാറാമ്മയ്ക്ക് എപ്പഴും കളിയാക്കയൊള്ളൂ.” ലീലാമ്മ കൂട്ടുകാരിയുടെ പുറത്ത് മൃദുവായൊരു താഡനമേല്പിച്ചു.

“ഇവൾ വലിയൊരധികപ്രസംഗിയാണില്ലേ, ലീലാമ്മേ?”

“പെണ്ണേ, കുഞ്ഞിച്ചായനെ സൈഡ് ചെയ്തോളുണേ. അല്ലെങ്കിൽ ഉപന്യാസമെഴുതിത്തരുകില്ലായിരിക്കും; ഞാൻപറഞ്ഞേക്കാം.”

“ഇല്ല. ഞാനിപ്പം സാറാമ്മയെയാണ് സൈഡ് ചെയ്യാമ്പോണതു്.” ലീലാമ്മ സാറാമ്മയെ ഓരം ചാരിനിന്നു.

“ഉപന്യാസം എത്ര പേജു വേണം?”

“ഒരു ക്വയർ കടലാസ് നിറച്ചങ്ങെഴുതിക്കൊടുക്ക് കുഞ്ഞിച്ചായാ. കൊണ്ടുപോയി ഒരൊന്നൊന്നരമണിക്കൂറങ്ങു നീണ്ടുനിവന്നുനിന്നു വായിക്കട്ടെ.”

“വേണ്ട. സാറാമ്മ അധികപ്രസംഗിയായിരിക്കുമ്പോലെ എനിക്കധികവായനക്കാരിയാകാൻ കഴിയില്ല. ഒരു പത്തുമിനിട്ടു നേരത്തെ വായനയ്ക്കുമതി.”

“ലീലാമ്മയ്ക്ക് ഉപന്യാസമെഴുതിക്കിട്ടിയില്ലേ?” ഒറോമ്മ മക്കളുടെ അടുത്തേക്കു ചെന്നു.

“അമ്മച്ചീ, നാളെ എഴുതിക്കൊടുക്കാമെന്നു പറഞ്ഞിട്ട്, അവളൊന്നു സമ്മതിക്കണ്ടേ! അവരു രണ്ടുപേരുംകൂടെ ഇവിടെയൊരു കുത്തിയിരിപ്പുസത്യാഗ്രഹത്തിനു വട്ടംകൂട്ടുകാ ... ഞാനിപ്പഴൊരു കഥ എഴുതിത്തീർത്തതേ.”

“അല്ലമ്മച്ചീ, ഈ കുഞ്ഞിച്ചായൻ പറഞ്ഞിട്ടാ ഞങ്ങളിവിടെ നിന്നെ.”

“കഥയെഴുത്തുകാരു കുറേശ്ശെ നൊണയും പറയും.” നുണക്കുഴികൾ തെളിയുമാറുള്ള ഒരു പുഞ്ചിരിയോടെ ലീലാമ്മ പറഞ്ഞു.

“അവനവിടെയിരുന്ന് വല്ലതും എഴുതുകോ കുത്തുകോ ചെയ്യട്ടെ. നിങ്ങളിങ്ങു പോരിൻ പിള്ളേരെ.” ഒറോമ്മ ആ പെൺകുട്ടികളെ അടുക്കളയിലേക്കു കൂട്ടിക്കൊണ്ടുപോയി.

II

ഒറോമ്മയെ അന്നു ഞായറാഴ്ചയായിട്ടും പള്ളിയിൽ കണ്ടില്ല. പതിവില്ലാത്തവണ്ണം സാറാമ്മ കാലത്തെ കുർബ്ബാനയ്ക്കു വന്നിട്ടുമുണ്ട്.

പള്ളിപിരിഞ്ഞു പുറത്തിറങ്ങിയപ്പോൾ ലീലാമ്മയുടെ അമ്മ സാറാമ്മയെ അടുത്തുവിളിച്ചു.

“ഇന്നമ്മച്ചിയെന്ത്യേ? ഉച്ചയ്ക്കു പോരാനിരിക്കുവാണോ?”

“അമ്മച്ചി ഇന്നു പോന്നില്ല. തലവേദനയും പനിയുമായിട്ടു വീട്ടിലിരിക്കുവാ.”

“കൂടുതലു വല്ലതുമുണ്ടോ?”

“ഓ, സാരമില്ല. ഒരു നീരെളക്കപ്പനിയാ.”

തുടർന്ന്, അവർ പല കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. ലീലാമ്മയുടെ പഠിത്തത്തിലുള്ള പുരോഗതിയെക്കുറിച്ചും കുര്യാച്ചനെപ്പററിയുമൊക്കെ.

വൈകുന്നേരം സൺഡേസ്കൂളും വിൻസെൻറ് ഡി പോൾ പ്രവർത്തനങ്ങളുമെല്ലാം കഴിഞ്ഞ്, കുര്യാച്ചൻ വന്നു. വന്നപാടേ അമ്മച്ചിയുടെ മുറിയിലേക്കുതന്നെ ചെന്നു.

അമ്മച്ചി കട്ടിലിൽ കിടക്കുകയാണ്. പനിയൊക്കെ കുറഞ്ഞു. ഇനി ക്ഷീണം അല്പം മാറാനേയുള്ളൂ.

സാറാമ്മയും ലീലാമ്മയും അടുത്തിരുന്ന്, ഒറോമ്മയെ പാട്ടുപാടി കേൾപ്പിക്കയായിരുന്നു. കുര്യാച്ചന്റെ തലവെട്ടം കണ്ടപ്പഴേ അവർ നാവടക്കിക്കളഞ്ഞു.

“സാറാമ്മേ, കുഞ്ഞിച്ചായനു കാപ്പികൊടുക്ക്.”

“ലീലാമ്മയുമൊക്കെ കുടിച്ചോ?”

“ഉവ്വ്. പേരമ്മയുടെ പനി എങ്ങനെയിരിക്കുന്നെന്ന് അറിയാൻ വന്നിട്ട്, ആദ്യത്തെ പരിപാടി കാപ്പികുടിയായിരുന്നു.” ലീലാമ്മയുടെ ചുണ്ടത്ത്, ഹൃദയഹാരിയായ ഒരു മൃദുസ്മേരം വിരിഞ്ഞു.

“സാറാമ്മേ, എന്നാലിങ്ങോട്ടു തന്നെ കൊണ്ടുപോരു. നിങ്ങളാരും കൊതിപിടിക്കുമെന്നു പേടിക്കാനില്ലല്ലോ.”

“ഇല്ല. ധൈര്യമായിരുന്നു കുടിച്ചോണ്ടാൽമതി.” ലീലാമ്മ പറഞ്ഞു.

“വേണ്ട, കുഞ്ഞിച്ചായാ. ഇങ്ങോട്ടു തന്നെ പോരു. അല്ലെങ്കിൽ കുഞ്ഞിച്ചായൻ പെരുവയറനാണെന്ന് ഈ ലീലാമ്മകൂടെ അറിയും. വലിയ പോക്കണംകേടാകും.” അടുക്കളയിലേക്കു നടന്നുകൊണ്ട് സാറാമ്മ പറഞ്ഞു.

“ലീലാമ്മയെ എന്തായാലും ആ രഹസ്യം നീ ഇപ്പഴറിച്ചുകഴിഞ്ഞല്ലോ. ഇനിയെങ്കിലും വേറെ ആരോടും പറയാതിരുന്നേച്ചാൽ മതി.”

“എട്ടീ പെണ്ണേ, അവനതൊന്നും പറഞ്ഞു പിടിപ്പിച്ചേക്കല്ലേ! ആങ്ങള പെരുവയറനാണെന്നു പറഞ്ഞുപരത്തിയാൽ ചിലപ്പം നാത്തൂനെ കിട്ടാതെവന്നേക്കും.” ഒറോമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു.

ലീലാമ്മ നമ്രമുഖിയായി. അവളുടെ ഹൃദയം, സുഖദമായ ഏതോ സ്വപ്നങ്ങൾ നെയ്യുകയായിരുന്നെന്നു തോന്നുന്നു. മധുരമായ ഒരു ലജ്ജ അവളുടെ ശോണാഭമായ കപോലങ്ങളിൽ മിനങ്ങിയിരുന്നു.

“സാറാമ്മയ്ക്കു തനിച്ച് കാപ്പി കൊണ്ടുവരാൻ ബുദ്ധിമുട്ടാണെങ്കിൽ ഞാൻകൂടെ വന്നു സഹായിക്കാം.” ലീലാമ്മയും അടുക്കളയിലേക്കു നടന്നു.

കുര്യാച്ചൻ കാപ്പി കുടിക്കുകയാണ്. സാറാമ്മ മേശയിൽ ചാരിനില്ക്കുന്നു. ലീലാമ്മ ഒറോമ്മയുടെ കട്ടിലിനരികേനിന്ന്, ഏതോ ഒരു മാസിക തിരിച്ചുമറിച്ചു നോക്കുകയാണ്.

നിമിഷങ്ങൾ! ചിന്തയുടെ കനംതൂങ്ങുന്ന നിമിഷങ്ങൾ!!

“കുഞ്ഞിച്ചായൻ ഞങ്ങളെയൊന്നു സഹായിക്കണം. ഞങ്ങൾ നോക്കിട്ടു ഒരു പിടിയും കിട്ടുന്നില്ല.” കുഞ്ഞിച്ചായൻ സഹായിച്ചില്ലെങ്കിൽ അവരാകെ കുഴഞ്ഞുപോകുമെന്നൊരു ദൈന്യവും പരാധീനതയുമുണ്ടായിരുന്നു സാറാമ്മയുടെ മുഖത്ത്.

“എന്തോന്നാ? ഇനിയും വല്ല ഉപന്യാസത്തിന്റെയും കേസായിരിക്കും?”

“അതൊന്നുമല്ല.”

“അയ്യോടീ സാറാമ്മേ, ഞാനൊരു കാര്യം വിട്ടുപോയി. ഇന്നാളെഴുതിത്തന്ന ഉപന്യാസത്തിന്, കുഞ്ഞിച്ചായനൊരു നന്ദിപറയാൻ.” നന്ദിപറയാഞ്ഞതിൽ പരിഭവിക്കരുതേ എന്നൊരഭ്യർത്ഥനയുമുണ്ടായിരുന്നു ലീലാമ്മയുടെ കണ്ണുകളിൽ.

“കുഞ്ഞിച്ചായനങ്ങനെ നന്ദിയൊന്നും സ്വീകരിക്കുന്ന ആളല്ല പെണ്ണേ പരസ്നേഹക്കാരനല്ലേ? അഥവാ നിർബ്ബന്ധമാണെങ്കിൽ ഒടുവിൽ എല്ലാംകൂടെയങ്ങു പറഞ്ഞേക്കണം.” സ്വതന്ത്രമായ കൂസലില്ലായ്മയോടെ സാറാമ്മ പറഞ്ഞു.

“എനിക്കു നന്ദി വേണ്ടെന്നിരുന്നാലും പറയേണ്ടതു് നിങ്ങളുടെ കടമയായിരുന്നു. ഉപകാരസ്മരണയെപ്പററി നമ്മുടെ കർത്താവു താന്നെ എടുത്തു പറഞ്ഞിട്ടില്ലേ! സുഖം പ്രാപിച്ച പത്തു കുഷ്ഠരോഗികളിൽ ഒരുത്തൻമാത്രം നന്ദി പറയാൻ തിരിച്ചുചെന്ന സമയത്തു്.”

“ക്ഷമിക്കണം, ഉപന്യാസം എഴുതിത്തന്നതിനു് വളരെ വളരെ ഉപകാരം.” തെല്ലു സങ്കോചത്തോടും അപരാധബോധത്തോടുംകൂടി ലീലാമ്മ പറഞ്ഞു.

“അതെങ്ങനെയും ഇരിക്കട്ടെ; ഉപന്യാസമെങ്ങനെയിരുന്നു?”

“പൊടിതകർപ്പല്ലായിരുന്നോ! വായനയ്ക്കുതക്ക എഴുത്തു്. എഴുത്തിനുതക്ക വായന. ഒരു വള്ളിക്കൊട്ട നെറച്ച് അഭിനന്ദനം കിട്ടി. ഡയറക്ടറച്ചനും പറഞ്ഞു, വളരെവളരെ നന്നായിരിക്കുന്നെന്ന്.” സാറാമ്മയാണു പറഞ്ഞതു്.

“കുഞ്ഞിച്ചായനെപ്പോലെ സാഹിത്യത്തിൽ നൊണപറയാൻ സാറാമ്മയും പഠിച്ചുപോയെന്നാ തോന്നുന്നതു്. ഇനി കുറേശ്ശെ കഥയെഴുത്തുകൂടെ തൊടങ്ങിയാൽമതി.” കണ്ണടച്ചു മയക്കത്തിലാണ്ട ഒറോമ്മയുടെ മുഖത്തു നോക്കിക്കൊണ്ട് ലീലാമ്മ പറഞ്ഞു.

“എനിക്കെങ്ങാൻ കഥയെഴുതാനറിയാമായിരുന്നെങ്കിൽ, നമ്മള് കുഞ്ഞിച്ചായന്റെ കാലുപിടിക്കണമായിരുന്നോ! ഇപ്പറഞ്ഞ നേരംകൊണ്ട്, നാടകമൊന്നങ്ങെഴുതിത്തരുകില്ലായിരുന്നോ!”

“എന്താ, നാടകംതന്നെയാവണമെന്നിത്ര നിർബ്ബന്ധം?”

“അതാ ഞങ്ങളു പറയാൻ ഭാവിച്ചതു്. കുഞ്ഞിച്ചായൻ ഞങ്ങൾക്കൊരു നാടകം സെലക്ററുചെയ്തു തരണം. ആനിവേഴ്സറിക്കൊരു നാടകംവേണം. ഡ്രാമാക്കമ്മിററിയിൽ ഞങ്ങൾ രണ്ടുപേരും അംഗങ്ങളാണ്. ലീലാമ്മയാണ് കൺവീനർ. ബുക്കു സെലക്ററുചെയ്യാൻ ഞങ്ങളെ രണ്ടുപേരെയാണ് ചുമതലപ്പെടുത്തിരിക്കുന്നതു്. സ്കൂൾലൈബ്രറി മുഴുവൻ തപ്പിയിട്ടും നല്ലൊരു നാടകം കണ്ടുകിട്ടിയില്ല. ഇനി കുഞ്ഞിച്ചായൻതന്നെ ഒരെണ്ണം തേടിപ്പിടിച്ചുതരണം. അല്ലെങ്കിൽ ഞങ്ങൾക്കു വല്ലാത്ത ഡിസ്ക്രെഡിററാകും.”

“കുഞ്ഞിച്ചായൻ ധാരാളം നാടകങ്ങൾ വായിച്ചിട്ടുണ്ടാവുമല്ലോ. അതിൽ നല്ലതുനോക്കിയൊരെണ്ണം ചൂസുചെയ്തു തന്നാൽ മതി. സൗകര്യമുണ്ടെങ്കിൽ ഒരെണ്ണം എഴുതിത്തന്നാലും മതി.” ലീലാമ്മ കൂട്ടിച്ചേർത്തു.

“ഗേൾസ്സ്കൂളിലുംമററും അഭിനയിക്കാൻ കൊള്ളാവുന്ന നല്ലൊരു ഡ്രാമാ കണ്ടുപിടിക്കാൻ വലിയ ബുദ്ധിമുട്ടാണ്. കലാമൂല്യവും ആദർശമേന്മയും ഒത്തിണങ്ങിയ നാടകങ്ങൾ നമുക്കു നന്നേ കുറവാണ്.” നെററി ചുളിച്ചുകൊണ്ടു കുര്യാച്ചൻ പറഞ്ഞു.

“എന്തായാലും വേണ്ടില്ല, കുഞ്ഞിച്ചായൻ ഈ പ്രശ്നം ഒന്നു സോൾവുചെയ്തു പാറു.” സാറാമ്മ നിർബ്ബന്ധമായി.

“ഞാൻ തല്ക്കാലം ഒരു വഴി പറയാം.” അല്പനേരത്തെ വിരാമത്തിനുശേഷം കുര്യാച്ചൻ പറഞ്ഞു.

“ഒരു ചെറിയ നാടകം ഞാനെഴുതിവച്ചിട്ടുണ്ട്. ഒരു ക്രിസ്ത്യൻ സോഷ്യൽസ്റ്റോറി. ഒന്നു പരീക്ഷിച്ചുനോക്ക്. നിങ്ങളുടെ കമ്മിററിക്ക് ഇഷ്ടപ്പെടുന്നില്ലെങ്കിൽ, വേറെ ഒരെണ്ണം കണ്ടുപിടിക്കാൻ ഞാൻ ശ്രമിക്കാം. നിങ്ങൾക്കതിൽ പ്രത്യേകതാല്പര്യമൊന്നും ഉള്ളതായി പറഞ്ഞേക്കരുതു്, കേട്ടോ.”

“വല്ല പാവങ്ങളുടെയും കഥയായിരിക്കും കുഞ്ഞിച്ചായന്റെ നാടകത്തിൽ.”

“നേരാണ് സാറാമ്മേ; ഞാനും ഓർക്കാറുണ്ട്, കോളേജിൽ പഠിക്കുന്ന ഈ കുഞ്ഞിച്ചായനു്, പാവങ്ങളുടെ ജീവിതവുമായി ഇത്ര വലിയ അടുപ്പം വരുന്നതെങ്ങനെയാണെന്നു! അതൊരതിശയംതന്നെ!” മേശപ്പുറത്തു കിടന്ന ഒരു ചിത്രമാസിക എടുത്തു് കുഴലുപോലെ ചുരുട്ടിക്കൊണ്ടു് ലീലാമ്മ പറഞ്ഞു.

“ഒരു കോളേജുവിദ്യാർത്ഥി എന്നതിനെക്കാൾ ഒരു ജീവിതവിദ്യാർത്ഥിയാണ് ലീലാമ്മേ,ഞാൻ.”

“പേരമ്മ നല്ലപോലെ ഒന്നുറങ്ങി; ഇല്ലേ?” മയക്കത്തിൽനിന്നുണർന്ന ഒറോമ്മയോടു ലീലാമ്മ ചോദിച്ചു.

“ആ, ഞാനൊന്നു മയങ്ങി.”

III

ഹൈസ്കൂൾവാർഷികം മോടിയായി ആഘോഷിക്കപ്പെട്ടു. നാടകാഭിനയം പ്രതീക്ഷാതീതമാംവണ്ണം വിജയമായിരുന്നു. സ്ത്രീത്വത്തെ ശാസ്ത്രീയമായി അപഗ്രഥിച്ചുകാണിക്കുന്ന മനശ്ശാസ്ത്രപരമായ ഒരു നാടകം. ഭോഗലാലസതയ്ക്കുമേൽ ത്യാഗസഹിഷ്ണുതയും സ്വാർത്ഥജടിലമായ ഗർവ്വിഷ്ഠതയിന്മേൽ ശാലീനമായ സേവനാത്മകത്വവും കൈവരിക്കുന്ന ആദർശപരമായ വിജയമാണ് നാടകത്തിലെ പ്രമേയം.

ലീലാമ്മയും സാറാമ്മയും നാടകത്തിൽ പങ്കെടുത്തിരുന്നു. പ്രേമമയിയും ദീനജനസേവനോൽസുകയുമായ ഒരു ഭാര്യയുടെ ഭാഗമായിരുന്നു ലീലാമ്മയ്ക്ക്. തന്റേടക്കാരിയും സ്ത്രീസ്വാതന്ത്ര്യപ്രക്ഷോഭകയുമായ ഒരു വനിതാവക്കീലിന്റെ ഭാഗം സാറാമ്മയ്ക്കും. നാടകത്തിൽ അവരിരുവരും അഭിനയിക്കയല്ല, യഥാർത്ഥത്തിൽ ജീവിക്കയായിരുന്നു എന്നുതന്നെ പറയണം.

നാടകം കാണാൻ ഒറോമ്മയും ലീലാമ്മയുടെ അമ്മയുമൊക്കെ ഉണ്ടായിരുന്നു. അവർ തൊട്ടുതൊട്ടാണിരുന്നതു്. മക്കൾ രണ്ടുപേരും ആദ്യം രംഗത്തു പ്രത്യക്ഷപ്പെട്ടസമയത്തു്, അവർക്ക് വല്ലാത്ത ഭീതിയും സങ്കോചവും തോന്നി. വേദനാജനകമായ ഒരു ഉൽക്കണ്ഠ! അവരുടെ അഭിനയമെങ്ങനെയായിത്തീരുമെന്ന്!! ഒന്നു രണ്ടു രംഗം കഴിഞ്ഞപ്പോൾ അതൊക്കെ പാടേ മാറി. അവർക്ക് അഭിമാനവും ഉത്സാഹവും വർദ്ധിച്ചു. ഓരോ രംഗവും കഴിയുന്തോറും ലീലാമ്മയും സാറാമ്മയും കാണികളുടെ ഏററവും പ്രിയപ്പെട്ട നടികളായി ഉയരുന്നതു് അവർ കണ്ടു. ആ മാതാക്കൾ ആനന്ദാശ്രുക്കൾ പൊഴിച്ചു.

പ്രത്യേകം ക്ഷണിച്ചിരുന്നതനുസരിച്ച്, കുര്യാച്ചനും നാടകത്തിനു ചെന്നിരുന്നു. സ്റ്റേജിൽനിന്ന് നാലു് കണ്ണുകൾ ആ ജനക്കൂട്ടത്തിനിടയിൽനിന്ന് കുര്യാച്ചനെ തിരക്കിപ്പിടിച്ചു. അ

ഏഷ്യാററിക്ക് മർക്കൈൻറൽ ബാങ്കു ലിമിററഡ്

H. O. കൊച്ചി. ബ്രാഞ്ചുകൾ: എറണാകുളം & തൃശ്ശൂർ

തിരു-കൊച്ചി ഗവമെന്റിൽനിന്നു സിദ്ധിച്ച 4-9-'53-ലെ L. Dis 5956/53 R. D. ഉത്തരവുപ്രകാരം തുടങ്ങുന്ന

## പുതിയ മാസക്കുറി

56 നമ്പ്ര്. നമ്പ്ര് 1-ൽ 2നറുക്ക്. നറുക്ക് 1ക്ക് 100ക. ആകെ സല. 11200ക. ഒരു നറുക്ക് എടുക്കലും ഒരു നറുക്ക് ലേലവും—മററു നിശ്ചയങ്ങളോടുംകൂടി ബാങ്കിന്റെ കൊച്ചി ബ്രാഞ്ചിൽനിന്നും 3—12—1953-ൽ (18—4—1129-ൽ) ഒരു പുതിയ മാസക്കുറി തുടങ്ങുന്നതാകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക.

കൊച്ചി
10-9-'53

എ. എൽ. ശ്രീധരശേണായി. ചെയർമാൻ
ഓഫ് ദി ബോർഡ് ഓഫ് ഡയറക്ടേഴ്സ്

വർ അമ്മച്ചിമാരിരിക്കുന്നതും കണ്ടു. അവൾക്കു ചിരി വന്നുപോയി. വായ്മൂലകളിൽവച്ച് അവർ അതു പിടിച്ചമർത്തിക്കളഞ്ഞു.

ലീലാമ്മയും സാറാമ്മയും സ്റ്റേജിൽ ഇത്രത്തോളം ശോഭിക്കുമെന്ന് കുര്യാച്ചൻ പ്രതീക്ഷിച്ചിരുന്നില്ല. നാടകത്തിനു് ഇത്രയും "സ്റ്റേജ് ഇഫക്റ്റും" ഏകാഗ്രതയും കിട്ടുമെന്നും കരുതിയില്ല. ഒരു നാടകകൃത്തെന്ന നിലയിൽ തന്റെ അരങ്ങേറ്റത്തെ ചുവടുവയ്പ് ഇത്രത്തോളം വിജയത്തിൽ കലാശിച്ചതിൽ കുര്യാച്ചനുതന്നെ ചാരിതാർത്ഥ്യം തോന്നി.

നാടകം നിർവ്വഹണസന്ധിയിലെത്താറായി. ഹെഡ് മിസ്ട്രസ് കൃതജ്ഞത പറയാൻ സ്റ്റേജിൽവന്നു, സദസ്യർക്കുനന്ദിപറഞ്ഞു നടിമാരെയും അഭിനന്ദിച്ചു. ഏററവും തന്മയത്വത്തോടെ അഭിനയിച്ച രണ്ടുമൂന്നുപേർക്ക് സമ്മാനങ്ങളും നൽകി. ലീലാമ്മയ്ക്കും സാറാമ്മയ്ക്കും ഓരോ മെഡൽ ലഭിച്ചു. തുടർന്ന്, നാടകകർത്താവിനും ഉപകാരം പറഞ്ഞു. ഹസ്തതാഡനങ്ങൾവഴി, പ്രേക്ഷകരും അവരുടെ അഭിനന്ദനം രേഖപ്പെടുത്തി.

IV

ഒറോമ്മയുംമററും ആങ്ങളയുടെ ഇളയമകന്റെ കല്യാണംകൂടാൻ വീട്ടിൽപോയിട്ടു് മടങ്ങിവരികയായിരുന്നു. കുര്യാച്ചനും സാറാമ്മയുമുണ്ടു് കൂടെ.

ലീലാമ്മയുടെ വീടടുക്കാറായി. അവരുടെ തലവെട്ടം കണ്ടപ്പോഴേ ലീലാമ്മയും അമ്മച്ചിയുംകൂടെ വഴിയിറമ്പിൽവന്നു നില്പാണു്.

"ചേടത്തിയുംമററും വരുന്നവഴിയാ അല്ലേ? ഇങ്ങോട്ടു കേറി ഒന്നിരുന്നിട്ടു പോകാം. കല്യാണത്തിന്റെ പങ്കുവല്ലതുമുണ്ടെങ്കിൽ പറവുകയും ചെയ്യാമല്ലോ." ലീലാമ്മയുടെ അമ്മ അവരെ വീട്ടിലേക്കു ക്ഷണിച്ചു. ലീലാമ്മ, സാറാമ്മയുടെ കൈയിലിരുന്ന ബാഗ് കൈക്കലാക്കാൻ നോക്കുകയായിരുന്നു.

"കല്യാണത്തിന്റെ പങ്കൊക്കെ തരായിരുന്നു. പക്ഷേ നേരം പോയല്ലോ, മറിയാമ്മ. ഇന്നു രണ്ടായില്ലേ വീട്ടിൽനിന്നിറങ്ങീട്ട്."

"ഇവിടെക്കേറിയാൽ വല്ല മാനക്കേടും വരുമെന്നുവച്ചായിരിക്കും; ഞങ്ങളു പാവങ്ങളായതുകൊണ്ടു്." ഒരു പരിഭവത്തിന്റെ മുഖാവരണം ധരിച്ചുകൊണ്ടു് ലീലാമ്മ പറഞ്ഞു.

"ഓ! നിങ്ങളു പാവങ്ങളാണില്ലേ!! അന്നന്നു കഞ്ഞിവച്ചുകുടിച്ചു കെടക്കുന്ന പാവങ്ങളായിരിക്കും? ഞങ്ങളാണെങ്കിൽ അങ്ങനെയൊന്നുമല്ല. ഒരു മാസം ഉണ്ണാനുള്ളതു് ഒന്നിച്ചുണ്ടു വെച്ചു കൂട്ടിയിട്ടോണ്ടു കഴിക്കുന്നവരാ." സാറാമ്മ ഏററുപിടിച്ചു.

"കോളുവല്ലതുമൊണ്ടോ, ലീലാമ്മേ?" കുര്യാച്ചൻ ചോദിച്ചു.

"ഓ! എന്തു കോളു്!" ഒരെളിയസ്വരത്തിൽ ലീലാമ്മ മൊഴിഞ്ഞു. അങ്ങോട്ടു കേറിയിട്ടേ പോകാവൂ എന്നൊരഭ്യർത്ഥന അന്നേരവും ആ നീലനയനങ്ങളിൽ തങ്ങിനിന്നിരുന്നു.

"കാറൊറാണ്ടായിരുന്നെങ്കിൽ കോളുകണ്ടേനെ, അല്ലേ ലീലാമ്മേ?" സാറാമ്മ കൂട്ടുകാരിയുടെ പക്ഷം ചേർന്നു.

"ഏതായാലും അവരു രണ്ടുപേരും നിർബന്ധമല്ലേ! ഒന്നത്രടം കേറിയേച്ചുപോരാം." അഭിപ്രായം ആരായുന്നമട്ടിൽ ഒറോമ്മ മക്കളുടെനേരെ നോക്കി. അമ്മയുടെ വാക്കു കേട്ടപാതി കേൾക്കാത്തപാതി, സാറാമ്മ നടന്നുകഴിഞ്ഞു.

"കുഞ്ഞേപ്പുചേട്ടനിവിടെയില്ലേ?" കുര്യാച്ചൻ ഗൃഹനാഥനെ അന്വേഷിച്ചു.

"ഇല്ല. അച്ചായനും വല്യാങ്ങളയും കൊയ്യിക്കാൻ പോയിരിക്കയാ." ലീലാമ്മ അറിയിച്ചു.

സാറാമ്മ നേരെ അടുക്കളയിലേക്കാണെടുത്തതു്. അവൾ അവിടെയാകെ ഒരു പരിശോധന നടത്തി. പുറംചുവരിൽ വച്ചിരുന്ന ഗ്രൂപ്പ്ഫോട്ടോകൾ നോക്കിക്കാണുകയായിരുന്നു കുര്യാച്ചൻ.

ഇപ്പറഞ്ഞനേരംകൊണ്ടു് കാപ്പിയും പലഹാരങ്ങളും നിരന്നുകഴിഞ്ഞു, എല്ലാം "റെഡിമെയ്ഡാ"യിരുന്നപോലെ.

കാപ്പികുടിക്കൊരു കൊഴുപ്പിനുവേണ്ടി ചില നേരമ്പോക്കുകൾകൂടിവിളമ്പി. മറിയാമ്മ ഹൈസ്ക്കൂളിലെ നാടകക്കാര്യം എടുത്തിട്ടു.

"വലിയ നാടകക്കാരിത്തികളല്ല. ഇരിക്കുന്നെ?" ഒറോമ്മ പറഞ്ഞു.

"സാറാമ്മയുടെ അന്നേരത്തെ നോട്ടവും ഭാവവും ഞെളുഞ്ഞൊടെയൊള്ള നടപ്പും വർത്തമാനവുമൊക്കെക്കൊണ്ടു, ഒരു വക്കീലത്തിയാണെന്നല്ലാണ്ടു് ആരും പറയില്ലായിരുന്നു. ആണുങ്ങളുടെ ഒപ്പം നിന്നോണ്ടുള്ള വാദം കേൾക്കണ്ടേ!" മറിയാമ്മ സാറാമ്മയുടെ അഭിനയപാടവത്തെ പ്രകീർത്തിക്കുവാൻതുടങ്ങി.

"ഞങ്ങൾക്കു ചിരിയായിരുന്നു."

"ചിരിയടക്കാൻ ഞങ്ങളെന്തു പാടുപെട്ടെന്നോ?"

"ഇവരെ രണ്ടുപേരെയും സിനിമാക്കാരു് ക്ഷണിച്ചിരിക്കയല്ലേ!!" ബിസ്ക്കററു കൊറിച്ചുകൊണ്ടു കുര്യാച്ചൻ പറഞ്ഞു.

"ചുമ്മാ കളിയാക്കാതെ കുഞ്ഞിച്ചായാ."

"കളിയാക്കുകാണോ? നിങ്ങൾ വലിയ താരങ്ങളായിപ്പോയില്ലേ!"

"അല്ല, അങ്ങനെ കളിയാക്കുകയൊന്നുംവേണ്ട. നമ്മുടെ ഇപ്പഴത്തെ സിനിമാനടികളെപ്പോലെയൊക്കെയെങ്കിലും ഞങ്ങളും അഭിനയിച്ചേപ്പിക്കാം."

"പിന്നെയെന്താ മടിച്ചിരിക്കുന്നെ?"

"ചില വ്യവസ്ഥകളിന്മേൽ മാത്രമേ ഞങ്ങൾ ചേരത്തൊള്ളു. കുഞ്ഞിച്ചായൻതന്നെ എഴുതി ഡയറക്ട് ചെയ്യുന്ന ഒരു കഥയിൽ മാത്രമേ ഞങ്ങൾ പങ്കെടുക്കത്തൊള്ളു. നായകന്റെ ഭാഗം കുഞ്ഞിച്ചായൻതന്നെ എടുക്കുകയുംവേണം. കമ്പനി നടത്തുന്നതും കുഞ്ഞിച്ചായനായിരിക്കണം. ഇത്രയും ഉറപ്പുകിട്ടിയാൽ അന്നേരം കാണിച്ചുതരാം, ലീലാമ്മ നായികയും ഞാൻ ഉപനായികയുമായി അഭിനയിക്കുന്നതു്."

"കഠിനമായ വ്യവസ്ഥകളാണല്ലോ."

"ഞങ്ങൾ അഭിനയിക്കാൻ കൂടണമെങ്കിൽമതി. നിർബന്ധമൊന്നുമില്ല."

"പേരമ്മ ഇതൊന്നും തൊട്ടുപോലുമില്ലല്ലോ!" പലഹാരം മുഴുവൻ തിന്നുതീർക്കാത്തതിനു് ലീലാമ്മയുടെ പരാതി.

"മതി മക്കളെ."

കാപ്പികുടി മതിയാക്കി എല്ലാവരും എഴുന്നേററു.

V

"കുറേക്കൂടി കഴിഞ്ഞിട്ടുപോരേ, അമ്മച്ചീ; ഞാൻ ബി. എ. ഒന്നു കംപ്ലീററുചെയ്തിട്ടു?"

"ഇല്ല. അങ്ങനെ നീട്ടാൻപാടില്ല. അതുകൊണ്ടു പഠിന്നതിനൊരു തടസ്സോമില്ല." ഒറോമ്മ പറഞ്ഞു.

"എന്നാൽ സാറാമ്മയുടെകാര്യം ആദ്യം നടക്കട്ടമ്മച്ചീ."

"അതു പററുകില്ല. കുടുംബത്തു് ഒരാളുണ്ടായിട്ടുവേണം അവളെ പറഞ്ഞയക്കാൻ."

"അമ്മച്ചിക്കിതിലെന്തോ, വലിയൊരു നിർബന്ധംപോലെ തോന്നുന്നല്ലോ."

"അതെ, ഇനിക്കു നിർബന്ധംതന്നെയാ ഞാനിതു തീരുമാനിച്ചുകഴിഞ്ഞു."

"എവിടെയാണമ്മച്ചീ." കൈയിലിരുന്ന പുസ്തകത്തിൽ ചുമ്മാ കണ്ണോടിച്ചുകൊണ്ടു്, അഴകാന്ന ഒരു മന്ദസ്മിതത്തോടെ കുര്യാച്ചൻ ചോദിച്ചു.

"അതെന്തിനാണിപ്പം നീയറിയുന്നെ? ഞാൻ പറയുന്ന പെണ്ണിനെ കെട്ടാൻ നിനക്കു സമ്മതമാണോ? അല്ലേ?"

"ഒന്നു കാണുകയെങ്കിലും ചെയ്യാതെ—"

"മനസ്സുചോദ്യത്തിനു ചെല്ലുമ്പം കാണാം."

"അന്നേരം മനസ്സില്ലാതെവന്നാലോ?"

"ഞാൻ പറയുന്നതു് നിനക്കു വിശ്വസിക്കാമോ?"

"ലോകത്തിൽ മററാരു പറയുന്നതിനെക്കാളും അമ്മച്ചിപറയുന്നതാണെനിക്കു വിശ്വാസം?"

ആ മാതാവിന്റെ ഉൾക്കളം നിറഞ്ഞു.

"എന്നാൽ ഞാൻ പറയുന്നതു നീ അനുസരിക്കണം. നിന്റെ ഗുണത്തിനാണെന്നു വിശ്വസിക്കണം."

"എങ്കിലും, ജീവിതകാലം മുഴുവൻ ഒന്നിച്ചു കഴിയേണ്ട ഒരു പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുമുമ്പു്, തമ്മിൽ ഒരുതവണയെങ്കിലും ഒന്നു കാണാനുള്ള സ്വാതന്ത്ര്യംപോലും അനുവദിക്കയില്ലെന്നുപറയുന്നതു കുറേ കടന്ന കൈയല്ലേ, അമ്മച്ചീ."

"ആയിരിക്കാം. പക്ഷേ നിന്റെ അപ്പൻ അങ്ങനെയൊന്നും കണ്ടുകൊണ്ടല്ല നിന്റെ അമ്മച്ചിയെ തിരഞ്ഞെടുത്തതു്. കാരണോന്മാരു കണ്ടു. അവർക്കു ബോധിച്ചു. അതുകൊണ്ടു ഞങ്ങൾക്കും ബോധിച്ചു. കീഴ്നടപ്പുവിട്ടൊന്നുംവേണ്ട" ഗൗരവപൂർവ്വം തന്നെയാണു് ഒറോമ്മ പറയുന്നതു്.

"എങ്കിലും എനിക്കല്പം ആലോചിക്കാൻപോലും സാവകാശം തരാതെ—" കുര്യാച്ചന്റെ തൊണ്ട പൊട്ടുപൊട്ടുകുമ്പോലെ തോന്നി.

"ആരോടാലോചിക്കാനാ?"

"ആരോടുമല്ല. എങ്കിലും—"

"ഒന്നുംവേണ്ട. ഞാൻ പറയുമ്പടി കാര്യംനടക്കണം. ഇനിക്കുതിതും കേൾക്കണ്ട. രണ്ടിലൊന്നറിയണം." ഒറോമ്മ അല്പം കനപ്പിച്ചാണതു പറഞ്ഞതു്.

അമ്മച്ചിയുടെ സ്വഭാവം കുര്യാച്ചനു് നല്ലവണ്ണമറിയാം. ഒന്നു പിടിച്ചാൽ അതു സാധിക്കണം. സാധിച്ചേ അടങ്ങൂ. എതിരുപറഞ്ഞാൽ വല്ലാത്ത അരിശമാണാദ്യം. പിന്നെ സങ്കടവും. സങ്കടംവന്നാൽ കരച്ചിലുതന്നെ കരച്ചിലായിരിക്കും.

വാത്സല്യംകൊണ്ടു മിടിക്കുന്ന ആ ഹൃദയത്തെ വേദനിപ്പിക്കുവാൻ കുര്യാച്ചൻ വിമനസ്സായിരുന്നു. പക്ഷേ അമ്മച്ചി പറയുന്നതിനു സമ്മതം മൂളിയാൽ, ഹൃദയത്തിന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്നതെന്തോ കൈവിട്ടുപോയേക്കുമെന്നുള്ള ഭീതിയുമുണ്ടായിരുന്നു. അമ്മച്ചി പറയുന്നതിനു വഴങ്ങാഞ്ഞാൽ മക്കൾക്കുവേണ്ടി മാത്രം ജീവൻ നിലനിർത്തുന്ന ആ തള്ള വേദനയിൽ നീറിനീറി ദഹിക്കും. ഇരുപത്തെട്ടുവയസ്സിൽ വിധവയാക്കപ്പെട്ട ആ തള്ള മക്കളെച്ചൊല്ലി ഒരു ജീവിതയജ്ഞംതന്നെ നടത്തുകയായിരുന്നു. പുനർവിവാഹത്തിനുള്ള പ്രലോഭനീയങ്ങളായ എല്ലാ ആലോചനകളെയും തട്ടി എറിയുകയായിരുന്നു.

ആ തള്ളയെ വേദനിപ്പിക്കുകയെന്നുവെച്ചാൽ! — കുര്യാച്ചന്റെ മനസ്സിൽ കടുത്ത ഒരു ബലപരീക്ഷണം നടക്കുകയായിരുന്നു. വിവേകവും വികാരവും തമ്മിലുള്ള ഊക്കേറിയ ഒരു ബലാബലപരീക്ഷണം.

"വേഗം പറയണം. നിന്റെ തീരുമാനമറിഞ്ഞിട്ടുവേണം ഇനിക്കു ബാക്കി കാര്യം നോക്കാൻ."

"അമ്മച്ചിയുടെ ഇഷ്ടം...." കുര്യാച്ചന്റെ സ്വരം ക്ഷീണിച്ചതായിരുന്നു. ആ മുഖം മ്ലാനമായിരുന്നു. കണ്ണുകൾ നനഞ്ഞിരുന്നു. ഹൃദയം ശൂന്യമായിരിക്കുമ്പോലെ തോന്നി. ലോകം മുഴുവൻ ഇരുട്ടിലാണ്ടിരിക്കുമ്പോലെയും.

കുര്യാച്ചൻ, പിന്നെ അവിടെയൊട്ടും നിന്നില്ല.

VI

"നല്ലമിടുക്കിയാണല്ലോ! ഉപന്യാസമെഴുതിച്ചെഴുതിച്ചു്, ഒടുക്കം ഉപന്യാസകർത്താവിനെത്തന്നെയങ്ങു തട്ടിയെടുത്തുകളഞ്ഞല്ലൊ."

കുടികല്യാണത്തിന്റന്നു് സാറാമ്മ സഹോദരപത്നിയെ സ്വാഗതം ചെയ്തതങ്ങനെയായിരുന്നു.

"നീയിനിയൊരു നാടകകർത്താവിനെ തട്ടിയെടുക്കാൻനോക്കിക്കോ."

നാത്തൂൻ സാറാമ്മയുടെ കവിൾക്കുമ്പിൽ നുള്ളി.

ഒറോമ്മ മുറിയിൽനിന്നു് വരാന്തയിലേക്കിറങ്ങി.

"അമ്മച്ചീ, ദേ, ഈ ലീലാമ്മ എന്നെ നുള്ളുന്നു." കവിളു് തടവിക്കൊണ്ടു സാറാമ്മപറഞ്ഞു.

"എടീ, ഇനിയും ലീലാമ്മയാണോ നിനക്കു്? നാത്തൂനെന്നു വിളിക്കു പെണ്ണേ." ഒറോമ്മ മകളെ തിരുത്തി.

"ഓ. നാത്തൂൻ, നാത്തൂൻ.. അതങ്ങു മറന്നുപോയി. എടീ, ലീലാ—അല്ല, നാത്തൂനേ, നാത്തൂമ്പോരെടുത്തെന്നുംപറഞ്ഞു് കുഞ്ഞിച്ചായനെക്കൊണ്ടു് രണ്ടു തരീപ്പിക്കാം. കണ്ടോ.... കുഞ്ഞിച്ചാ...." സാറാമ്മ അടക്കിയസ്വരത്തിൽ വിളിച്ചു.

"വേണ്ട. ആരെയും വിളിക്കണ്ട. വേണമെങ്കിൽ നുള്ളിയെടത്തൊന്നു തിരുമ്മിയേക്കാം." ലീലാമ്മ അടുത്തുചെന്നു.

തെക്കേമുറിയിൽ പത്രംവായിച്ചുകൊണ്ടിരുന്ന കുര്യാച്ചനും അങ്ങോട്ടുചെന്നു.

"കുഞ്ഞിച്ചായാ, ഞാനൊന്നു കാര്യംപറഞ്ഞേക്കാം. കുഞ്ഞിച്ചായന്റെ നാത്തൂനെ മര്യാദയ്ക്കു നിർത്തിക്കോളണം, കേട്ടോ." ഒരു കൃത്രിമഗൗരവത്തിൽ സാറാമ്മ പറഞ്ഞു.

"എന്താ, അമ്മച്ചിയെപ്പോലെ നീയും പുതിയ വല്ല പരീക്ഷണത്തിനും വട്ടംകൂട്ടുകയാണോ?" കുര്യാച്ചനും നേരമ്പോക്കിൽത്തന്നെ ചോദിച്ചു.

"അമ്മച്ചിയുടെ പരീക്ഷണത്തിൽ ജയിച്ചതു് നീതന്നെയല്ലേ?" ഒറോമ്മയുടെ മുഖത്തു് ഒരു സംതൃപ്തിയുടെ വെളിച്ചം പരന്നിരുന്നു.

"ജയിച്ചു. ജയിച്ചു. പക്ഷേ ഒരാഴ്ചകൊണ്ടു, ആളു് പാതിയായിപ്പോയി. കാര്യം അറിഞ്ഞതിൽപ്പിന്നെ ഉരു നേരേവീണൊള്ളു." കുഞ്ഞിച്ചായന്റെ ചെലവിൽ തെല്ലു വിനോദിക്കുന്നതിനു് അതൊരവസരമാക്കിയെടുത്തു, സാറാമ്മ.

"ഏതായാലും ആ പരീക്ഷണം കുറേ കടന്നകൈയായിപ്പോയി. സംഗതികൾ ഉള്ളിലൊതുക്കിവച്ചുകൊണ്ടു്, പുറമേ മറെറാന്നു നടിക്കാൻ അമ്മച്ചിക്കു് ഇത്രത്തോളം വിരുതുണ്ടെന്നു ഞാൻ കരുതിയിരുന്നില്ല. കട്ടപ്പം, കട്ടപ്പം. ഞാൻ പഠിച്ചപണിയൊക്കെ കഴിച്ചിട്ടും കള്ളിയൊന്നു പുറത്തുവിടണമല്ലോ! ഇക്കണക്കിനു് അമ്മച്ചിയോടൊപ്പം അഭിനയിക്കാൻ സാറാമ്മയും ലീലാമ്മയുമൊന്നും പററുകില്ല."

ഒറോമ്മ മോറിച്ചിരിച്ചു. സാറാമ്മയ്ക്കും ചിരിവന്നു. പക്ഷേ അവളതു് മനഃപൂർവ്വം മറച്ചുകളഞ്ഞു. ലീലാമ്മ തലകുനിച്ചുനിന്നു.

"കാര്യമൊക്കെക്കൊള്ളാം. ശേഷംപേക്കും ഇവിടെ കഴിയണം. ആളിനെയൊന്നു മര്യാദയ്ക്കു നിർത്തിയേക്കണം കേട്ടോ." സാറാമ്മ പിന്നെയും ആ രംഗത്തിനു് രസംപിടിപ്പിക്കുവാൻ നോക്കുകയാണു്.

"പ്രപ്പോസലും മുന്നിങ്ങമെല്ലാം നിങ്ങൾതന്നെയല്ലേ നടത്തിയതു്? ഞാനെന്തുവേണം! അമ്മച്ചിയും മകനും കൂടെയല്ലേ എല്ലാം ഒപ്പിച്ചതു്. വലിച്ചു തലേവെച്ചുവരുതന്നെ മര്യാദയ്ക്കു നിർത്തിക്കോളണം" സാറാമ്മയെ നോക്കുകയാണെന്ന ഭാവത്തിൽ ലീലാമ്മയുടെനേരെ ദൃഷ്ടിപായിച്ചുകൊണ്ടു്, ചുണ്ടിൽ വിരിഞ്ഞ ഒരു ഇളംചിരിയോടെ കുര്യാച്ചൻ പറഞ്ഞു.

ഒറോമ്മയും സാറാമ്മയും ചിരിച്ചു.

ലീലാമ്മ ലജ്ജയാൽ ചൂളിപ്പോയി.

---

## SPOKEN IN 1872

Christianity will be a failure as soon as the voice of the Catholic Church is hushed. It will be a failure as soon as some king or emperor or statesman, successful in war and in council, is able to bend the Catholic Church and make her teach according to his notions or his views. Where in her history has she ever bowed to king or potentate? Where has she ever shaped her doctrines to meet the views of this man and further the designs of this other man because they were able to persecute her as they are persecuting her today? The most powerful man in the world says to the Catholic Church, "You must remodel your teachings; you must alter some of your dogmas and some of your first principles; you must admit that the state has a right to educate the children; that you have no right. You must admit that religion is not a necessary element of education. I will make you do it." Thus speaks von Bismarck—

He says to the Church, "I will make a decree and I will expel every Jesuit in Germany; I will persecute your bishops; I will take your churches; I will alienate your people; I will imprison your priests; I will put them to death if necessary." But the Church of God stands calmly before him and says, "You can do all this, but you cannot make me change my teaching. I am the messenger and the voice of God, and God is Truth."

—Father Tom Burke

## പുസ്തകാഭിപ്രായം

### സുകൃതിയായ വികൃതി

[അലക്സാണ്ടർ ചെറുകരക്കുന്നേൽ. പ്രതിമാസഗ്രന്ഥക്ലബ്ബ്, എറണാകുളം. പേജ് XII+204)

"The Man who got even with God" എന്ന ഇംഗ്ലീഷുഗ്രന്ഥത്തിന്റെ ഒരു മലയാളസംക്ഷേപമാണ് ഈ കൃതി. പരിഭാഷകനും പ്രസാധകനും തീർച്ചയായും അഭിമാനംകൊള്ളാവുന്ന ഒരു മനോഹരഗ്രന്ഥമാണിതെന്നു പറയുന്നതിൽ ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്. ഒരു നോവൽപോലെ രസാത്മകവും ഒരാദ്ധ്യാത്മികപ്രഭാഷണംപോലെ ഉത്തേജകവുമായിരിക്കുന്നു ഇതിലെ പ്രതിപാദ്യവിഷയമായ ജീവിതകഥ. വികൃതിത്തരത്തിന്റെ വിഹാരരംഗമായിരുന്ന ജോണി വിവിധ ജീവിതസാഹചര്യങ്ങളുമായി ഏററുമുട്ടി അവസാനം വിശുദ്ധിയുടെ വിനീതോപാസകനായ ബ്രദർ ജൊവാക്കിം എന്ന ഒരു ട്രാപ്പിസ്റ്റു സന്യാസി ആയി മാറുന്ന ചരിത്രം വായനക്കാരെ കുടകുടെ ചിരിപ്പിക്കുകയും ഇരുത്തിച്ചിന്തിപ്പിക്കുകയും ചെയ്യുന്നതിനു പോരുന്നതാണു്. സ്വാഭിലാഷം സാധിച്ചുകിട്ടാഞ്ഞിട്ടു് സ്വന്തം പിതാവിനോടു പിണങ്ങി രാത്രിയിൽ അദ്ദേഹത്തിന്റെ പുകയിലപ്പുരയ്ക്കു തീയുംവച്ചു് അവൻ ഇറങ്ങിത്തിരിക്കുന്നതും, കന്നുകാലിച്ചെറുക്കനായി കുറെക്കാലം കാടുകേറി നടന്നശേഷം തിരികെ വരുന്നതും, അയൽക്കാരി മേരിയുമായി പ്രണയബദ്ധനാകുന്നതും, ആ ബന്ധം വെട്ടിമുറിച്ചു സന്യാസാശ്രമത്തിൽ സഹായകസഹോദരനായി ചേരുന്നതും, അവിടത്തെ ജീവിതക്രമം കണ്ടു ഉള്ളുകൊണ്ടു ചിരിക്കുന്നതും, വേലചെയ്യുവാൻ തന്നെനിർബന്ധിച്ച വൈദികന്റെ നേർക്കു തൂമ്പായുമേന്തി വക്കാണത്തിനു പുറപ്പെടുന്നതും, മുഖക്ഷൗരമദ്ധ്യേ തന്നെ ശാസിച്ച ആശ്രമശ്രേഷ്ഠന്റെ കഴുത്തു കണ്ടിക്കുമെന്നു ഭീഷണിപ്പെടുത്തുന്നതും, ഒടുവിൽ അവൻ തന്റെ ജന്മസിദ്ധമായ വികാരങ്ങളിന്മേൽ പരിപൂർണ്ണവിജയംവരിച്ചു് ഒരാട്ടിൻകുട്ടിയെപ്പോലെ ശാന്തനും ശാലീനനുമായിപ്പകരുന്നതും, അവന്റെ ഹൃദയത്തിൽ എരിഞ്ഞിരുന്നതുംപലവുരു പൊട്ടിത്തെറിച്ചിട്ടുള്ളതുമായ കോപത്തിന്റെ അഗ്നിപർവ്വതം നിശ്ശേഷം വെന്തൊടുങ്ങുന്നതും, തൽസ്ഥാനത്തു ദൈവസ്നേഹത്തിന്റെ ഒരിക്കലും ഒടുങ്ങാത്തഒരഗ്നികുണ്ഡം ഉജ്ജ്വലിച്ചുതുടങ്ങുന്നതും, അത്ഭുതങ്ങൾപ്രവർത്തിക്കുവാൻപോലുമുള്ള വരങ്ങൾ അവനു കൈവരുന്നതുംമററുമടങ്ങിയഈ ജീവിതകഥ ആപാദചൂഡം ആകർഷവും ആവേശജനകവുമായിരിക്കുന്നു. ഇതൊരു നാടകമോ ചലച്ചിത്രമോ ആക്കിയാൽ അതു അത്യന്തം ആസ്വാദ്യമായിരിക്കുമെന്നതിനു സംശയമില്ല. ഒഴുക്കും ഓജസ്സുമുള്ളതാണു് ഇതിലെ ഭാഷ. ശൈലികൾ സംശുദ്ധങ്ങളും ചമല്ക്കാരദ്യോതകങ്ങളുമാണു്. ഈ ഗ്രന്ഥത്തിനു് എന്തെങ്കിലുമൊരു ന്യൂനത ചൂണ്ടിക്കാണിക്കുവാനുണ്ടെങ്കിൽ അതു് അവിടവിടെയായി കടന്നുകൂടിയിട്ടുള്ള അക്ഷരത്തെററുകളാണു്. താപസശ്രേഷ്ഠന്മാരുടെ വാസസ്ഥലത്തെ ഉദ്ദേശിച്ചു "മണലാരണ്യം" എന്നു പ്രയോഗിച്ചിരിക്കുന്നതും അത്ര ശരിയാണെന്നു തോന്നുന്നില്ല. Desert എന്ന ശബ്ദമായിരിക്കും മൂലത്തിലുള്ളതു്. അതു പ്രകൃതത്തിൽ വിജനപ്രദേശമെന്നോ വനാന്തരമെന്നോ മറേറാ ആണു തർജ്ജിമചെയ്യേണ്ടതു്. എങ്ങനെയായാലും ഈ ഗ്രന്ഥം രചിച്ചതൂലികയിലെ മഷി വററാതിരിക്കട്ടെ. വികൃതികളായ പലരും ഈ കൃതി വായിച്ചു സുകൃതികളാകാൻ ഇടവരുകയുംചെയ്യട്ടെ.

P. I. J.

## ചോദ്യോത്തരപംക്തി

**ചോ:** ഒരു യാക്കോബായ വൈദികനുമായി സംഗതിവശാൽ സംസാരിക്കാൻ ഇടയായപ്പോൾ, അദ്ദേഹം പറഞ്ഞതു് വേദപുസ്തകത്തിലില്ലാത്ത പല വിശ്വാസങ്ങളും കത്തോലിക്കാസഭയിലുണ്ടെന്നാണു്. ഉദാഹരണത്തിനായി, ശുദ്ധീകരണസ്ഥലം എന്നതു് കത്തോലിക്കാസഭ സൃഷ്ടിച്ചതാണെന്നും അല്ലാതെ സുവിശേഷത്തിൽ അതേപ്പററി യാതൊന്നുമില്ലെന്നും പറയുകയുണ്ടായി. ഇതിനു് എന്താണു സമാധാനം?

**ഉ:** വേദപുസ്തകത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടില്ലാത്ത പല "വിശ്വാസങ്ങളും" കത്തോലിക്കാസഭയിലുണ്ടെന്നു പറഞ്ഞതു വാസ്തവമാണു്. യാക്കോബായസഭയിലുമില്ലേ? പഴയനിയമത്തിലെ ശനിയാഴ്ചയ്ക്കുപകരം പുതിയ നിയമത്തിൽ ഞായറാഴ്ചയാണു് വിശുദ്ധദിനമായി ആചരിക്കേണ്ടതെന്നു് അവർ വിശ്വസിക്കയും അപ്രകാരം ആചരിക്കയും ചെയ്യുന്നില്ലേ? അപ്രകാരം ചെയ്യണമെന്നു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു് എവിടെയാണു്? തോമാശ്ലീഹാ കേരളത്തിൽ വന്നെന്നും അദ്ദേഹമാണു തങ്ങളുടെ പൂർവ്വികരെ ക്രിസ്തുമാർഗ്ഗത്തിലേക്കാനയിച്ചതെന്നും യാക്കോബായക്കാർ വിശ്വസിക്കുന്നുണ്ടു്. അതുപോലെ അന്ത്യോക്യാ പാത്രിയർക്കീസാണു സഭയുടെ പരമാധികാരിയെന്നു് അവരിൽ ഒരു ഭാഗമെങ്കിലും വിശ്വസിക്കുന്നുണ്ടു്. ഈ സംഗതികൾ വേദപുസ്തകത്തിൽ എവിടെ പറഞ്ഞിരിക്കുന്നു? തങ്ങളുടെ വിശ്വാസത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും വേദപുസ്തകം മാത്രമല്ല യാക്കോബായക്കാർ ആധാരമായി സ്വീകരിക്കുന്നതെന്നു ചുരുക്കം. വാസ്തവത്തിൽ അവർ ആദ്യത്തെ മൂന്നു സൂനഹദോസുകൾ അംഗീകരിക്കുന്നുണ്ടു്; ഓരോ വാദമുഖങ്ങൾ സ്ഥാപിക്കുവാനായി അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്, വി. എഫ്രേം മുതലായവരുടെ കൃതികളിൽനിന്നു ധാരാളമായി ഉദ്ധരിക്കാറുമുണ്ടു്. സഭാപിതാക്കന്മാർ രേഖപ്പെടുത്തിയിരിക്കുന്ന പാരമ്പര്യോപദേശത്തേയും അവർ വിലമതിക്കുന്നുണ്ടെന്നാണു് അതിന്റെ അർത്ഥം. ആകയാൽ മേൽപ്പറഞ്ഞ ആക്ഷേപം കൊണ്ടുവന്ന "യാക്കോബായ" വൈദികൻ പ്രോട്ടസ്റ്റൻറുസിദ്ധാന്തങ്ങളുടെ പിടിയിലമർന്നിരിക്കുന്ന ഒരാളാണെന്നാണു തോന്നുന്നതു്.

അതെങ്ങനെയെങ്കിലുമായിക്കൊള്ളട്ടെ. ക. സഭയ്ക്കെതിരായുള്ള അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾക്കു സമാധാനം പറയാം. വേദപുസ്തകത്തിലുള്ളതുമാത്രം വിശ്വസിച്ചാൽ മതിയെന്നു ക്രിസ്തുവാകട്ടെ ശ്ലീഹന്മാരാകട്ടെ ആജ്ഞാപിച്ചിട്ടില്ല. പുതിയ നിയമം എഴുതപ്പെട്ടതുതന്നെ, ക്രിസ്തുവിന്റെ മരണശേഷം കുറെ കൊല്ലം കഴിഞ്ഞിട്ടാണു്. ക്രിസ്തു ശിഷ്യന്മാർക്കു നൽകിയ ആജ്ഞ സുവിശേഷം "പ്രസംഗിക്ക"വാനായിരുന്നു. (മത്തായി 28: 19; മത്തായി 10: 7; മർക്കോസ് 16: 15; ലൂക്ക 10: 16) അതനുസരിച്ചു സുവിശേഷം പ്രസംഗിക്കുകയായിരുന്നു ശിഷ്യന്മാർ ചെയ്തതു് (മർക്കോസ് 16: 20). സംഗതിവശാൽ അവരിൽ ചിലർ ഏതാനും കാര്യങ്ങൾ രേഖപ്പെടുത്തിയെന്നുമാത്രം. എന്നാൽ രേഖപ്പെടുത്തപ്പെടാതിരുന്നവയും വാഗ്രൂപേണ ലഭിച്ചവയുമായ കാര്യങ്ങൾ അഭംഗം പാലിക്കേണ്ടതു ക്രിസ്ത്യാനികളുടെ ചുമതലയാണെന്നു് വി. പൗലോസ് അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചിട്ടുണ്ടു്. "നമ്മുടെ കർത്താവായ ഈശോമിശിഹായ്ക്കു നിങ്ങൾ മഹത്വമായിരിക്കണം എന്നതിനാകുന്നുവല്ലോ ഞങ്ങളുടെ പ്രസംഗംമൂലം (ദൈവം) നിങ്ങളെ വിളിച്ചിരിക്കുന്നതു്. ആകയാൽ എന്റെ സഹോദരന്മാരേ, നിങ്ങൾ ഉറച്ചുനില്ക്കയും, ഞങ്ങളുടെ വാക്കുമൂലമോ ലേഖനംമൂലമോ നിങ്ങൾ പഠിച്ചിട്ടുള്ള പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കുകയും ചെയ്യുവിൻ." (II തെസ്സ. 2: 14, 15) താൻ വാമൊഴിയായി പഠിപ്പിച്ചവയെ ജീവിതപ്രമാണമായി സ്വീകരിക്കണമെന്നും വി. പൗലോസ് ആവർത്തിച്ചാവർത്തിച്ചുൽബോധിപ്പിക്കുന്നു. (I തിമോ. 6: 20; II തിമോ. 1: 13; II തിമോ. 2: 2) ഏവംവിധം വാഗ്രൂപേണ പരമ്പരാഗതമായി ലഭിച്ചവയും പില്ക്കാലത്തു സഭാപിതാക്കന്മാരാൽ ലേഖനം ചെയ്യപ്പെട്ടവയുമായ കാര്യങ്ങളെ ഉദ്ദേശിച്ചാണു പാരമ്പര്യോപദേശം എന്നു പറയുന്നതു്. അവയും സ്വീകരിക്കേണ്ടതാണെന്നുള്ളതിനു വേദപുസ്തകത്തിൽത്തന്നെ സ്പഷ്ടമായ തെളിവുണ്ടല്ലോ. ആ സ്ഥിതിക്കു കത്തോലിക്കാസഭയുടെ നിലപാടു് എത്ര യുക്തിയുക്തമായിരിക്കുന്നു., (വിശദവിവരങ്ങൾക്കു് 1949 സെപ്റ്റംബർ 28-ലെ ചോദ്യോത്തരപംക്തി നോക്കുക)

എന്നാൽ ശുദ്ധീകരണസ്ഥലത്തെപ്പററി പാരമ്പര്യോപദേശത്തിൽ മാത്രമല്ല വേദപുസ്തകത്തിലും പ്രകടമായ സാക്ഷ്യമുണ്ടു്. "സുവിശേഷ"ത്തിൽനിന്നുള്ള തെളിവു് അത്ര സ്പഷ്ടമല്ലെന്നുതന്നെ ഇരുന്നുകൊള്ളട്ടെ. "പരിശുദ്ധാത്മാവിനു വിരുദ്ധമായി സംസാരിക്കുന്നവനു് ഇഹലോകത്താകട്ടെ പരലോകത്താകട്ടെ പൊറുതി ലഭിക്കുകയില്ല" (മത്തായി 12: 32) എന്ന വാക്യത്തിൽ ശുദ്ധീകരണസ്ഥലത്തിന്റെ ഒരു സൂചനയുള്ളതായി സഭാപിതാക്കന്മാരും പല വേദപുസ്തകവ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ ഈ വാക്യത്തെക്കൂടാതെതന്നെ ഏററവും സ്പഷ്ടമായ തെളിവു് വേദപുസ്തകത്തിലുണ്ടു്. എല്ലാ വിശ്വാസസത്യങ്ങളും "സുവിശേഷ"ത്തിൽത്തന്നെ ഉണ്ടായിരിക്കണമെന്നു പ്രസ്തുത യാക്കോബായവൈദികൻ ശാഠ്യംപിടിക്കുകയില്ലല്ലോ. അങ്ങനെ ശാഠ്യംപിടിച്ചാൽ, പഴയനിയമത്തേയും വി. പൗലോസിന്റെ ലേഖനങ്ങൾ തുടങ്ങിയ ഇതര പുതിയനിയമഭാഗങ്ങളേയും അദ്ദേഹം തിരസ്കരിക്കുന്നുവെന്നുവരും.

ശുദ്ധീകരണസ്ഥലത്തിന്റെ അസ്തിത്വത്തിനു തെളിവായി പഴയനിയമത്തിലുള്ളതു് മക്കാബായക്കാരുടെ 2-ാം പുസ്തകം 12-ാം അദ്ധ്യായം 38 മുതൽ 46 വരെ വാക്യങ്ങളാണു്. യുദ്ധത്തിൽ മൃതിയടഞ്ഞവരുടെ പാപപരിഹാരാർത്ഥം യൂദാമക്കബേയാസ് എന്ന അവരുടെ സേനാനായകൻ 12000 വെള്ളിനാണയങ്ങൾ പിരിച്ചെടുത്തു് ബലിയർപ്പിക്കുന്നതിനായി യരുസലത്തേക്കു് അയച്ചുകൊടുത്ത സംഭവമാണു് അവിടെ വിവരിക്കപ്പെടുന്നതു്. "അപ്പോൾ അവനൊരു പിരിവെടുത്തു. 12000 വെള്ളിനാണയങ്ങൾ അവൻ ശേഖരിച്ചു്, മരിച്ചുപോയ തങ്ങളുടെ കൂട്ടുകാരുടെ പാപത്തിനുവേണ്ടി ബലിയർപ്പിക്കുവാനായി യരുസലത്തേക്കയച്ചു. ആ ചെയ്തതു നല്ലതും ഭക്തിപരവുമായ ഒന്നായിരുന്നില്ലേ? പുനരുത്ഥാനചിന്ത മനസ്സിൽ സദാ നിലനിർത്തിയിരുന്ന ഒരാളായിരുന്നു അവൻ. ഒരിക്കൽ നിലംപതിച്ച ഇവർ പിന്നെ ഉത്ഥാനം ചെയ്കയില്ലെങ്കിൽ അവൻ ചെയ്തതു്, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നതു്, മിഥ്യയും ഭോഷത്തവുമായിരുന്നേനെ. ഇവർ നല്ലയൊരന്ത്യം പ്രാപിച്ചിരുന്നു. സമൃദ്ധമായ ഒരു സമ്മാനം അവരെ പ്രതീക്ഷിച്ചിരുന്നെന്നു് അവനു സംശയിക്കാമായിരുന്നോ? മരിച്ചവർക്കുവേണ്ടി അവരുടെ പാപപരിഹാരാർത്ഥം പ്രാർത്ഥിക്കുകയെന്നതു വിശുദ്ധവും രക്ഷാകരവുമായ ഒരു ചിന്തയാകുന്നു."

മരിച്ചവർക്കുവേണ്ടി ബലിയർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതു നല്ലതാണെന്നു് ഉദ്ധൃതവാക്യങ്ങളിൽനിന്നു വ്യക്തമാണു്. ആർക്കാണു് അത്തരം കൃത്യങ്ങൾ പ്രയോജനപ്പെടുക? സകല പരിഹാരക്കടങ്ങളും തീർത്തു പരിപൂർണ്ണവിശുദ്ധിയിൽ മരിച്ചവർക്കു് അവ ആവശ്യമില്ല. (പ്രകൃതത്തിൽ ഗൗരവമല്ലെങ്കിലും ആക്ഷേപാർഹങ്ങളായ ചില കാര്യങ്ങൾചെയ്ത യോദ്ധാക്കൾക്കുവേണ്ടിയാണു ബലിയർപ്പിക്കുന്നതെന്നു സന്ദർഭം വിശദമാക്കുന്നുണ്ടു്.) ഗൗരവപാപത്തോടുകൂടി മൃതിയടഞ്ഞു് നിത്യശിക്ഷയ്ക്കു് അധീനരാകുന്നവരെ സംബന്ധിച്ചിടത്തോളം ബലിയും പ്രാർത്ഥനയും കൊണ്ടു് യാതൊരു പ്രയോജനവുമില്ല. ആകയാൽ പരിഹാരക്കടം മുഴുവൻ തീർക്കാതെയോ ലഘുവായ പാപങ്ങളോടുകൂടിയോ മൃതിയടയുന്നവർക്കുമാത്രമാണു അവ പ്രയോജനപ്പെടുക. ആ അവസ്ഥയിൽ ചിലരുണ്ടെന്നാണു മേലുദ്ധരിച്ച വാക്യങ്ങൾ തെളിയിക്കുന്നതു്. അവരുടെ ശിക്ഷാസ്ഥലമാണു ശുദ്ധീകരണസ്ഥലം എന്നു വിളിക്കപ്പെടുന്നതു്. I കൊറി. 3: 11—15 ഈ വാക്യങ്ങളും ഇതിനു് ഉപോൽബലകമായി ഉദ്ധരിക്കപ്പെടാറുണ്ടു്. മക്കാബായക്കാരുടെ ഗ്രന്ഥത്തിൽനിന്നുള്ള സാക്ഷ്യം പ്രസ്പഷ്ടമാകയാൽ ആ ഗ്രന്ഥത്തിന്റെ കാനോനികത്വംതന്നെ നിഷേധിക്കുവാൻ ലൂഥർപ്രഭൃതികൾ മുതിർന്നകാര്യം പ്രസ്താവ്യമാണു്.

പിതാക്കന്മാരുടെ വാക്യങ്ങൾ, ഭൂഗർഭാലയങ്ങളിലെ രേഖകൾ, ശവസംസ്കാരവേളകളിലെ പ്രാർത്ഥനകൾ, ചരമവാർഷികാഘോഷങ്ങൾ തുടങ്ങി പുരാതനപാരമ്പര്യത്തിൽനിന്നുള്ള തെളിവുകൾ വിസ്തരഭയത്താൽ വിട്ടുകളയുന്നു.

യാക്കോബായക്കാരും ശവസംസ്കാരകർമ്മത്തിലും കുർബാനയിലും മററും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടു്. അതിൽനിന്നു് അവരും ശുദ്ധീകരണസ്ഥലത്തിൽ വിശ്വസിക്കുന്നുണ്ടെന്നല്ലേ അനുമാനിക്കേണ്ടതു്? (കേരളത്തിലെ ക്രൈസ്തവസഭകൾ. പേജ് 120 നോക്കുക)

പ്രസ്തുത യാക്കോബായ വൈദികൻ മരണാനന്തരമുള്ള ആത്മാവിന്റെ സ്ഥിതിയെപ്പററി മറെറാരു ചോദ്യംകൂടി ഉന്നയിച്ചിട്ടുണ്ടു്. അതിനുള്ള മറുപടി അടുത്തതിൽ.

—

## സംഭവകഥകൾ

### കൃത്യനിഷ്ഠ

കൃത്യനിഷ്ഠ പാലിക്കാത്തവരോടു യാതൊരു വിട്ടുവീഴ്ചയും ചെയ്യാതിരുന്ന ഒരാളാണു ജോർജ് വാഷിംഗ്ടൺ. ഒരിക്കൽ താമസിച്ചുവന്ന ഒരു സെക്രട്ടറി, അതിനു നൽകിയ കാരണം തന്റെ വാച്ചു പിന്നിലായിരുന്നു എന്നതത്രെ. അപ്പോൾ വാഷിംഗ്ടൺ ഇപ്രകാരം പ്രസ്താവിച്ചു: 'ഒന്നുകിൽ നിങ്ങളൊരു പുതിയ വാച്ചു വാങ്ങിക്കണം; അല്ലാത്തപക്ഷം, ഞാനൊരു പുതിയ സെക്രട്ടറിയെ നിയമിക്കണം."

### ഘാതകർക്കു വേണ്ടി പ്രാർത്ഥിച്ചശേഷം മരിച്ചു

1951 നവംബർ മാസത്തിൽ "വി. ഫ്രാൻസിസിന്റെ ദരിദ്രസഹോദരരുടെ" സുപ്പീരിയർ ജനറലായിരുന്ന റവ. ബ്രദർ സലേസ്യസ് ക്ലൈൻ ന്യൂജെഴ്സിയിലെ ഒരാസ്പത്രിയിൽവച്ചു നിര്യാതനായി. അദ്ദേഹത്തിൽനിന്നും 10 ഡോളർ അപഹരിക്കുന്നതിനുവേണ്ടി കൊള്ളക്കാർ ചെയ്ത കുട്ടക്കൊലയാണു മരണത്തിനു കാരണം. അവരുടെ ആക്രമണത്തിനുശേഷംബ്ര. ക്ലൈൻഹൊബോക്കെനിലെ സ്വവസതിയിൽ മടങ്ങിച്ചെന്നെങ്കിലും അക്കാര്യത്തെപ്പററി ആരോടും ഒരക്ഷരം മിണ്ടിയില്ല. അന്നു വൈകുന്നേരം ന്യൂജെഴ്സിയിലെ സെൻ ഫ്രാൻസിസ് ആസ്പത്രിയിൽ എന്തോ കാര്യംപ്രമാണിച്ചു ചെല്ലേണ്ടിവന്നു. താമസംവിനാ അദ്ദേഹം ബോധരഹിതനായി. പിന്നീടു് ബോധംവീണപ്പോൾ മനസ്സില്ലാമനസ്സോടെയാണു് അക്രമികളെക്കുറിച്ചു പോലീസുകാരോടു സംസാരിച്ചതു്. അവരെ ശിക്ഷിക്കാൻ ഇടവരുത്തരുതെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് അദ്ദേഹം തുടർന്നു: "അവർക്കു് ആ പണം അത്യാവശ്യമായിരുന്നിരിക്കും." രാത്രി മുഴുവൻ ആ സ്നേഹസമ്പന്നൻ അവർക്കായി പ്രാർത്ഥിച്ചു. ആ സ്ഥിതിയിൽ വീണ്ടും ബോധരഹിതനാകയും കുറച്ചുകഴിഞ്ഞു ഇഹലോകവാസം വെടിയുകയുംചെയ്തു.

### "എല്ലാവരുടേയും വള്ളം"

അമേരിക്കയിലെ "ഇൻഡ്യൻ" എന്നു വിളിക്കപ്പെടുന്ന ഒരാദിവാസി ഒരു വലിയ തടിയിൽനിന്നും ഒരു വള്ളം കുഴിച്ചെടുക്കുകയായിരുന്നു. അതുകണ്ട ഒരു വെള്ളക്കാരൻ പറഞ്ഞു: "എടോ അതിനു വീതി കുറെ കൂടിപ്പോയെന്നു തോന്നുന്നു." ഇൻഡ്യൻ വീതി കുറച്ചു. അപ്പോൾ വേറൊരാൾ: "അമരത്തിന്റെ പൊക്കം കുറെ വെട്ടിക്കുറയ്ക്കണം." അതും അയാൾ അനുസരിച്ചു. വീണ്ടും മൂന്നാമതൊരാൾ: "അതിന്റെ മുൻഭാഗം ശരിയായിട്ടില്ല." അവിടവും വ്യത്യാസപ്പെടുത്തി. എന്നിട്ടു് വള്ളം നദിയിലിറക്കിയപ്പോഴല്ലേ, അതു ഓടിക്കാൻസാധിക്കുന്നില്ല. ആകയാൽ ആ മനുഷ്യൻ പ്രയാസപ്പെട്ടു് അതു കരയ്ക്കുകയററിവച്ചു്, വേറൊരു തടിയിന്മേൽ പണിതുടങ്ങി,ഒരു പുതിയ വള്ളം നിർമ്മിക്കുവാൻ. അപ്പോഴേക്കും വന്നു ഓരോരോ ഒഴിയാബാധകൾ ഓരോരോ അഭിപ്രായങ്ങളുമായി. ഇപ്രാവശ്യം ഇൻഡ്യൻ ചുട്ട മറുപടി കൊടുത്തു അവർക്കെല്ലാം: "ഓ, ആ കിടക്കുന്ന വള്ളമുണ്ടല്ലോ. അതാണു് എല്ലാവരുടേയും വള്ളമായിരിക്കുന്നതു്. ഇതെന്റെവള്ളമാണു്. ഇതിന്റെ കാര്യം ഞാൻ തന്നെ നോക്കിക്കൊള്ളാം."— അവരവരുടെ പ്രവൃത്തികളുടെ വരുംവരായ്കകളെപ്പററി അവരവർ തന്നെ ശ്രദ്ധിക്കണമെന്നു സാരം.

Reg. M. No. 2293

# Sathya Deepam

Vol. 27 | Ernakulam October 7, 1953 | No. 8

## വിവിധവൃത്താന്തങ്ങൾ

### ചൈനായിലെ വിദേശമിഷനറിമാർ

കമ്മ്യൂണിസ്റ്റുപിടിയിൽ ചൈനാ അമരുന്നതിനുമുമ്പു് അവിടെ അയ്യായിരത്തി എഴുന്നൂറു കത്തോലിക്കാ വിദേശമിഷനറിമാരുണ്ടായിരുന്നു. ഈയാണ്ടാരംഭത്തിൽ അതിൽ 594 മാത്രമാണു ശേഷിച്ചിരുന്നതു്. അതിൽത്തന്നെയും ഒരു നല്ലപങ്കു് ഇതിനകം തടങ്കൽപ്പാളയങ്ങളിൽ കിടന്നു അന്തരിക്കയോ, രാജ്യത്തുനിന്നു ബഹിഷ്കൃതരാവുകയോ ചെയ്തിട്ടുണ്ടു്.

### തൊഴിലാളിവൈദികനു് പ്രസിഡണ്ടിൻെറ സംഭാവന

തെക്കേ അമേരിക്കയിലെ അർജൻറീനാ സംസ്ഥാനത്തു ഒരു തൊഴിലാളിയായിരുന്ന അൽഫോൻസോ പറാച്ചിയാ എന്നയാൾ ഈയിടെ ഗുരുപ്പട്ടം സ്വീകരിച്ചിരിക്കുന്നു. അവിടത്തെ പ്രസിഡന്റായ പേറോൻ എന്ന വിശ്രുത കത്തോലിക്കാഭരണതന്ത്രജ്ഞൻ തദവസരത്തിൽ നവപുരോഹിതനു് സ്വർണ്ണനിർമ്മിതമായ ഒരു ക്രൂശുരൂപം സംഭാവന ചെയ്യുകയുണ്ടായി.

### യൂറോപ്യൻ രാജകുടുംബാംഗങ്ങൾ അമേരിക്കയിൽവച്ചു വിവാഹം

രാജ്യഭ്രഷ്ടനായി 1923-ൽ ചരമമടഞ്ഞ ഓസ്ട്രിയായിലെ ചാൾസ് പ്രഥമൻ ചക്രവർത്തിയുടെ കനിഷ്ഠപുത്രനായ ആർച്ച്ഡ്യൂക്ക് റുഡോൾഫ് ഇപ്പോൾ ന്യൂയോർക്കിലാണു താമസം. കവിബെക്കിലെ ലവാൽ യൂണിവേഴ്സിറ്റിയിൽ പഠിച്ചു ഡിഗ്രിയെടുത്തിട്ടുള്ള ഈ രാജകുമാരൻ ഒരു ന്യൂയോർക്കു് ബാങ്കിൻെറ പ്രവർത്തനസമിതിയിൽ ചേർന്നു കാലയാപനം നടത്തിവരികയാണു്. റഷ്യൻ സാർ കുടുംബത്തിൽപ്പെട്ട ഒരു കുമാരിയെ ന്യൂയോർക്കിലെ മൗണ്ടു്കാർമ്മൽ പള്ളിയിൽവച്ചു് ഈയിടെ ഇദ്ദേഹം വിവാഹം കഴിച്ചിരിക്കുന്നു. വധുവിൻെറ മാതാപിതാക്കന്മാരും ന്യൂയോർക്കിലാണു് താമസം. പുത്രി അവിടത്തെ സ്മിത്തുകോളെജിൽ അദ്ധ്യയനം നടത്തിവരികയായിരുന്നു. രാജ്യവും സ്ഥാനവും നഷ്ടപ്പെട്ടുകഴിയുന്ന ഒരുനൂറോളം രാജകുമാരന്മാരും കുമാരികളും വിവാഹാഘോഷത്തിൽ പങ്കെടുക്കുകയുണ്ടായി. ബിഷപ്പു് ഫൾട്ടൻ ഷീനാണു് വിവാഹകർമ്മം നടത്തിക്കൊടുത്തതു്.

### ചില്ലിരാജ്യത്തേക്കു് പുതിയ പേപ്പൽ നൺഷ്യോ

വത്തിക്കാൻ ക്യൂറിയായിൽപ്പെട്ട മോൺസീഞ്ഞോർ സെബസ്ത്യാനോ ബാഗ്ഗിയോ എന്ന ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിച്ചു് ചില്ലിയിലേ പുതിയ പേപ്പൽ നൺഷ്യോയായി അയച്ചിരിക്കുന്നു. കോൺസിസ്റ്റോറിയൽ കോൺഗ്രിഗേഷൻെറ അസ്സെസ്സറായിരുന്നു ഇദ്ദേഹം. പ്രസ്തുത തിരുസംഘത്തിൻെറ ഒരു പ്രധാനജോലി- കുടിയേററക്കാരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിൽ ശ്രദ്ധപതിക്കയെന്നുള്ളതാണു്. യൂറോപ്പിലും അമേരിക്കയിലും ഇക്കാര്യം ഇന്നു സർവ്വശ്രദ്ധയും അർഹിക്കുന്ന ഒരു വിഷയമായിത്തീർന്നിരിക്കയാണല്ലൊ.

### ഇന്നത്തെ കൊറിയാ സന്ദർശകൻെറ വിവരണം

മെയ്നൂത്തു് മിഷനറിമാരുടെ സുപ്പീരിയർ ജനറാളായ ഫാദർ തിമോത്തി കൊന്നോളി കൊറിയൻ രംഗങ്ങളിൽ ദീർഘമായ ഒരു സന്ദർശനപര്യടനം നടത്തിയശേഷം തിരികെയെത്തിയപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ചില വിവരങ്ങളാണിവ: "കൊറിയൻ ജനസഞ്ചയത്തിനിടയ്ക്കു് മതപരമായ വലിയ ഒരുണർവുകാണ്മാനുണ്ടു്. യുദ്ധംമൂലം ആവിർഭവിച്ച കഷ്ടപ്പാടുകളുടെ ഒരു ഫലമാണിതു്. മിഷനറിമാരും ഇക്കാര്യത്തിൽ അനല്പമായ ശുഭാപ്തിവിശ്വാസം പ്രദർശിപ്പിക്കുന്നുണ്ടു്. പക്ഷേ അവർക്കു് വേണ്ടത്ര ആൾസഹായവും പണസഹായവും ലഭിക്കുന്നില്ലെന്നുള്ള ആവലാതിയേയുള്ളു. ഫാദർ തോമസ് കോമെർഫോർഡ് എന്നൊരു മിഷനറി ഒരുദിവസം ഉച്ചകഴിഞ്ഞു മൂന്നുമണിക്കു് അന്ത്യകൂദാശകൾ കൊടുക്കാനായി പുറപ്പെട്ടിട്ടു്, പിറേറദിവസം കാലത്തു രണ്ടുമണിവരെ തുടർച്ചയായി ജോലിചെയ്യേണ്ടിവന്നതു ഞാൻതന്നെ ദർശിച്ചതാണു്. ഇത്തരം സംഭവങ്ങൾ ഒട്ടും ചുരുക്കമല്ലെന്നു് അറിയാൻ കഴിഞ്ഞു. മെയ്നൂത്തു മിഷനറിമാർ ഇപ്പോൾ ഇവിടെ 28 പേരുണ്ടു്. 6 പേരെക്കൂടി പുതുതായി അയച്ചിട്ടുമുണ്ടു്. 1945-നുശേഷം 38-ാം പാരലലിനപ്പുറത്തു് ഇപ്പോൾ ഒരു മിഷനറി ആദ്യമായി കടന്നിട്ടുണ്ടു്. കൊളംബൻ മിഷനറിമാരുടെ കചാഞ്ചുവിലെ പ്രീഫെക്ച്ചറിൽ 1934-ൽ ഉണ്ടായിരുന്നതിൻെറ നാലിരട്ടി കത്തോലിക്കർ ഇപ്പോഴുണ്ടു്. യുദ്ധത്തിൻെറ നഷ്ടശിഷ്ടങ്ങളായി ഞാൻ ദർശിച്ചിട്ടുള്ള മറേറതൊരു നഗരത്തേയുംകാൾ ദയനീയമാണു് സീയോളിൻെറ സ്ഥിതി. ചൺക്ചോൺ പ്രീഫെക്ച്ചറിൽ 100 മൈൽ ജീപ്പുയാത്ര കഴിച്ചപ്പോൾ കണ്ട സകല നഗരങ്ങളും ഗ്രാമങ്ങളും തകർന്നുതരിപ്പണമായിക്കിടക്കുന്നു. കൂട്ടുകാർ പറഞ്ഞു ധരിപ്പിച്ചില്ലെങ്കിൽ അവിടെ മുമ്പു് പട്ടണങ്ങളുണ്ടായിരുന്നുവെന്നു മനസ്സിലാക്കാൻ സാദ്ധ്യമല്ലായിരുന്നു......"

### മദ്ധ്യസ്ഥിതന്മാരായ മഹമ്മദീയ ജനത

ബിഷപ്പു് ഫൾട്ടൻ ഷീൻ, റോമിലെ പ്രൊപ്പഗാന്ത കോളെജിലുള്ള വിവിധരാജ്യക്കാരായ വിദ്യാർത്ഥികളോടായി ചെയ്ത പ്രസംഗമദ്ധ്യേ പ്രസ്താവിച്ചതായതു്: "മഹമ്മദീയജനത ഇന്നു റഷ്യയെപ്പോലെയും പാശ്ചാത്യരാജ്യങ്ങളെപ്പോലെയുമുള്ള പ്രാധാന്യം അർഹിക്കുന്നുണ്ടു്. ദൈവപക്ഷക്കാരായ പാശ്ചാത്യരുടെയും ദൈവവിരുദ്ധപക്ഷക്കാരായ കമ്മ്യൂണിസ്റ്റുകാരുടെയും മദ്ധ്യേ ബാലൻസുപിടിക്കുന്ന ഒരുശക്തിയായിട്ടാണു് ഇപ്പോൾ മഹമ്മദീയർ നിലകൊള്ളുന്നതു്. മഹമ്മദീയരുടെ മാനസാന്തരം ദുഷ്കരമാണു്, സംശയമില്ല. എന്നാൽ അസാദ്ധ്യമല്ല. പരിശുദ്ധ ദൈവജനനിയെ നാം ശരണം ഗമിക്കണം. കൊറാനിലെ 19-ാം അദ്ധ്യായത്തിൽ ഈ അമ്മയെപ്പററി 41 വാക്യങ്ങൾ ഉണ്ടെന്നുള്ളതു നാം വിസ്മരിക്കരുതു്."

### ന്യൂമൻ കുടുംബത്തെപ്പററി ചില വിവരങ്ങൾ

കാർഡിനൽ ന്യൂമൻെറ കുടുംബവിവരങ്ങളടങ്ങിയ ഒരു മനോഹരഗ്രന്ഥം ഈയിടെ പുറത്തുവന്നിട്ടുണ്ടു്. അതിൽ ഒരിടത്തു പറയുന്നു: വാട്ടർലൂ യുദ്ധം കഴിഞ്ഞതോടെ അദ്ദേഹത്തിൻെറ പിതാവിൻെറ ബാങ്കു തകർന്നു. മറെറാരുകാലത്തു മുണ്ടായിട്ടില്ലാത്തവണ്ണം അത്രയധികം ബാങ്കുകൾ അക്കൊല്ലം പാപ്പരായി. കടശിക്കാശുവരെ കൊടുത്തുതീർക്കാൻതന്നെ അദ്ദേഹത്തിൻെറ പിതാവു തീർച്ചപ്പെടുത്തി. പട്ടണത്തിലുണ്ടായിരുന്ന അവരുടെ വീടുവിററു. നാട്ടിൻപുറത്തെ ഭവനം വാടകയ്ക്കുകൊടുത്തു. ഒരു ചെറിയ കുടിലിലേക്കു് അവർ മാറിപ്പാർത്തു. എങ്കിലും ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തിനു ഇതുകൊണ്ടൊന്നും ലവലേശം ഭംഗം നേരിട്ടില്ല. പിതാവു് ഒരു ഷാപ്പിൽ ജോലി സ്വീകരിച്ചു. അവസാന പെനിവരെ കടങ്ങളെല്ലാം അദ്ദേഹം കൊടുത്തുതീർക്കുകതന്നെ ചെയ്തു.

### പാക്കിസ്ഥാനിലും മത്സ്യവ്യവസായകേന്ദ്രം

കറാച്ചിനഗരം പാക്കിസ്ഥാനിലെ ഒരു വലിയ മത്സ്യവ്യവസായകേന്ദ്രമാണു്. എന്നാൽ പഴയ മാമൂലനുസരിച്ചുള്ള സമ്പ്രദായങ്ങളാണു് ഇന്നും അവിടെ പ്രയോഗിച്ചുവരുന്നതു്. അമേരിക്കയുടെ സഹായത്തോടുകൂടി കറാച്ചി തുറമുഖം ആധുനികരീതിയിലുള്ള ഒരു മത്സ്യവ്യവസായകേന്ദ്രമായി രൂപാന്തരപ്പെടുത്തുന്നതിലേക്കു വിപുലമായ ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. മീൻപിടുത്തത്തിനുള്ള 350 നവീനതരം ബോട്ടുകൾക്കു് അവിടെ സ്ഥാനമുണ്ടായിരിക്കും. ബോട്ടുകൾ പണിയുന്നതിനും, കയററിവച്ചു കേടുപോക്കുന്നതിനും മററുമുള്ള സകല സജ്ജീകരണങ്ങളും അവിടെ ഉണ്ടായിരിക്കും. വലകൾ ഉണക്കുന്നതിനും കേടുപോക്കിയെടുക്കുന്നതിനും പ്രത്യേക സ്ഥാനങ്ങൾ ഉണ്ടു്. മത്സ്യം പാകപ്പെടുത്തി വില്പനയ്ക്കു തയാറാക്കുന്ന ഫാക്ടറികൾ നവീനരീതിയിൽ നടത്തപ്പെടും. മത്സ്യവ്യവസായം സംബന്ധിച്ച ഗവേഷണങ്ങൾക്കും പഠനങ്ങൾക്കുമായിട്ടുള്ള ശാലകൾക്കു പുറമേ മത്സ്യത്തൊഴിലാളികൾക്കായി ഒരു വിശ്രമകേന്ദ്രവും രൂപവൽക്കരിക്കുന്നതാണു്.

### ശിശുമരണസംഖ്യ പൊതുവിൽ കുറഞ്ഞുവരുന്നു

അഖിലലോക ആരോഗ്യസംഘടനയുടെ ഒരു റിപ്പോർട്ടനുസരിച്ചു ലോകമൊട്ടുക്കുള്ള ശിശുമരണത്തിൻെറ സംഖ്യ ഗണ്യമായി കുറഞ്ഞുവരുന്നതായി കാണുന്നു. 1950 മുതൽ 1952 വരെയുള്ള കൊല്ലങ്ങളിൽ 44 രാജ്യങ്ങളിലെ കണക്കു് അവർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. നൂറിനു രണ്ടു മുതൽ പതിനാറുവരെയുള്ള കുറവു പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി പറയപ്പെടുന്നു. പ്രസ്തുത സംഘടനയുടെ നിരന്തരമായ പ്രചാരണജോലികൾ ഇതിലേക്കു് ഏറെക്കുറെ സഹായകമായിട്ടുണ്ടു്.

### സുവിശേഷഗ്രന്ഥങ്ങൾ കിരീടധാരണസമ്മാനം

ദക്ഷിണ ഓസ്ട്രേലിയായിലെ കത്തോലിക്കാവിദ്യാർത്ഥികൾക്കു എലിസബത്തു രാജ്ഞിയുടെ കിരീടധാരണമഹം പ്രമാണിച്ചു് ഗവർമ്മെൻറുവകയായി ഓരോ സമ്മാനം നൽകപ്പെട്ടിരിക്കുന്നു. മോൺസീഞ്ഞോർ റൊനാൾഡ് നോക്സു് നവമായി ഭാഷാന്തരം ചെയ്തിട്ടുള്ള നാലു സുവിശേഷങ്ങളും ചേർന്നുള്ള വിശിഷ്ടഗ്രന്ഥത്തിൻെറ ഒരു വിശേഷാൽപ്പതിപ്പു് ഇതിലേക്കു തയാർചെയ്തു്, അതിൻെറ ഓരോ കോപ്പി ഓരോ വിദ്യാർത്ഥിക്കും സംഭാവനചെയ്കയാണു ചെയ്തതു്. അകത്തോലിക്കാ കുട്ടികൾക്കു വേറെ സമ്മാനങ്ങളാണു നൽകപ്പെട്ടതു്. അവിടത്തെ ഒരു പ്രമുഖപത്രമായ "ദി സതേൺ ക്രോസ്" ഇതേപ്പററി റിപ്പോർട്ടുചെയ്കയിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: ഇത്ര മനോഹരവും പ്രായോഗികവുമായ ഒരു പാരിതോഷികം കിരീടധാരണം പ്രമാണിച്ചു നമ്മുടെ കുട്ടികൾക്കു നൽകാൻ തീർച്ചപ്പെടുത്തിയതിനെക്കുറിച്ചു് അതിനു ചുമതലപ്പെട്ടവരെയെല്ലാം എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുന്നതല്ല.

### സമാധാനപ്രാർത്ഥനയ്ക്കു പലസ്തീനായിൽ

ഇൻഡോ ചൈനായിൽ സമാധാനമുണ്ടാകുന്നതിനു വേണ്ടി പ്രാർത്ഥിക്കുന്നതിലേക്കു് അവിടത്തെ മുൻപ്രധാനമന്ത്രിയായിരുന്ന ട്രാൻവാൻഹു പലസ്തീനായിൽ എത്തിയിരിക്കുന്നു. ഓർശ്ലത്തുനിന്നു മടങ്ങുകയിൽ ഒരു പ്രസ്താവനമദ്ധ്യേ അദ്ദേഹം പറഞ്ഞു: "ഞാൻ ഒരു കത്തോലിക്കനല്ല, ഒരു ക്രിസ്ത്യാനിയുമല്ല. ഒരു മതവുമില്ലാത്തവനാണെന്നു പറയാം. എങ്കിലും ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നവനാണു്. പല മതങ്ങളുടെയും ജന്മസ്ഥാനമായ ഇവിടത്തെ വിശുദ്ധസ്ഥലങ്ങൾ സന്ദർശിക്കുന്നതിനു ഞാൻ വന്നതു്, എൻെറ രാജ്യത്തിനുവേണ്ടിയും സമാധാനത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നതിനാണു്. കാൽവരിയിലെ ഓരോ പീഡാനുഭവസ്ഥാനത്തും ഞാൻ ധ്യാനിക്കയും, ഇൻഡോചൈനായിൽ ശാന്തി കൈവരുത്തുന്നതിനു ദൈവത്തോടു ഞാൻ പ്രാർത്ഥിക്കയും ചെയ്തു......"

### കാർഡിനൽ ഗിൽറോയി ഏഷ്യൻ രാജ്യങ്ങളെപ്പററി

ഓസ്ട്രേലിയൻ കാർഡിനൽ തൻെറ ജനങ്ങളോടുള്ള ഒരുൽബോധനത്തിൽ പറഞ്ഞു: ഇൻഡ്യാ, ഫിലിപ്പൈൻസ് ആദിയായ ഏഷ്യൻരാജ്യങ്ങളിലെ ജനസംഖ്യ വളരെ വിപുലമാണു്. ഭക്ഷ്യസാധനങ്ങളും വസ്ത്രധാരണവിഭവങ്ങളുമാണു് അവർക്കു പോരാതിരിക്കുന്നതു്. ഓസ്ട്രേലിയാക്കാരായ നാം വിചാരിച്ചാൽ ഇവരണ്ടും ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കും. അവർ നമ്മുടെ അയൽരാജ്യങ്ങളല്ലയോ? അവരുടെ അത്യാവശ്യനേരത്തു നാമല്ലയോ അവരെ സഹായിക്കേണ്ടതു? മനസ്സാലെ നാം കൊടുക്കാത്തപക്ഷം ബലമായി അവർ എടുത്തുകൊണ്ടുപോയെന്നു വന്നേക്കുമെന്നും നാം ഓർത്തിരിക്കേണ്ടതാകുന്നു.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

